Phone No. 2972

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.

വാല്യം 5 | ആഗസ്റ്റ് 1953 | ലക്കം 8

## വിഷയവിവരം

*

പുറം

1. പത്രാധിപവീഥി .... 1
സെക്കൻഡറി വിദ്യാഭ്യാസം .... ....
സംഘംവാർഷികപൊതുയോഗം ....
2. നിഘണ്ടുനിർമ്മാണം .... .... 5
വെൺകുളം പരമേശ്വരൻ
3. വേലിക്കു വെളിയിൽ ... .... 10
മാടശ്ശേരി മാധവവാരിയർ
4. മൂന്നുതരം ഇൻഡ്യാക്കാർ .... .... 14
ഡാക്ടർ കെ. രാഘവൻപിള്ള
5. ഗ്രന്ഥസമ്പാദനം .... .... 18
മേടയിൽ എം. പി. അപ്പൻ
6. എം. പി. പോൾ .... .... 20
പനമ്പിള്ളി ഗോവിന്ദമേനോൻ
7. നല്ലവെള്ളം—അതെങ്ങനെ ഉണ്ടാക്കാം? .... 24
പി. ജി. നീലകണ്ഠപ്പിള്ള
8. ഗ്രന്ഥനിരീക്ഷണം .... .... 28
i ആധുനികസാഹിത്യം— പി. ദാമോദരൻപിള്ള
ii മനുഷ്യാലയചന്ദ്രിക—വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
iii വിചാരതരംഗിണി— എം. ആർ. ബാലകൃഷ്ണവാര്യർ
iv രണ്ടു വിശേഷാൽപ്രതികൾ— പി. അനന്തൻപിള്ള
v ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരണങ്ങൾ
ബി. പത്മനാഭപിള്ള
9. തിരു-കൊച്ചി ഗ്രന്ഥശാലാസംഘം .... 40
10. ഗ്രന്ഥശാലാവാർത്തകൾ .... .... 42



ഗ്രന്ഥാലോകം

വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.

ഒറ്റപ്രതി അണ 8.

# തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എം. ഏ., ബി. എൽ.
വൈസ്പ്രസിഡൻറ്: 1. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.
ടി 2. ശ്രീ. ഏ. അച്ചുതൻ ബി. ഏ. ബി. എൽ., എം. എൽ. ഏ.

ശ്രീ. പി. എൻ. പണിക്കർ
(ജനറൽ സെക്രട്ടറി)

,, എം. എം. ജാൺ
ബി. ഏ; എം. എസ്സ്സി. (ട്രഷറർ)

,, സി. ശങ്കർ എം. എൽ. ഏ.

,, കെ. ചന്ദ്രശേഖരൻനായർ
(പ്ര: സ: അംഗം)

,, വേളി. കെ. കൃഷ്ണൻനായർ ബി. ഏ.

,, ഡി. കൃഷ്ണൻപോററി ബി. ഏ.

,, കെ. ജനാർദ്ദനക്കുറുപ്പ്

,, സി. കെ. മാണി ബി. ഏ., ബി. എൽ.

,, എൻ. പി. വർഗ്ഗീസ്
ബി. ഏ., ബി. എൽ., എം. എൽ. ഏ.
(പ്ര: സ: അംഗം)

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി.
(ജോയിൻറ് സെക്രട്ടറി)

,, വെട്ടൂർ രാമൻനായർ (പ്ര: സ: അംഗം)

,, സി. ഈ. സൈമൺ ബി. ഏ.

,, പി. വി. കൃഷ്ണൻനായർ എം. ഏ.

,, വി. ആർ. കൃഷ്ണനെഴുത്തച്ഛൻ
ബി. ഏ. ബി. എൽ., എം. എൽ. ഏ.

,, ഡാ: പി. കെ. നാരായണപിള്ള
എം. ഏ. പി. എച്ച്ഡി.

,, പ്രൊഫ: ജോസഫ് മുണ്ടശ്ശേരി എം. ഏ.

,, കെ. ആർ. വാസുദേവൻ നമ്പൂതിരിപ്പാട്
ബി. ഏ.

,, എസ്. ഗുപ്തൻനായർ എം. ഏ.

---


# ഗ്രന്ഥാലോകം വാർഷികപ്പതിപ്പ്

## 1954 ജനുവരി 26-ാംനു- റിപ്പബ്ലിക്ക്ദിനം പ്രമാണിച്ച് പ്രസിദ്ധം ചെയ്യുന്നു!

**പരസ്യങ്ങൾക്കു പററിയ പംക്തികൾ!!**

നിരക്കുകൾക്കും മററു വിവരങ്ങൾക്കും എഴുതുക.

മാനേജിംഗ് എഡിററർ—ഗ്രന്ഥാലോകം തിരുവനന്തപുരം—4.

# ഗ്രന്ഥാലോകം

മാനേജിംഗ് എഡിററർ: പി. ശ്രീധരൻപിള്ള.

വാല്യം 5 | ആഗസ്റ്റ് 1953 | ലക്കം 8


## പത്രാധിപവീഥി

### 1. സെക്കൻഡറി വിദ്യാഭ്യാസം

മദ്രാസ് സവ്കലാശാലാ വൈസ്ചാൻസലർ ഡാ. ലക്ഷ്മണസ്വാമി മുതലിയാരുടെ അദ്ധ്യക്ഷതയിൽ സുമാർ ഒരുകൊല്ലംമുമ്പ് ഇന്ത്യാഗവണ്മെൻറ് ഒരു കമ്മിഷനെ നിയമിച്ചു. നാട്ടിലെ സെക്കൻഡറി വിദ്യാഭ്യാസത്തിൻെറ തത്കാലനില, പരിഷ്കരണസാദ്ധ്യതകൾ, ഐകരൂപ്യം വരുത്തുവാനുള്ള മാർഗ്ഗങ്ങൾ എന്നിവ ആരാഞ്ഞ് ഒരു റിപ്പോർട്ട സമർപ്പിക്കുക എന്നതായിരുന്ന ഈ കമ്മിഷൻെറ ഉദ്ദേശം. കഴിഞ്ഞ പത്തുമാസത്തിനുള്ളിൽ പ്രസ്തുത കമ്മിഷൻ ഇൻഡ്യ ഒട്ടാകെ സഞ്ചരിച്ചു തെളിവുകൾ ശേഖരിച്ചു. അവയുടെ അടിസ്ഥാനത്തിൽ അവർ എത്തിച്ചേർന്ന നിഗമനങ്ങളും ശുപാർശകളും ക്രോഡീകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഒരാഴ്ചയ്ക്കുമുമ്പ് പാർലമെൻറിൻെറ പര്യാലോചനയ്ക്കു സമർപ്പിക്കപ്പെട്ടു.

നാട്ടിലെ വിദ്യാഭ്യാസപരമായ പ്രവത്തനങ്ങളുടെ ശ്രേണിയിൽ മാമ്മികമായ ഒരു സ്ഥാനമാണ് സെക്കൻഡറി വിദ്യാഭ്യാസത്തിനുള്ളതു്. എന്തെന്നാൽ സെക്കൻഡറി വിദ്യാഭ്യാസം സിദ്ധിച്ചവരെക്കൊണ്ടുവേണം, പ്രൈമറി വിദ്യാഭ്യാസവും കോളേജ് വിദ്യാസവും പ്രവത്തനക്ഷമമായിത്തീരുവാൻ. കോളേജ് വിദ്യാഭ്യാസത്തിനു പഠിതാക്കളായും, പ്രൈമറി വിദ്യാഭ്യാസത്തിനു ശിക്ഷകന്മാരായും ലഭിക്കേണ്ടതു് സെക്കൻഡറി വിദ്യാഭ്യാസം സിദ്ധിച്ചവരിൽ നിന്നുമാകണമല്ലോ. ആകയാൽ അത്തരം വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം വളരെ അധികമാണെന്നു സിദ്ധിക്കുന്നു. എന്നാൽ കുറഞ്ഞൊരുകാലമായി, വിദ്യഭ്യാസ പ്രവത്തനങ്ങളുടെ ആദ്യഘട്ടത്തിൽ, അതായതു് ഏതാണ്ടു നൂറിനുമേൽ കൊല്ലങ്ങൾക്കുമുമ്പ്, ആവിഷ്കരിക്കപ്പെട്ട പദ്ധതിയിൽ പറയത്തക്ക യാതൊരു വ്യത്യാസവും വരുത്താതെ, കാലം മാറിയതും, അറിവിൻെറ വ്യാപ്തി വദ്ധിച്ചതും ആയുസ്സിൻെറ ദൈർഘ്യം ചുരുങ്ങുന്നതും ഏതുമേതുമറിയാതെ, നമ്മുടെ സെക്കൻഡറി വിദ്യാഭ്യാസം അങ്ങു തുടന്നു പൊയ്ക്കൊണ്ടിരുന്നു. ചില ചില ദേശങ്ങളിൽ, ഈ വിദ്യാഭ്യാസരീതി പരിഷ്കരിക്കുവാനും കാലാനുകൂലമാക്കുവാനും ചില പരിശ്രമങ്ങൾ സ്വതന്ത്രമായി നടത്തിയില്ലെന്നില്ല. തിരുവിതാംകൂറിൽത്തന്നെ കുറെ കൊല്ലങ്ങൾക്കുമുമ്പ് ഒരു കമ്മിററിയെ നിയമിക്കുകയും അവർ ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമൊക്കെ ഉണ്ടായിട്ടുണ്ടു്. എന്നാൽ രാഷ്ട്രീയവിപ്ളവങ്ങളിലും രാജ്യാന്തരകാര്യങ്ങളിലും, തിരഞ്ഞെടുപ്പു ബഹളങ്ങളിലുമൊക്കെ വ്യാപൃതമായ ലോകം മൗലികമായ പ്രധാന്യത്തെ അർഹിക്കുന്ന ഈ പ്രശ്നത്തെ ഒരു 'തൊന്തരവു്' എന്ന നിലയിൽ അനുക്രമമായി മാററിവയ്ക്കുയായിരുന്ന വഴക്കം.

ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മിഷൻ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിലെ ശുപാർശകളിൽവച്ച് ഏററവും പ്രധാനമായതു് സെക്കൻഡറി വിദ്യാഭ്യാസം രണ്ടുഘട്ടങ്ങളിലായി ഏഴുവർഷത്തേക്കുണ്ടായിരിക്കണമെന്നതാണ്. ആദ്യഘട്ടം മൂന്നുവർഷത്തേയ്ക്കുള്ള ലോവർ സെക്കൻഡറി കോഴ്സും രണ്ടാംഘട്ടം നാലുവർഷം വേണ്ടിവരുന്ന ഹയർ കോഴ്സും. സെക്കൻഡറി സ്കൂൾ വിദ്യാഭ്യാസം സിദ്ധിച്ചവരെ ആശ്രയിച്ചാണ് ഇപ്പോൾ പ്രൈമറിക്ലാസ്സുകളുടെ അദ്ധ്യാപനവും സാക്ഷരതാപ്രചരണവും ഒക്കെ നിലകൊള്ളുന്നതെങ്കിലും, സെക്കൻഡറി വിദ്യാഭ്യാസത്തിൻെറ പ്രധാനലക്ഷ്യമായി ഇപ്പോൾ സാർവത്രികമായി കരുതപ്പെട്ടുപോരുന്നതു്, വിദ്യാർത്ഥികളെ സർവകലാശാലാ വിദ്യാഭ്യാസത്തിനു തയ്യാറാക്കുക എന്നതാണ്. ഈ ഉദ്ദേശത്തിനൊരു സമൂലപരിവത്തനം വരുത്തിക്കാണണമെന്നതാണ് കമ്മിഷൻെറ സുചിന്തിതമായ അഭിപ്രായം. ഇന്നത്തെ ജീവിതരീതികളെയും അവയെ സുഗമമായി നേരിടുന്നതിനുവേണ്ട പ്രാഥമിക പരിശീലനങ്ങളെയും മുൻനിർത്തിക്കൊണ്ടു്, പാഠ്യപദ്ധതി ഒന്നടച്ചുവാക്കേണ്ട ആവശ്യത്തെപ്പററി റിപ്പോർട്ടിൽ പ്രതിപാദിച്ചു കാണുന്നതു് പ്രത്യേകം ശ്രദ്ധാർഹമാണ്.

വിദ്യാർത്ഥികളുടെ അഭ്യസനഭാഷ, രാഷ്ട്രഭാഷയായ ഹിന്ദിയായിരിക്കണമെന്ന് ഇൻഡ്യൻ വൈസ്പ്രസിഡൻറായ ഡാക്ടർ രാധാകൃഷ്ണൻെറ നേതൃത്വത്തിൽ സംഘടിക്കപ്പെട്ട യൂണിവേർസിററി കമ്മിഷൻ അല്പകാലം മുമ്പു ശുപാർശ ചെയ്തിരുന്നു. കോളേജ്ക്ലാസ്സുകളിൽ രാഷ്ട്രഭാഷയിൽത്തന്നെ അദ്ധ്യാപനം നടത്തണമെങ്കിൽ സെക്കൻഡറിസ്കൂൾ ഘട്ടത്തിലും അപ്രകാരമല്ലാതെ വന്നാൽ പററുകില്ലല്ലോ. എന്നാൽ ഡാക്ടർ മുതലിയാരുടെ റിപ്പോർട്ടിൽ ഇതിനു വിപരീതമായിട്ടാണ് പ്രതിപാദിച്ചു കാണുന്നതു്. അതായത് സെക്കൻഡറിസ്കൂൾ അദ്ധ്യയനം പ്രാദേശിക ഭാഷകളിൽത്തന്നെ നടത്തണമെന്ന്. പ്രാദേശികഭാഷകൾ പ്രചാരത്തിലുള്ളടത്തോളംകാലം അവയെ വെറും വാമൊഴി മാത്രമാക്കുന്ന തരത്തിൽ സെക്കൻഡറി സ്കൂളുകളിലും, പഠനം ഹിന്ദിയിൽത്തന്നെ ആക്കുന്നതിൽ യുക്തിയില്ല. എന്നാൽ, അടുത്തൊരവസരത്തിൽ കോളേജുകളിലെ അദ്ധ്യയനഭാഷ ഹിന്ദിയാക്കുകയാണെങ്കിൽ സെക്കൻഡറി സ്കൂളുകളിൽ പ്രാദേശികഭാഷയിൽമാത്രം അദ്ധ്യയനം നടത്തുന്നതിലും അത്ഥമില്ല. പ്രാദേശികഭാഷയ്ക്കു പുറമേ ഇപ്പോൾ നിലവിലുള്ളതുപോലെ ഇംഗ്ലീഷും ഹിന്ദിയുംകൂടി നിർബ്ബന്ധമായി പഠിക്കണം എന്ന സമ്പ്രദായം ഇനിയും തുടർന്നുകൊണ്ടുപോകയാണെങ്കിൽ അതു് വിദ്യാർത്ഥികളുടെ മേൽ ചുമത്തുന്ന അനാശാസ്യമായ ഒരു ഭാരമായിരിക്കും. രാഷ്ട്രഭാഷയായ ഹിന്ദി നിർബ്ബന്ധിതമാക്കുകയാണെങ്കിൽ എത്രയുംവേഗം ഇംഗ്ലീഷ് സെക്കൻഡറി സ്കൂൾ ഘട്ടത്തിൽ ഉപേക്ഷിക്കുന്നോ അത്രയും നന്ന്. അല്ല കോളേജുക്ലാസ്സുകളിലെ അദ്ധ്യയനം ഇംഗ്ലീഷിൽത്തന്നെ തുടരുവാനാണു ഭാവമെങ്കിൽ സെക്കൻഡറി ഘട്ടത്തിൽ ഹിന്ദിയ്ക്കു് ഇന്നു നൽകീട്ടുള്ള സ്ഥാനം പോലും, ആവശ്യമില്ലാത്തതുമാണ്. രാധാകൃഷ്ണൻ റിപ്പോർട്ടിലും, ഡാക്ടർ ലക്ഷ്മണസ്വാമി മുതലിയാരുടെ റിപ്പോർട്ടിലും ഇങ്ങനെ ദൃശ്യമാകുന്ന പൊരുത്തക്കേട് ശരിപ്പെടുത്തണമെങ്കിൽ സവ്കലാശാലാ വിദ്യാഭ്യാസവും പ്രാദേശികഭാഷകളിൽതന്നെ വേണ്ടതാണെന്നു വ്യവസ്ഥ ചെയ്യുകയായിരിക്കും നല്ലതു്.

ഒഴിവു ദിവസങ്ങളിൽ കുറവുവരുത്തുക, പരീക്ഷാ സമ്പ്രദായങ്ങളിൽ മാററങ്ങൾ വരുത്തുക എന്നു തുടങ്ങി, ഇന്നു നിലവിലുള്ള വിദ്യാഭ്യാസരീതിയുടെ അലകും പിടിയും മാററിക്കൊണ്ടുള്ള ഒരു പദ്ധതിയാണ് മുതലിയാർ കമ്മിഷൻ നിർദ്ദേശിച്ചിരിക്കുന്നതെന്നു കാണ്മാൻ വിഷമമില്ല. റിപ്പോർട്ടിൻെറ പൂർണ്ണരൂപം ഇനിയും പുറത്താകേണ്ടതായിട്ടാണിരിക്കുന്നതെങ്കിലും, "വിദ്യാഭ്യാസം" എന്ന വിഷയം കേന്ദ്രഗവണ്മെൻറ് നേരിട്ട് ഏറെറടുത്തു നടത്തേണ്ട പ്രാധാന്യവും വ്യാപകത്വവും ഉള്ളതാണ്, എന്നവർ ചൂണ്ടിക്കാണിച്ചിരിക്കുന്നതു് തികച്ചും സ്വാഗതാർഹമാണ്. എന്തെന്നാൽ, തത്കാലനില വച്ചുകൊണ്ടു

നോക്കുമ്പോഠം, വൻതോതിലുള്ള എന്തെങ്കിലും വിദ്യാഭ്യാസ പരിഷ്കരണങ്ങളിൽ ഏർപ്പെടാൻ പ്രാദേശിക ഗവണ്മെൻറുകഠംക്കു കഴിയുമോ, അതിനുള്ള സമയവും സൗകര്യവും സാമ്പത്തികസാദ്ധ്യതയും അവർക്കുണ്ടോ, അടുത്ത കാലത്തെങ്ങാനും ഉണ്ടാകുമോ, എന്നെല്ലാംകൂടി ആലോചിക്കേണ്ടതായിരിക്കുന്നു.

സാങ്കേതികവിദ്യാഭ്യാസത്തിന്റെ പുരോഗമനാർത്ഥം റെയിൽവേ, ഗതാഗതം, വാണിജ്യം, തൊഴിൽ എന്നീ വകുപ്പുകളിൽനിന്നുള്ള വരുമാനത്തിൽ ഒരംശം നീക്കിവയ്ക്കുക, വ്യവസായങ്ങളുടെ മേൽ ഒരു വിദ്യാഭ്യാസനികുതി ചുമത്തുക, മുതലായ കമ്മിഷന്റെ നിർദ്ദേശങ്ങളും വളരെ സന്ദർഭോചിതങ്ങളാണ്. എന്തെന്നാൽ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അടിയുറച്ചതും സമ്യക്കുമായ സംവിധാനംകൊണ്ടു് പ്രയോജനം ഉണ്ടാകുന്നതു് ഈ തുറകഠംക്കാണെന്നു പ്രത്യക്ഷമാണല്ലോ. ഈ വകുപ്പുകളിൽ, ബഡ്ജററിൽ മിച്ചം ഉണ്ടാക്കുന്ന ചിലതെല്ലാം ഇപ്പോഠംതന്നെ കേന്ദ്രത്തിന്റെ നേരിട്ടുള്ള ഭരണത്തിലിരിക്കകൊണ്ടു്, വിദ്യാഭ്യാസവും അങ്ങനെ ആവേണ്ടതാണു് എന്നു പറയുന്നതു്, ആസ്തികളുടെ വിതരണം വിനിയോഗം എന്നിവയെസ്സംബന്ധിച്ചെടത്തോളം പുനഃസംവിധാനപരമായി കൂടുതലായ സൗകര്യത്തെ ഉഠംക്കൊള്ളുന്നതുമാണല്ലോ.

പ്രൈമറി വിദ്യാഭ്യാസം മുതൽ സർവ്വകലാശാലാ വിദ്യാഭ്യാസംവരെയുള്ള എല്ലാത്തരം വിദ്യാഭ്യാസവും അദ്ധ്യേതാക്കഠംക്കു സൗജന്യമായി നൽകത്തക്ക ഒരു പദ്ധതി കാഷ്മീർ ഗവണ്മെൻറു് ആവിഷ്കരിച്ചിരിക്കുന്നതായും, അതനുസരിച്ചു് നാട്ടിലെ വിദ്യാഭ്യാസവകുപ്പു് പരിഷ്കരിക്കാൻ തീരുമാനിച്ചുകഴിഞ്ഞതായും പത്രപ്രസ്താവനകഠം ഉണ്ടു്. ഏററവും പുരോഗമനപരവും ശ്ലാഘാർഹവുമായ ഒരു തീരുമാനമാണിതു്. മററു പ്രാദേശിക ഗവണ്മെൻറുകളും കാഷ്മീരിന്റെ സുധീരമായ ഈ മാതൃകയെ അനുകരിച്ചു് എല്ലാത്തരം വിദ്യാഭ്യാസവും സൗജന്യമാക്കുന്ന കാലം അത്ര വിദൂരമാകയില്ല എന്നു പ്രത്യാശിക്കാം.

## 2. സംഘം വാർഷിക പൊതുയോഗം

ജനമദ്ധ്യത്തിൽ വിജ്ഞാനം പ്രചരിപ്പിക്കുവാനുള്ള അനൗദ്യോഗിക സ്ഥാപനങ്ങളാണല്ലോ ഗ്രന്ഥശാലകഠം. ഇൻഡ്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു് തിരുവിതാംകൂർ കൊച്ചി പ്രദേശത്തു് അവ സ്തുത്യർഹമായ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെന്നാണു് അഖിലേന്ത്യാ ഗ്രന്ഥശാലാസംഘം പ്രസിഡൻറായ ശ്രീ. ബി. എസ്. കേശവ തുടങ്ങിയവരുടെ അഭിപ്രായമെങ്കിലും, അത്തരം അഭിവൃദ്ധിയുടെ സൂചനകളായ സംഘടിത യത്നങ്ങഠം നമുക്കു തുലോം വിരളങ്ങളായിട്ടാണിതുവരെയുള്ള നിലയെന്നു് തുറന്നു സമ്മതിക്കാതെ നിർവാഹമില്ല. രണ്ടുമാസം മുമ്പു് ഹൈദരാബാദിൽവച്ചു് ചേർന്ന അഖിലേന്ത്യാ ഗ്രന്ഥശാലാ കോൺഫറൻസിന്റെ മാതൃകയിൽ ഒരു പ്രാദേശിക കോൺഫറൻസും, അതിനോടനുബന്ധിച്ചുള്ള ഒരു ഗ്രന്ഥശാലാ പ്രദർശനവും ഏററവും ആവശ്യമായിരിക്കുന്നു. അതുപോലെതന്നെ എണ്ണത്തിൽ ആയിരത്തി അഞ്ഞൂറോളം വരുന്ന ഈ പ്രദേശത്തെ അംഗീകൃത ഗ്രന്ഥശാലകളുടെ നിലവാരവും അവ ഉഠംക്കൊള്ളുന്ന വിശേഷപ്പെട്ട ഗ്രന്ഥങ്ങളുടെ വിവരവും, അവയിൽ സ്വന്തം കെട്ടിടവും മററുപകരണങ്ങളുമുള്ള സ്ഥാപനങ്ങളുടെ ചരിത്രവും—ഇങ്ങനെ ബഹുജനസമക്ഷം വെളിപ്പെടേണ്ടതായ പല സംഗതികളും മുൻപറഞ്ഞ സംഘടിത യത്നത്തിന്റെ അഭാവത്തിൽ പരക്കെ അറിയപ്പെടാതെ അവശേഷിക്കയാണിപ്പോഠം.

കേന്ദ്രസംഘടനയായ ഗ്രന്ഥശാലാസംഘവും, വിവിധങ്ങളായ ഗ്രന്ഥശാലകളും തമ്മിൽ, ഗ്രാൻറിനു സക്കാരിനോടു ശുപാർശചെയ്യലും, അതിനെ അടിസ്ഥാനമാക്കിയുള്ള നടപടികളുമൊഴിവാക്കിയാൽ, സാംസ്കാരികമായോ, സാമൂഹ്യമായോ മററു സമ്പർക്കങ്ങളൊന്നുമില്ലാത്ത ഒരു നിലപാടാണിപ്പോഴുള്ളതു്. ഈ നില പാടേ മാറി അന്യോന്യം അറിഞ്ഞും അറിയിച്ചും സംഘ

(ശേഷം 27-ാം പേജിൽ)

# "മലയാളത്തിന്റെ മഹാനേട്ടം"

| | | |
|---|---|---|
| സാഹിത്യവിചാരം | എം. പി. പോൾ | 2 0 0 |
| രാജ്യദ്രോഹി (നോവൽ) | യശ്പാൽ | 3 0 0 |
| തോട്ടി ,, | നാഗവള്ളി | 1 8 0 |
| മോണ്ടിക്രിസ്റ്റോ ,, | അലക്സാണ്ടർ ഡ്യൂമാസ് | 7 0 0 |
| അകവും പുറവും | ടി. എൻ. ഗോപിനാഥൻനായർ | 1 4 0 |
| മഹാകവി വള്ളത്തോൾ | കുററിപ്പുറം | 1 8 0 |
| തെണ്ടിവർഗ്ഗം (പുതിയപതിപ്പ്) | തകഴി | 1 0 0 |
| കുഞ്ചന്റെശേഷം | മാടശ്ശേരി മാധവവാരിയർ | 5 0 0 |
| ചുവന്നകഥകൾ | മാക്സിംഗോർക്കി | 0 12 0 |
| ഭാഷയും സാഹിത്യവും (A Critical Survey) | ആററൂർ | 1 4 0 |
| ജ്വാലയും പൂവും | കിഷൻചന്ദർ | 1 8 0 |
| ഇവൻ എന്റെപ്രിയപുത്രൻ | സി. ജെ. തോമസ് | 1 8 0 |
| ഞാനിപ്പക്കമ്മ്യൂണിസ്റ്റാവും | കേശവദേവ് | 1 0 0 |
| ബലി (നാടകം) | കെ. സുരേന്ദ്രൻ | 1 4 0 |
| ജനനനിയന്ത്രണം | Dr. സി. ആർ. നാരായണൻ | 3 0 0 |
| ലൂബ്ലിൻ (തർജ്ജമ) | എം. പി. പാൾ | 1 8 0 |
| പത്തുകഥാകാരന്മാർ | ടാററാപുരം സുകുമാരൻ | 1 0 0 |
| ഒഴുക്കുകൾ (നോവൽ) | കൈനിക്കര പത്മനാഭപിള്ള | 2 8 0 |
| മോഹനപത്നി | ബങ്കിം ചന്ദ്രചാററർജി | 1 12 0 |
| ആശ്രമത്തിലെനർത്തകി | ബി. സി. വർമ്മ | 1 8 0 |
| ചുമടുതാങ്ങി (പുതിയപതിപ്പ്) | നാഗവള്ളി | 1 8 0 |
| രണ്ടുലോകം ,, | നാഗവള്ളി | 1 4 0 |
| കൊച്ചനുജത്തി ,, | കാരൂർ | 1 0 0 |
| കുമാരഗീതങ്ങൾ | എം. എസ്. കുമാരൻനായർ | 1 4 0 |
| ഭരണഘടനകൾ | എം. പ്രഭ | 2 8 0 |
| മോളെന്റെ മോൻനിന്റെ | ആനിജോസഫ് | 2 0 0 |
| ഭാരതപര്യടനം | കുട്ടികൃഷ്ണമാരാര് | 2 0 0 |
| വിലാസകുമാരി | പള്ളത്ത് രാമൻ | 1 4 0 |
| കുററവിസ്താരകഥകൾ | വി. മാധവൻനായർ | 1 8 0 |
| അന്നാകരീനിനാ (2 ഭാഗങ്ങൾ) | ടോൾസ്റ്റോയി | 6 0 0 |
| ശിശുജനനം | ഹെലൻ തോമസ് | 2 8 0 |
| ഈ. വീ. സ്മരണകൾ (2 ഭാഗം) | സി. ഐ. രാമൻനായർ | 3 0 0 |
| ചുമട്ടുകാരന്റെ പെണ്ണ് | പുളിമൂട്ടിൽ | 1 4 0 |
| ലളിത (നോവൽ) | കെ. ജി. വറഗീസ് | 1 8 0 |
| കൂലി ,, | മുൽക്ക്‌രാജ് ആനന്ദ് | 5 0 0 |
| അമ്മിണി ,, | ഇസഡ്. എം. പാരട്ട് | 2 0 0 |
| സ്റ്റാലിൻ (ജീവചരിത്രം) | നാലാങ്കൽ | 1 4 0 |
| ടെസ്സ് (നോവൽ) | തോമസ്ഹാർഡി | 2 0 0 |
| ഘോഷയാത്ര (പുതിയപതിപ്പ്) | തകഴി | 1 0 0 |
| നോവൽ സാഹിത്യം ,, | എം. പി. പോൾ | 2 8 0 |

**NATIONAL BOOK STALL, POST BOX 40, KOTTAYAM.**

# നിഘണ്ടു നിർമ്മാണം

വെൺകുളം പരമേശ്വരൻ

മലയാളഭാഷയിലെ മിക്ക പദങ്ങളും ഉൾപ്പെടുത്തിയുള്ള ഒരു നിഘണ്ടു ഇല്ലാത്ത ദാരിദ്ര്യം ഇന്നു ഭാഷയ്ക്കു് ഇല്ല. ബെയിലിയുടെ മലയാളം ഇംഗ്ലീഷ്നിഘണ്ടു, ഗുണ്ടർട്ട്, ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള, ആർ. നാരായണപ്പണിക്കർ എന്നിവരുടെ നിഘണ്ടുക്കൾ ഇവയെല്ലാം കൂട്ടിച്ചേർത്തു പുത്തനായി ഒന്നു് അടിച്ചുകൂട്ടി ഒപ്പിച്ചെടുക്കാൻ വൈഷമ്യമില്ലതന്നെ. പോരെങ്കിൽ തിരു. സർവകലാശാല പ്രസിദ്ധംചെയ്തിട്ടുള്ള നവീനശാസ്ത്രപരമായ സാങ്കേതികശബ്ദസൂചികൾ, ശൈലീനിഘണ്ടു ആദിയായി പ്രസിദ്ധീകൃതങ്ങളായ ശബ്ദകോശങ്ങളെക്കൂടി ആക്രമണം നടത്തി, ഒരു വിപുല ശബ്ദകോശം നിർമ്മിച്ചുകൊണ്ടാൽ അതു് ഇന്നുവരെയുള്ള സകല ശബ്ദകോശങ്ങളേയും ജയിക്കുന്ന ഒന്നായിരിക്കുമെന്നുള്ളതിനും സംശയമില്ലല്ലോ. കുറച്ചു പദങ്ങളും ശൈലികളും കൂടുതലായി ഉൾപ്പെടുത്തിയാൽ ഒരു ശബ്ദകോശകർത്താവിനെ ആക്രമിച്ചു എന്നാരും പറയുകയില്ലതാനും. ഗവർമ്മെന്റു പ്രസിദ്ധീകരണമാകുമ്പോൾ പുറങ്ങൾ ഏറിയതിനാൽ, വില കൂടുതൽ വരേണ്ടിവരുന്ന ആവശ്യത്തിനും അവകാശമുണ്ടാകുന്നതല്ല. നിശ്ചിതകാലാവധി ആയ മൂന്നു വർഷത്തിനകം നിഘണ്ടു പുറത്തു വരുത്തിയ ചാരിതാർത്ഥ്യം എഡിറ്റർക്കും, ഗവർമ്മെന്റിനും, സർവകലാശാലയ്ക്കും ഉണ്ടാകാവുന്നതാണു്. എന്നാൽ പണക്കൊഴുപ്പുള്ള ഒരു പ്രസിദ്ധീകരണശാലക്കാരെക്കൊണ്ടു സാധിക്കാവുന്ന ഒരു കാര്യം മാത്രമാകകൊണ്ടു്, ഇത്തരം ഒരു ഗ്രന്ഥം ഒരു സർവകലാശാലയിൽനിന്നു പ്രസിദ്ധീകരിക്കേണ്ട ആവശ്യമില്ലാത്തതാണു്. പദങ്ങളും പ്രയോഗങ്ങളും പുതിയതായി അപ്പോഴപ്പോൾ കൂട്ടിച്ചേർക്കുന്നതിനു വേണ്ടിയല്ലാതെ പുതിയ മാതൃക നൂറുവർഷക്കാലത്തേയ്ക്കു ആവശ്യമില്ലാതുള്ളവിധം ഏതാണ്ടു സമ്പൂർണ്ണമായ ഒരു ശബ്ദകോശമാണു് കേരളീയർ സർവകലാശാലയിൽനിന്നു പ്രതീക്ഷിക്കുന്നതു്. അതിന്റെ ആകൃതി എത്ര വിപുലമായിരിക്കുമെന്നോ, വില എത്ര അധികരിച്ചിരിക്കുമെന്നോ, പ്രസിദ്ധീകരണത്തിനു എത്ര അധികം സമയം വേണ്ടിവരുമെന്നോ ഒന്നും ജനങ്ങൾ നോക്കുന്നില്ല. അതു് അവർക്കു ആവശ്യവുമില്ല. അവർക്കു് പൂർണ്ണമായ ഒരു നിഘണ്ടു വേണമെന്നേയുള്ളു. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും, ഭാഷാഭിമാനികളായ പ്രഭുക്കളുടെ ഭവനങ്ങളിലും, പണ്ഡിതമന്ദിരങ്ങളിലും മററും മാത്രമേ ആ വിപുല ശബ്ദകോശത്തിനു പ്രവേശനം സിദ്ധിക്കയുള്ളു എങ്കിലും, അതിന്റെ ലഘുരൂപശബ്ദകോശം സാമാന്യഗേഹങ്ങളിലും ചെന്നു ചേരാവുന്നതാകുന്നു. അതുമതി; അങ്ങനെ രണ്ടു ശബ്ദകോശങ്ങൾ ഉണ്ടാകേണ്ടതാണു്; ഉണ്ടാവുകയും ചെയ്യും. ആ ബൃഹച്ഛബ്ദകോശരത്നാകരത്തിന്റെ ചില ഭാരങ്ങൾ താഴെ കുറിച്ചുകൊള്ളട്ടെ.

## II

സാഹിത്യപരമായി കൈകാര്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന പുരാണകഥാസാഹിത്യം, (Classical Literature), വീരകഥാ പ്രസ്ഥാനം (Romantic Literature), യഥാതഥ പ്രസ്ഥാനം (Realism), പുരോഗമനസാഹിത്യം (Progressive Literature) എന്നിവയ്ക്കുള്ള അർത്ഥം ഒററ വാക്യത്തിലല്ല, രണ്ടുമൂന്നുവാക്യത്തിൽ പ്രതിപാദിച്ചാൽ മാത്രമേ അർത്ഥത്തിനു സുഗ്രഹതയുണ്ടാകയുള്ളു എന്നതു് സുവിദിതമാകുന്നു. അതുപോലെതന്നെ ഗീതകം, പ്രതിരൂപാത്മകകവിത, ഭാവഗീതം, ഗദ്യകവിത, ഗൂഢാർത്ഥകവിത, ഖണ്ഡകൃതി, സങ്കല്പലേഖം, ജനകീയകവി, ജീവൽസാഹിത്യം, ഗദ്യനാടകം, പുരോഗമനകവി ഇത്യാദിപദങ്ങൾക്കു് നിഷ്കൃഷ്ടമായ അർത്ഥം സാധാരണ നിഘണ്ടുക്കളിൽ കാണാതിരിക്കുന്നതിനുള്ള പരിഹാരം ഈ നിഘണ്ടുകൊണ്ടു

മലയാളികൾക്കു സിദ്ധിക്കേണ്ടിയിരിക്കുന്നു. മലയാളത്തിൽ കാണുന്ന സകല സംസ്കൃതവൃത്തങ്ങൾക്കും, വൃത്തമഞ്ജരീലക്ഷണസഹിതം വിവരണം കൊടുക്കേണ്ടതുണ്ടു്. ഇന്നു പ്രചാരത്തിലിരിക്കുന്നതും, ലുപ്തപ്രചാരങ്ങളായിത്തീൎന്നിട്ടുള്ളവയും ആയ സകല ദ്രാവിഡവൃത്തങ്ങളും ഈ നിഘണ്ടുവിൽ കാണേണ്ടതുണ്ടു്. മാവേലി, ഗുണമേറും, ഓമനക്കുട്ടൻ, പ്രേമസംഗീതം തുടങ്ങിയുള്ള വൃത്തങ്ങളുടെ ലക്ഷണങ്ങൾ പുത്തനായി എഴുതിച്ചേൎക്കാതിരിക്കുന്നപക്ഷം, ഒരു മലയാളനിഘണ്ടു പൂൎണ്ണമാകുന്നതല്ല. മലയാളത്തിലെ സകല ദ്രാവിഡവൃത്തങ്ങളും കണ്ടുപിടിച്ചു ലക്ഷണങ്ങൾ കൊടുക്കുക എന്നതുതന്നെ ദ്രാവിഡവൃത്തവിചാരത്തിൽ പ്രശസ്തി സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാരുടെ സഹായസഹകരണങ്ങളോടെ വേണ്ടിയിരിക്കുന്നു.

ഭാഷാഭൂഷണംമുതൽ കാവ്യജീവിതവൃത്തി വരെയുള്ള സകല അലങ്കാരശാസ്ത്ര ഗ്രന്ഥങ്ങളിലും ഉപയോഗിച്ചിട്ടുള്ള അലങ്കാരശാസ്ത്രനാമങ്ങൾ ഉൾപ്പെടുത്തി ഒരു നിഘണ്ടു തയാറാക്കണമെന്നു ഇതേവരെ ആരും വിചാരിച്ചിട്ടുള്ളതായി കാണുന്നില്ല. ഇവ കൂടാതെ ഒരു നിഘണ്ടു പൂൎണ്ണമാകുന്നതെങ്ങനെ!

എടമരത്തു സെബാസ്ത്യൻ എഴുതിയ ഭാഷോത്പത്തിശാസ്ത്രം മുതൽ കേരളപാണിനീയവ്യാകരണം ചിത്രാവ്യാകാകരണമഞ്ജരി വരെയുള്ള സകല വ്യാകരണശാസ്ത്രങ്ങളിലുമുള്ള വ്യാകരണപദങ്ങളെ ഉൾക്കൊള്ളിക്കാൻ ഇന്നേവരെ യാതൊരു നിഘണ്ടുകാരനും ഉദ്യമിച്ചു കാണാത്തതു കഷ്ടംതന്നെ! ഡാക്ടർ ഗോദവൎമ്മയുടെ കേരളഭാഷാവിജ്ഞാനീയത്തിന്റെ കഥ പറയാനുമില്ലല്ലോ. സാഹിത്യപഞ്ചാനനന്റെ പ്രയോഗദീപികയോ, കുട്ടിക്കൃഷ്ണമാരാരുടെ മലയാളശൈലിയോ പരിശോധിച്ചു്, ചില സാധാരണ പ്രയോഗങ്ങളുടെ വികലതകൾ ഗ്രഹിച്ചു പ്രയോഗിക്കാനും ശബ്ദകോശകൎത്താക്കന്മാർ ബുദ്ധിമുട്ടിക്കാണുന്നില്ല. മാരാരുടെ വൃത്തശില്പം കരസ്ഥമാക്കി പ്രയോഗിച്ചിട്ടുള്ള നിഘണ്ടുകാരന്മാരും അങ്ങിനെതന്നെ. ഇങ്ങയെ എത്രയോ ഭാഷാസാഹിത്യശാസ്ത്രഗ്രന്ഥങ്ങളിലെ പദങ്ങളാണു് തിരഞ്ഞുപിടിച്ചു ശാസ്ത്രീയവിശകലനബുദ്ധ്യാ നിഘണ്ടുവിൽ കൊണ്ടുവരേണ്ടിയിരിക്കുന്നതു്!

## III

വേദാന്തശാസ്ത്രപരമായി നിരവധി പദങ്ങൾ നിഘണ്ടുക്കളിൽ കാണ്മാനുണ്ടെങ്കിലും അവയെല്ലാം നിഷ്കൃഷ്ടാൎത്ഥങ്ങളോടെ ഉപയോഗപ്പെടുത്തുന്നതിനു യാതൊരു നിഘണ്ടുകാരനും ഉദ്യമിച്ചിട്ടുള്ളതായറിയുന്നില്ല. അത്രമാത്രമോ? രാജയോഗപരമായി കാണുന്ന അനേകശതം പദങ്ങൾ ഇനിയും നിഘണ്ടുക്കളിൽ ഉൾപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു്. പല പേരുകളോടുകൂടി മലയാളികളുടെ ഇടയ്ക്കു പ്രചരിച്ചുകൊണ്ടിരിക്കുന്ന നൂറിൽപരം യോഗാസനനാമങ്ങൾ, ഗജകരണി, ചക്രീകൎമ്മം, കേവലകുംഭകം, ധൗതി, നൗലി, ത്രാടകം, നേതി, കപാലഭാതി, കനിഷ്ഠികാപ്രാണായാമം, ബ്രഹ്മരന്ധ്രം ആദിയായ പദസംഘാതങ്ങളോടുകൂടി ഒരു പ്രത്യേക നിഘണ്ടുവിന്റെ നിൎമ്മാണത്തിനു വേണ്ടുന്ന പദങ്ങൾ മലയാളഭാഷാഗ്രന്ഥങ്ങളിൽപ്പോലും വന്നിട്ടുള്ളവ ലഘുതമലക്ഷണനിൎദ്ദേശങ്ങളോടുകൂടി നിഘണ്ടുവിൽ പ്രസിദ്ധംചെയ്യേണ്ടതാകുന്നു.

ഒരു ഔഷധീനിഘണ്ടു വളരെ നേരത്തേതന്നെ പ്രസിദ്ധംചെയ്തിട്ടുള്ളതിനാൽ, ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയ്ക്കു് തന്റെ ശബ്ദതാരാവലിയിൽ വൈദ്യശാസ്ത്രപരമായ നിരവധി ശബ്ദങ്ങൾ വിശദാൎത്ഥസമന്വിതം പ്രസിദ്ധം ചെയ്യാൻ സാധിച്ചിട്ടുണ്ടു്. തന്റെ നിഘണ്ടുവിൽ ഈ ശാസ്ത്രത്തിനും, പുരാണലോകപ്രഖ്യാതങ്ങളായ നാമങ്ങൾക്കും പ്രാധാന്യം കൊടുത്തിട്ടുള്ളതുപോലെ, ജ്യോതിശ്ശാസ്ത്രം, ശകുനശാസ്ത്രം, സാമുദ്രികാശാസ്ത്രം, തന്ത്രസമുച്ചയം, പക്ഷിശാസ്ത്രം, മനുഷ്യശരീരശാസ്ത്രം, മൎമ്മാണിവിദ്യ, സിദ്ധവൈദ്യം, നോക്കുമൎമ്മം, കളരിപ്പയററു് എന്നിവയിൽ അടങ്ങിയിരിക്കുന്ന നിരവധി പദങ്ങൾ അകാരാദിക്രമത്തിനു് ഇതുവരെ ആരും തയ്യാറാക്കിയിട്ടില്ലാത്തതുകൊണ്ടു്, ഇവയിലെ ഏതാനും പദങ്ങൾ മാത്രമേ നിഘണ്ടുക്കളിൽ ഉൾപ്പെടുത്താൻ അദ്ദേഹത്തിനും മററു ശബ്ദ

കോശകർത്താക്കന്മാക്കും സാധിച്ചിട്ടുള്ളൂ. വിഭിന്നങ്ങളായ ഇത്തരം ശാസ്ത്രങ്ങളിലെ സാങ്കേതിക ശബ്ദങ്ങളുടെ അർത്ഥവിവരണം നൽകാൻ, ഓരോ പണ്ഡിതന്മാരാൽമാത്രം നിർമ്മിക്കപ്പെട്ടിട്ടുള്ള നിഘണ്ടുക്കളിൽ സാധിക്കാതിരുന്നതു അത്ഭുതമോ അവഹേളനാർഹമോ ആയിത്തീരുന്നതല്ലല്ലോ.

പത്രലോകപ്രസിദ്ധി ആർജ്ജിച്ചിട്ടുള്ള ഒ. ലേ., സ്വ. ലേ., പ്ര. ലേ., രാഷ്ട്രീയ ലേഖകൻ, പത്രപ്രതിനിധി, എന്നീ പദങ്ങൾ മലയാളപദങ്ങളായി പ്രചുരപ്രചാരം സിദ്ധിച്ചുകഴിഞ്ഞിട്ടും ഇവയെ ഉൾപ്പെടുത്താൻ പണ്ഡിതവരേണ്യന്മാരായ നിഘണ്ടുകർത്താക്കൾക്കു സാദ്ധ്യമായിത്തീർന്നിട്ടില്ലല്ലോ. ഈയിടെയായി മലയാളത്തിൽ ആവിർഭവിച്ചു പ്രചരിച്ചുകൊണ്ടിരിക്കുന്ന വനമഹോത്സവം, കാവ്യോത്സവം, രാഷ്ട്രപിതാവു്, രാഷ്ട്രപതി, ഐക്യകേരളം, ലയനവാദം, ഭാഷാപ്രവിശ്യാവാദം, തിരു-കൊച്ചി, ഐക്യരാഷ്ട്രസമിതി, സർവരാജ്യസഖ്യസഭ, ഇത്തരം പദങ്ങൾ അല്പം വിവരണത്തോടുകൂടി കൊടുക്കേണ്ട പദങ്ങളാകുന്നു. സോഷ്യലിസം, കമ്മ്യൂണിസം, ഐക്യമുന്നണി, മാർക്സ്യൻസിദ്ധാന്തം, ഗാന്ധ്യൻസോഷ്യലിസം, ബൂർഷ്വാ, ചെങ്കൊടി, ഇൻക്വിലാബ്, കിസാൻ കുടിയിറക്കു് മുതലായ പദങ്ങൾ ജനസംഹതിയുടെ ആവശ്യം അനുസരിച്ചു് ധാരാളമായി പ്രചരിച്ചുവരുകയാണു്.

## IV

ഇംഗ്ലീഷ്, ഫ്റഞ്ച്, പോർട്ടുഗീസ്, ഡച്ചു് എന്നീ പാശ്ചാത്യഭാഷകളിലും, അറബി, പെഴ്സ്യൻ, ഹിന്ദി, ഉറുദു, കർണ്ണാടകം തെലുങ്കു്, പാലി തുടങ്ങിയ പൌരസ്ത്യഭാഷകളിലും നിന്നു് മലയാള ഭാഷാസാഹിത്യങ്ങളിൽ കടന്നു കയറിയിട്ടുള്ള പദസഞ്ചയങ്ങളെ ഉൾപ്പെടുത്താൻ നിഘണ്ടുകർത്താക്കൾക്കു് മാർഗ്ഗദർശനം നൽകിയിട്ടുള്ളതു് ഭാഷാചരിത്രകർത്താവു് ആയ ഗോവിന്ദപ്പിള്ള ബി. എ. ആകുന്നു. അദ്ദേഹത്തിന്റെ കാലശേഷം മലയാളത്തിലേയ്ക്കു് ഈ ഭാഷകളിൽനിന്നെല്ലാം കടന്നു കയറിയിട്ടുള്ളവയും, കടന്നു കയറിയിരുന്നതായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ളവയും ആയ പദജാലങ്ങൾ നിരവധി എന്നേ പറയേണ്ടതുള്ളൂ. ഇത്തരം പദങ്ങളെ അന്യഭാഷാ പദങ്ങളായി ഇനി പരിഗണിക്കാൻ നിവൃത്തിയില്ലാതായിത്തീർന്നിട്ടുണ്ടു്. റാഷൻ, കാൺഗ്രസ്, വോട്ടു്, പോളിംഗ്, ടാർച്ചുലൈററ്, ഇലക്ട്രിക്ക് ലൈററ്, യൂണിവേഴ്സിററി, കാളേജ്, ഗവർണർ ഫിലിം, ന്യൂസ് പേപ്പർ, ഫോൺ, കലണ്ടർ, ബാർബർ, ഗ്യാലറി, തിയററർ, സ്ററുഡിയോ ആദിയായ പദങ്ങൾ മലയാളമായിത്തീർന്നുകഴിഞ്ഞിരിക്കുന്നു. ഇവ ഉപേക്ഷിച്ചുള്ള ഒരു മലയാളഭാഷ കാണുമോ എന്നതും സംശയംതന്നെ. ബി. ഏ. എം. ഏ. മെററിക്, എസ്. എസ്. എൽ. സി., യൂ. എൻ. ഓ. യുണെസ്കോ, റെഡ്ക്രാസ്സൊസൈററി (ചെങ്കുരിശുസംഘം) ഇത്യാദി പദജാലങ്ങൾ ഉൾപ്പെടാത്ത മലയാളനിഘണ്ടു അപൂർണ്ണമായിരിക്കാനേ ഇടയുള്ളൂ.

ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള ശാസ്ത്രങ്ങളിൽ ഓരോന്നിലും പരിജ്ഞാനം സമ്പാദിച്ചിട്ടുള്ള പ്രത്യേകം പണ്ഡിതന്മാരെ നിയമിച്ചു് അത്തരം സാങ്കേതികപദങ്ങളുടെ അർത്ഥം, സൂക്ഷ്മവും നിഷ്കൃഷ്ടവും ആയി എഴുതിക്കുകയല്ലാതെ, അവയിൽ സാമാന്യപരിജ്ഞാനമുള്ളവരുടെ സംഭാഷണം കേട്ടു് അവയെ അടിസ്ഥാനമാക്കി എഴുതി എടുക്കുക എന്നതു് പലപ്പോഴും അപര്യാപ്തവും ചിലപ്പോൾ അബദ്ധവും ആയിത്തീരുന്നതാണു്. കളരിപ്പയററിലോ, ജ്യോതിശ്ശാസ്ത്രത്തിലോ, ഹഠയോഗത്തിലോ ഉള്ള പദങ്ങളുടെ അർത്ഥവിവരണം നൽകാൻ അത്തരം ശാസ്ത്രങ്ങളിൽ പ്രത്യേക പരിജ്ഞാനം സമ്പാദിച്ചിട്ടുള്ളവർക്കേ സാദ്ധ്യമാകയുള്ളൂ. ഇതുപോലെ തന്നെ രസതന്ത്രം, അലങ്കാരശാസ്ത്രം ആദിയായവയുടേയും സ്ഥിതി.

അന്യഭാഷകളിൽനിന്നു മലയാളത്തിൽ കടന്നുകയറിക്കൊണ്ടിരിക്കുന്ന പദജാലങ്ങളുടെ അർത്ഥം നൽകുന്നതിനു അതതു ഭാഷകളിലെ നിഘണ്ടുക്കൾ വരുത്തിവച്ചു് അവയിലെ പദാർത്ഥങ്ങൾ തർജ്ജിമചെയ്തു് എഴുതുന്നതിനു ശേഷി

യുള്ളവരെ മാത്രം നിയമിച്ചാൽ പോരാ, അതതു ഭാഷകളിൽ നിഷ്ണാതരായ പണ്ഡിതന്മാരുടെ സഹകരണം തന്നെയാണു് വേണ്ടിയിരിക്കുന്നതു്. പല ഭാഷകളിൽ പരിജ്ഞാനം സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാരുടെ നിത്യസഹകരണമോ, സഹായമോ അനപേക്ഷണീയം തന്നെ.

## V

ഇനംതിരിച്ചുള്ള പുസ്തകങ്ങൾ പാരായണം ചെയ്തു് പദജാലങ്ങൾ കണ്ടുപിടിക്കുക, പഴയ പാട്ടുകളും ഹസ്തലിഖിത ഗ്രന്ഥശാലയിലെ ഗ്രന്ഥങ്ങളും, കോട്ടയ്ക്കകത്തെ ഗവ. റിക്കാർഡുകളും പരിശോധിച്ചു പദങ്ങൾ ശേഖരിക്കുക, ദ്രാവിഡവൃത്തമഞ്ജരീസമ്പൂർണ്ണതയ്ക്കും സർവകലാശാലയിലെ ശാസ്ത്രാദ്ധ്യാപനത്തിനും പുതിയ പദജാലങ്ങൾ സൃഷ്ടിക്കുക എന്നീ ഗംഭീരപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതിനോടൊപ്പം തന്നെ മലയാളദേശം മുഴുവനും ചുററിസ്സഞ്ചരിച്ചു് ഗ്രാമ്യവും, ഗ്രാമ്യമായി മാത്രം കഴിഞ്ഞുകൂടാൻ അർഹതയില്ലാത്തതും ആയ പദസമൂഹങ്ങൾ ശേഖരിക്കേണ്ടതുമുണ്ടു്. ഡിമാലഹ്ലണ്ടൻ, ഗ്ലട്ടു്, ഉപ്പാപ്പ, ഇമ്പാച്ചി, ഒത്തിരിപ്പോരം, ഉഡാൻസു്, തനിക്കൊണം, മൂരാച്ചി, പഹയൻ, ഞെക്കുവിളക്കു്, ഗംഗാപുഷ്പം (മീൻ) എഴവുകൊണ്ടോട്ടുക തുടങ്ങിയുള്ള പദങ്ങൾ ആയിരക്കണക്കിനു് ശേഖരിക്കാവുന്നവ അതതു ദേശങ്ങളിൽ മാത്രമായി നിലവിലിരിക്കുന്നുണ്ടു്. ശതാബ്ദങ്ങളായി നിലനില്ക്കുന്നവയും ഇക്കൂട്ടത്തിലുണ്ടെന്നോർക്കുമ്പോൾ ഇവ നശിച്ചുപോകാതെ നിഘണ്ടുവിൽ സ്ഥാനം കൊടുത്തു് സൂക്ഷിക്കേണ്ടതു് സർവകലാശാലയുടെ കർത്തവ്യമായിത്തീരുന്നതാണു്. വിപുലമായ തോതിൽ ഇവ ശേഖരിക്കുന്നതിനു് ഒരു പ്രത്യേക ശാഖതന്നെ നിഘണ്ടുനിർമ്മാണ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ സമാരംഭിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ആക്സ്ഫോർഡു് സർവകലാശാലക്കാരുടെ വിപുലമായ നിഘണ്ടു ഖണ്ഡംഖണ്ഡമായി പ്രസിദ്ധംചെയ്തുകൊണ്ടിരിക്കവേ അതിൻെറ ഒരു വരിക്കാരനായ ഒരു ആസ്ത്രേലിയൻ റിട്ടയാർഡു് ഗവർണർ 3-ാംലക്കം തിരിച്ചയച്ചുകൊടുത്ത കഥ കേട്ടിട്ടുണ്ടു്. ഇംഗ്ലീഷ്ഭാഷ സംസാരിക്കുന്ന സകല രാജ്യങ്ങളിലുമുള്ള സകല ഇംഗ്ലീഷ് പദങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു നിഘണ്ടുവാണു് അതു് എന്നു പരസ്യപ്പെടുത്തിയിരുന്നതുകൊണ്ടാണു് ആ നിഘണ്ടുവിൻെറ ഒരു വരിക്കാരനായി അദ്ദേഹം ചേർന്നിരുന്നതു്. ആസ്ത്രേലിയായിലെ ചില പ്രദേശങ്ങളിൽ നടപ്പിലിരുന്ന ഒരു പദം അതിൽ കാണാതിരുന്നതുകൊണ്ടു് അതിനെ തിരിച്ചയച്ചു എന്നു് എഴുതി അയയ്ക്കുകയും ചെയ്തു. എഴുത്തനുസരിച്ചു് സർവകലാശാലയുടെ പ്രതിനിധിയായി ഒരാൾ ആസ്ത്രേലിയായിലെത്തി പലതരം അന്വേഷണങ്ങൾ നടത്തിയതിൻെറ ഫലമായി നിർദ്ദിഷ്ടപദം അവിടങ്ങളിൽ നടപ്പിലുള്ളതാണെന്നു ബോദ്ധ്യപ്പെട്ടു. അടുത്ത പതിപ്പിൽ ആ പദംകൂടി ചേർക്കാമെന്നു് നിഘണ്ടുനിർമ്മാതാക്കൾ സമ്മതിച്ചു നല്ല വാക്കു പറഞ്ഞതിൻെറ ഫലമായി ആ റിട്ട. ഗവർണ്ണർ വീണ്ടും വരിക്കാരനായി തുടർന്നു എന്നു കേട്ടിട്ടുണ്ടു്. ഇത്രത്തോളം വിപുലമായി അന്വേഷണം നടത്തി ഗ്രാമ്യപദങ്ങളെല്ലാം കണ്ടുപിടിക്കുന്നതു് ആദ്യത്തെ തവണയായ ഈ ഉദ്യമത്തിൽ സാദ്ധ്യമാകുന്നതല്ലെങ്കിലും, നിവൃത്തിയുള്ളിടത്തോളം നിഘണ്ടു പൂർണ്ണമാക്കണം എന്നൊരു ഉന്നം ഈ നിർമ്മാണകൃത്യത്തിൽ ഏർപ്പെടുന്ന സകലർക്കും ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു.

## VI

ഇങ്ങനെയുള്ള സർവസംഗ്രാഹിതത്തിലേയ്ക്കു കടക്കുന്നതോടൊപ്പം മററു മലയാളനിഘണ്ടുകാരന്മാർ ആരും പ്രവേശിച്ചിട്ടില്ലാത്തതും എന്നാൽ നല്ലൊരു നിഘണ്ടുവിൻെറ പരിപൂർണ്ണരൂപത്തിനു് അനപേക്ഷണീയമായി പരിഗണിക്കപ്പെട്ടിരിക്കുന്നതും ആയ മൂന്നു കാര്യത്തിലേയ്ക്കുകൂടി നിഘണ്ടു നിർമ്മാതാക്കളുടെ ശ്രദ്ധ പതിയേണ്ടതു് അത്യാവശ്യമായി കരുതുന്നു. അവർ ഒരു പക്ഷേ ഇക്കാര്യങ്ങൾ നേരത്തേതന്നെ സ്വീകരിച്ചിട്ടുള്ളതായിരുന്നാൽതന്നെയും വായനക്കാരുടെ ഓർമ്മയ്ക്കായി ഇവിടെ കുറിക്കുകയാണു് ചെയ്യുന്നതു്.

(a) സകല പദങ്ങളുടേയും രൂപങ്ങൾ നിർദ്ദേശിക്കുകമാത്രമല്ല, നിരുക്തം കാണിക്കുകയും ചെയ്യുക എന്നുള്ളതാണു് ഒന്നാമതായി

പ്രസ്താവിക്കേണ്ടിയിരിക്കുന്നതു്. ഒരു പരമേശ്വരീയം മുഖേന സംസ്കൃതപദങ്ങളുടേയും, അതുപോലുള്ള ശബ്ദോത്പത്തി ശാസ്ത്രങ്ങൾ മുഖേന ഇതരഭാഷകളിൽനിന്നു മലയാളത്തിൽ വന്നിട്ടുള്ള പദങ്ങളുടേയും വ്യുത്പത്തികണ്ടുപിടിച്ചെഴുതാൻ പാണ്ഡിത്യവും പരിശ്രമവും മതിയാകുമെന്നിരിക്കട്ടെ. എന്നാൽ ആയിരമായിരക്കണക്കിനുള്ള തനി മലയാളപദങ്ങളുടെ വ്യുത്പത്തി കണ്ടുപിടിക്കാൻ ഇതുവരെ ആരും മെനക്കെട്ടിട്ടിട്ടുള്ളതായി കാണുന്നില്ല. രാജ്യചരിത്രം, നരവംശശാസ്ത്രം, ഭാഷോല്പത്തിശാസ്ത്രം ആദിയായവയിലെല്ലാം വാസനയും വൈദഗ്ദ്ധ്യവും ഉള്ള ഏതാനും പണ്ഡിതന്മാരുടെ ഒരു മഹാപ്രയത്നം ഇതിനു് അത്യാവശ്യമാണെന്നുള്ളതു് ആരും സമ്മതിക്കുന്നതാണു്. ഈ പ്രവൃത്തി ഒരു ഗവന്മെൻറു വിചാരിച്ചാൽ മാത്രമേ നടക്കുകയുള്ളു എന്നുള്ളതുകൊണ്ടാണല്ലോ വ്യക്തികളാരും ഈ മഹോദ്യമത്തിനു ഒരുങ്ങാതിരുന്നതു്.

(b) ഉണ്ടു്, ആകുന്നു, പോയി ഇത്യാദി സർവസാധാരണ പദങ്ങൾ ഒഴിച്ചുള്ള സകല പദങ്ങൾക്കും കവിവാക്യങ്ങൾ ഉദ്ധരിച്ചുകാണിക്കുന്നതു് നിഘണ്ടുവിനെ സുന്ദരതരമാക്കിത്തീക്കുന്ന ഒരു പ്രവൃത്തിയാകുന്നു. ഇംഗ്ലീഷിൽ ഇത്തരം പല നിഘണ്ടുക്കൾ ഉണ്ടെങ്കിലും, ഈ ഗംഭീരോദ്യമപാരാവാരത്തിൽ പ്രവേശിക്കാൻ യാതൊരു നിഘണ്ടുകത്താവും മലയാളമഹീതലത്തിൽ സന്നദ്ധനായതായിട്ടറിയുന്നില്ല. Universal English Malayalam Dictionary എന്ന പേരിൽ ഒരു ഇംഗ്ലീഷ് മലയാള ശബ്ദകോശത്തിന്റെ മൂന്നുലക്കം പ്രസിദ്ധംചെയ്തിട്ടുണ്ടായിരുന്നതു് ഈ അവസരത്തിൽ ഓക്കുന്നു. ഇംഗ്ലീഷ്പദങ്ങളുടെ സകലതരം മലയാള അത്ഥങ്ങളും കവിവാക്യസഹിതം പ്രസിദ്ധം ചെയ്യണമെന്നായിരുന്നു തൽപ്രണേതാവിന്റെ ഉദ്ദേശ്യം. നവീനശാസ്ത്രപരമായ ചിന്താപഥം ഒഴിച്ചു്, മററു സകലതരം ചിന്താമണ്ഡലങ്ങളിലും പ്രവൎത്തനപഥങ്ങളിലും കൂടി മലയാളികൾ അനേകശതവർഷക്കാലം ഉല്ലാസപ്രദവും വിജയപുരസ്സരവും സഞ്ചാരം നടത്തിയിട്ടുള്ളതിന്റെ സർവലക്ഷണങ്ങളുടേയും അംശം ആ ലക്കങ്ങൾകൊണ്ടു തെളിയുകയുണ്ടായി. ഇംഗ്ലീഷ്ഭാഷയിലെ പദസമൂഹങ്ങൾക്കു അനുസരണമായി മലയാളഭാഷയിൽ പദജാലങ്ങൾ ഇല്ലെന്നും, ഇതൊരു നിസ്സാരഭാഷയാണെന്നും ഉള്ള ചില ആംഗലഭാഷാപണ്ഡിതന്മാരുടെ അഭിപ്രായം തീരെ അയഥാർത്ഥവും അന്തസ്സാരശൂന്യവും ആണെന്നും അതുയും ലക്കങ്ങൾ തന്നെ തെളിയിച്ചിട്ടുണ്ടു്. മലയാളഭാഷയുടെ മഹിമയും, മനോഹരതയും അതിന്റെ സകല വൈവിദ്ധ്യവൈശിഷ്ട്യങ്ങളോടെ വെളിപ്പെടുത്തുവാൻ ഈ വിധം ഉദ്ധരണികൾ പ്രയോഗിക്കുന്നതുപോലെ മറെറാരു മാർഗ്ഗം ഇല്ലതന്നെ.

സംസ്കൃത ഭാഷാ പദപ്രയോഗങ്ങൾക്കു് വാചസ്പത്യമോ ആപ്തെയുടെ നിഘണ്ടുവോ സഹായമായി ഭവിച്ചേയ്ക്കാം. എന്നാൽ സംസ്കൃത ശബ്ദങ്ങൾക്കു് എന്നു മാത്രമല്ല മററു സകലതരം ശബ്ദങ്ങൾക്കും മലയാളസാഹിത്യത്തിൽ നിന്നാണു് കവിവാക്യങ്ങൾ കൊടുക്കേണ്ടിയിരിക്കുന്നതു്. അനേകലക്ഷം രൂപായുടെ ചെലവും അനേകംപേരുടെ ഒത്തൊരുമിച്ചുള്ള ശ്രമവും വേണ്ടതായ ഈ മഹോദ്യമം തുടരാൻ ഒററയാളിനെക്കൊണ്ടു സാദ്ധ്യമല്ല. ആകയാൽ അഭിനന്ദനീയവും അനുകരണാർഹവും ആയ ആ മാതൃക സർവകലാശാലക്കാർ സ്വീകരിക്കുന്നതു് എത്രയോ ശ്രേയസ്കരമായ ഒരു കാര്യമായിത്തീരുന്നതാണു്!

(c) മൂന്നാമതായി ചൂണ്ടിക്കാണിക്കാനുള്ളതു് ചിത്രസംഹിതയെക്കുറിച്ചാകുന്നു. ഗൃഹ്യജന്തുക്കൾ ഒഴിച്ചുള്ള സകല ജന്തുക്കളുടേയും, ചെടികളുടെയും, വൃക്ഷങ്ങളുടേയും, മനുഷ്യാന്തർഭാഗങ്ങളുടേയും, നവീനശാസ്ത്രോപകരണങ്ങളുടേയും പടങ്ങൾ കൊടുക്കുക എന്നുള്ളതു് ദുലോം ദുഷ്കരമായുള്ള ഒരു കാര്യം ആണെങ്കിലും, അതും ആവശ്യമായിട്ടാണിരിക്കുന്നതു്.

## VII

ഇത്രയും വിപുലമായ ഒരു ശബ്ദകോശം ഗവന്മെൻറു ഉദ്ദേശിക്കുന്ന മൂന്നു സംവത്സരം കൊണ്ടോ, ചെലവുകൊണ്ടോ പുറത്തുവരുമെന്നു

# വേലിയ്ക്കു വെളിയിൽ

## മാടശ്ശേരി മാധവവാരിയർ

1. കഞ്ചാരംകണ്ടത്തിൽ
ഞാർനടാൻ പോയപ്പോൾ
തമ്പുരാൻ തന്നൊരുവെററില തിന്നോ
വെററിലതിന്നാറെ വയററിലുമുണ്ടായി
മുട്ടാടം ചെന്നപ്പം പത്തും തികഞ്ഞേ
കടമ്പയ്ക്കൽ ചെന്നപ്പോ നോവുതുടങ്ങി
കൊട്ടുങ്കച്ചെന്നപ്പം പിള്ളപിറന്നേ
പിള്ളേനെ പിടിയെടി പൂമങ്കമാരേ
പിള്ളേ പിടിച്ചവർ തണ്ടെയെടുത്തേ
തവിടുവറത്തവരെടുപ്പാനും പൊടുപ്പാനും......

2. കറുത്തപെണ്ണേ, കരിങ്കുഴലീ
നിനക്കൊരുത്തൻ കിഴക്കുദിച്ചു
കല്ലുരുട്ടിത്തിനവിതച്ചു-
തിനയിലെല്ലാം കിളിയിറങ്ങി
കിളിയടിക്കാൻ പെണ്ണിറങ്ങി-
പെണ്ണിനുള്ള വളകിലുങ്ങി
വളകിലുങ്ങി, വളകിലുങ്ങി-
കിളികളെല്ലാം പറന്നുപോയി

3. എരപ്പാൻപോയാലും, തൊരപ്പാൻപോയാലും
അരിപ്പാൻപോയാലും വഴികിട്ടും
പരുക്കൻനീററിലോ, പെരുക്കുംകാററിലോ
പിടിച്ചുനിന്നാലും വഴിമുട്ടും
പിടിച്ചുപെണ്ണുമെൻ പൊടിച്ചുക്ടാങ്ങളും
ഇരപ്പുച്ചട്ടിയിലടിക്കുട്ടും.

അതെ; വേലിക്കുവെളിയിൽവിളയുന്ന നന്മണിയാണിവ. ഇവയുടെ ഗുണമോ മാഹാത്മ്യമോ ഒരു വിദ്വാനും വാഴ്ത്താറില്ല. എന്നാൽ ഇവ അങ്ങു നശിച്ചുപോകാവുമില്ല. കാരണം മുക്കിലും മൂലയിലും ചിലർ ഈ അനാഥക്കുഞ്ഞുങ്ങളെ അങ്ങുലാളിച്ചു വളർത്തും. ഇങ്ങനെ, ലാളിയ്ക്കുന്നതു തെററാണെന്നും മറെറാന്നിനും കൊള്ളാത്തതുകൊണ്ടാണു ഇതിനു തുനിഞ്ഞിറങ്ങുന്നതെന്നും പറഞ്ഞു പരത്തുന്ന പണ്ഡിതന്മാർ ധാരാളമുണ്ടു്. മദ്രാസ് യൂണിവേഴ്സിററി വകയായി പ്രസിദ്ധീകരിച്ച വടക്കൻ പാട്ടുകളുടെ ആവിർഭാവകാലത്തു, ചേലനാട്ടു് അച്ചുതമേനോനെക്കൊണ്ടു മറെറാന്നിനും സാധിക്കയില്ലാത്തതുകൊണ്ടാണു ഇതിനു അദ്ദേഹം ഇറങ്ങിയതെന്നുപോലും അഭിപ്രായപ്പെട്ടവർ ഇന്നും ജീവിച്ചിരിപ്പുണ്ടു്. അത്രയ്ക്കു ഹാസ്യഭാവത്തിലാണു അന്നു് ഇവയെ വീക്ഷിച്ചിരുന്നതു്.

സാഹിത്യമെന്നാൽ വാക്കും ആശയവും ഒന്നിച്ചുള്ള യോജിപ്പാണെന്നു വ്യാഖ്യാനിയ്ക്കാ

---

വിചാരിക്കാവുന്നതല്ല. നല്ലൊരു നിഘണ്ടുവിൻെറ നിർമ്മാണത്തിനു് മൂന്നു വർഷം വേണമോ എന്നുള്ളതു് പൊതുജനങ്ങൾ ആലോചിക്കേണ്ട ഒരു കാര്യമല്ല. വർഷങ്ങൾ എത്രയോ എടുത്തുകൊള്ളട്ടെ, ചെലവു് എന്തോ വേണ്ടിവരട്ടെ ജനങ്ങൾക്കുവേണ്ടുന്നതു് നല്ലൊരു നിഘണ്ടുവാണു്. അതു് ഗവർമ്മെൻറു വിചാരിച്ചാൽ മാത്രമേ സാദ്ധ്യമാകയുള്ളുതാനും. അതുകൊണ്ടു് കാലം നീട്ടിക്കൊടുത്തും, പണം കൂടുതൽ അനുവദിച്ചും, പൂർണ്ണമായി പ്രശംസാവഹമായി ഒരു ശബ്ദകോശം പ്രസിദ്ധപ്പെടുത്താനാണു ഗവർമ്മെൻറു തയ്യാറാകേണ്ടതു്. ഇങ്ങനെയുള്ള ഉദ്യമത്തിൽ ചാടി വേണ്ടിവന്നാൽ ആയുഷ്കാലം മുഴുവൻ പ്രയത്നിച്ചു് വിജയം കൈവരിക്കുവാൻ സകലവിധമായ കരുത്തും സന്നദ്ധതയും ഉള്ള ഒരാളിനെ ചീഫ്എഡിററർ ആയി കിട്ടിയിരിക്കുന്ന സ്ഥിതിക്കു് അഭിമാനാർഹമായ ഒരു മഹാശബ്ദകോശം മലയാളഭാഷയ്ക്കു നൽകാൻ ഗവർമ്മെൻറിനു സാധിക്കുമെന്നുള്ളതിനു സംശയമില്ല. വേണ്ടത്ര സമയം അനുവദിച്ചുകൊടുക്കുക; സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.

മെങ്കിൽ ഇത്തരം പാട്ടുകളാണു് ഒന്നാന്തരം സാഹിത്യമെന്നു പറയാതെ നിവൃത്തിയില്ല. കേരളത്തെയും കൈരളിയേയും ധന്യരാക്കിയ പഞ്ചമഹാകവികളുടെയും അവരോടടുത്തു നില്ക്കുന്ന ഒരു ചങ്ങമ്പുഴയുടെയും കാര്യം കാര്യമായി പലരും പറയാറുണ്ടെങ്കിലും അവരേക്കാൾ കാര്യമറിഞ്ഞവരും കാര്യമായി വല്ലതും നൾകിയവരും ഈ തരം പാട്ടുപാടിയ അജ്ഞാതഗായകന്മാരാണെന്നു എടുത്തു പറയുവാൻ ഒട്ടും മടിയ്ക്കേണ്ട. അല്ല ഈ അജ്ഞാതഗായകന്മാക്കൊപ്പം ആയതുകൊണ്ടാണു് പഞ്ചമഹാകവികളായ, ചെറുശ്ശേരി; എഴുത്തച്ഛൻ, കുഞ്ചൻ നമ്പിയാർ, കോട്ടയത്തു തമ്പുരാൻ, വള്ളത്തോൾ എന്നവരും, ചങ്ങമ്പുഴയും ഈ നിലയ്ക്കായതെന്നും ,നമുക്കു സധൈര്യം പറയുവാൻ സാധിയ്ക്കും. ഇതു കാര്യമായി ഞാൻതന്നെ അന്യത്ര പ്രതിപാദിച്ചിട്ടുണ്ടു്. അതുകൊണ്ടു ഇവിടെ അതിനു തുടങ്ങുന്നില്ല. നമുക്കു നാടോടിപ്പാട്ടിന്റെ കഥ നോക്കാം.

രസാനുഗുണമായ വർണ്ണനാവൈവിധ്യം എല്ലാ പാട്ടുകളിലും സമൃദ്ധമായുണ്ടു്. മൊത്തത്തിൽ നോക്കുമ്പോൾ പാട്ടുകൾക്കുള്ള വശീകരണശക്തി അസാമാന്യമാണു് എന്നതു ഏതു ഭാവുകനും സമ്മതിയ്ക്കുതന്നെ ചെയ്യും. പുരാണേതിഹാസങ്ങളെത്തന്നെ തിരിച്ചും മറിച്ചും, കൂട്ടിയും കുറച്ചും വർണ്ണിക്കുന്ന കൃതികളെ നീക്കിയാൽ അധികമൊന്നും അവശേഷിയ്ക്കാത്ത ഭാഷാസാഹിത്യത്തിൽ ഇത്തരത്തിലുള്ള പാട്ടുകൾ അമൂല്യരത്നങ്ങളാണെന്നുള്ളതും അനപലനീയമായ ഒരു പരമാർത്ഥമാണു്.

ഇവയുടെ നിർമ്മാതാക്കൾ പ്രായേണ അപണ്ഡിതന്മാരായിരുന്നു എന്നു മുൻപു പ്രസ്താവിച്ചുവല്ലോ. എന്നാൽ അവക്കു തൻനിമിത്തം മനോധർമ്മവും കവനപാടവവുമില്ലെന്നു ശഠിച്ചുകൂടുന്നതല്ല. സഹൃദയഹൃദയങ്ങളെ വികാരതരളിതമാക്കുന്നതാണു കവിധർമ്മമെങ്കിൽ അതു് അവരിൽ പലക്കും പരിപൂർണ്ണമായുണ്ടായിരുന്നു. എന്നു മാത്രമല്ല അവരുടെ കൃതികളിലെ ചില ഭാഗങ്ങൾ പാടിക്കേൾക്കുമ്പോൾ കാശ്യപാശ്രമത്തിൽ ശകുന്തളയെ കാണുമ്പോൾ ദുഷ്ഷന്തൻ ചൊല്ലുന്ന 'ശുദ്ധാന്തദുർല്ലഭമിദം......(അന്തപ്പുരത്തിൽപോലും കണികാണാൻ പ്രയാസമുള്ള ദേഹകാന്തി ആശ്രമവാസികൾക്കുണ്ടാകുമെങ്കിൽ ഗുണംകൊണ്ടു വനലത ഉദ്യാനലതയെ ദൂരെ ഓടിയ്ക്കും) എന്ന ശ്ലോകം നമ്മുടെ സ്മൃതിപഥത്തെ നാമറിയാതെതന്നെ അധിരോഹണം ചെയ്തുപോകുന്നു.

മുകളിലത്തെ രണ്ടു ഖണ്ഡികയിലേയും വാചകങ്ങളുടെ ദുർഘടനയ്ക്കു ഞാൻ അല്ല ഉത്തരവാദി. എന്തെന്നാൽ ഒരു ദുർഘടക്കാരന്റെ അഭിപ്രായം അതേപടി എടുത്തെഴുതുകയാണു ഞാൻ ചെയ്തതു്. മററാരുടെയുമല്ല ഉള്ളൂരിന്റെ. അദ്ദേഹത്തിന്റെ കേരളസാഹിത്യചരിത്രം ഒന്നാംഭാഗത്തിലെ 228, 252, ഈ പേജുകൾ നോക്കുക. ആ ഗ്രന്ഥത്തിൽ അദ്ദേഹം അവതരിപ്പിയ്ക്കുന്ന പലതിനെപ്പററിയും എതിരഭിപ്രായം ഏറെ പറയാനുണ്ടെങ്കിലും പഴയ പാട്ടിനെപ്പററി അദ്ദേഹം ചെയ്യുന്ന ചർച്ചയെപ്പററി എനിക്കൊരു വിപരീത അഭിപ്രായവും ഇല്ല. കാരണം 75 പേജോളം അദ്ദേഹം ഇതിനുവേണ്ടി ഉപയോഗിച്ചതും, ഇന്നു 'ലഭിക്കാൻ വിഷമമുള്ള പല പഴയ പാട്ടുകളും അതിൽ എടുത്തു ചേർത്തതും, ഏററവും നന്നായിട്ടുണ്ടു്. ആ കഥ നില്ക്കട്ടെ. നമുക്കു നമ്മുടെ നാടൻ പാട്ടുകളെ ഒന്നു തരംതിരിയ്ക്കാം. മൂന്നായി ഇവയെ വിഭജിയ്ക്കാം. 1. വിനോദത്തിനും, വേലയ്ക്കിടയിൽ ഒരു രസം കൊടുക്കുവാനും ഉപയോഗിയ്ക്കുന്നവ? ദേവാരാധനത്തിനു തയ്യാറാക്കിയവ, 3 വീരകഥനം: ഇങ്ങനെ മൂന്നായി തരം തിരിയ്ക്കാമെങ്കിലും ഈ മൂന്നും ഒന്നിച്ചു ഇടകലരുകയും ഏറെ ചെയ്തിട്ടുണ്ടു്.

ഈ ലേഖനത്തിന്റെ ആദ്യം ചേർത്തവ ആദ്യത്തെ ഇനത്തിൽ പെട്ടവയാണെന്നു കണക്കുകൂട്ടാം. ഒന്നാമത്തേതു ഒരു സമുദായിക ദൃശ്യത്തെ സരസമായി പ്രതിപാദിയ്ക്കുയാണു്. തമ്പുരാന്റെ താംബൂലത്തിന്റെ പിറകുവശം നമുക്കു നോക്കേണ്ടെങ്കിലും നാം അറിയാതെ അങ്ങു എത്തിനോക്കി ഏതാണ്ടെല്ലാം ഊഹിച്ചറിയാം.

ആ കൊച്ചു സൂചന ഒരു ഒന്നാന്തരം സർറീയലിസ്റ്റ് കാവ്യമാക്കുവാനും വിഷമമില്ല. രണ്ടാമത്തേതു അത്ര കടന്നുപോകുന്നില്ലെങ്കിലും വയലിലെ വിളവുകാക്കുന്ന 'കന്നി'യുടെ വളകിലുക്കം കിളികളെ മാത്രമല്ല ഓടിയ്ക്കുന്നതു്; ഇതു പാടിക്കേൾക്കുന്നവരുടെ മനസ്സിലുള്ള അസ്വസ്ഥതയേയും. വയലുകാക്കുന്ന സുന്ദരിമാരുടെ കാവ്യം പുരണ്ട വർണ്ണന നമ്മൾ വേറെയും വായിച്ചു കാണും. എന്നാൽ 'ചൂതംതോറും തണലിൽ വിളനെൽകാക്കുമക്കന്യകാനാം കാതോളംനീണ്ടസിതനയനം'കണ്ടുമാനെന്നു വിചാരിച്ചു മാൻകിടാങ്ങൾ ഓടിച്ചെല്ലുമെന്നു ഒരു ഗംഭീരൻകവി (ഉണ്ണുനീലിസന്ദേശകർത്താവു്) പറയുന്നതിൽ എത്ര ഹൃദ്യമാണു് ഗാനാത്മകമായ ആ വരികളിലെ വളകിലുക്കം.

മൂന്നാമത്തേതിൽ കാററും കോളും കൂസാതെ കായലിൽ വള്ളം വെക്കുന്നവരുടെ വിഷമങ്ങളാണു പ്രതിപാദ്യവിഷയം. മറേറതു തൊഴിലു നോക്കിയാലും വഴികിട്ടുമെന്നും ഈ തൊഴിൽ വഴിമുട്ടിയ്ക്കുന്നതാണെന്നും സരസമായി സൂചിപ്പിക്കുന്നു. അതുകൊണ്ടും നിന്നില്ല. ഇങ്ങിനെ വഴിമുട്ടിയാൽ പിന്നീടു തന്നെ ആശ്രയിച്ചു കഴിയുന്നവരുടെ അവസ്ഥയും ചിത്രീകരിക്കുന്നു. മഹാകവികൾക്കും മഹാകാവ്യങ്ങൾക്കും സാധിയ്ക്കാത്ത വിധത്തിൽ കാര്യം നേരേ മനസ്സിൽ കടത്തിവിടാൻ ഗാനാത്മകങ്ങളായ കൊച്ചീരടികൾക്കു് ഏറെ കഴിയുമെന്നു ഈ അജ്ഞാതഗായകന്മാർ തെളിയിച്ചു. ഇനി അടുത്തപടിയിലേക്കു കടക്കാം.

ആരാധനാപരങ്ങളായ ഗാനങ്ങൾ— ഇവ ഏറെ ഉണ്ടു്. ആദികാലത്തെ അന്ധവിശ്വാസം കൊണ്ടു മലയുടെ മണ്ടയേയും, വിഷംകൊണ്ടു സൽക്കരിയ്ക്കുന്ന സർപ്പങ്ങളേയും, മാടനേയും, പേയേയും, പിശാചിനേയും, കുട്ടിച്ചാത്തനേയും, ഒററമുലച്ചിയേയും എന്നുവേണ്ട എല്ലാരുടേയും വിശ്വാസം കവന്ന എല്ലാത്തരം ദേവതയേയും സ്തുതിച്ചു് ഇവിടെ പാടിയിട്ടുണ്ടു്. ഇവയുടെ പേരു പറയുവാൻ തന്നെ വിഷമമാണു്. ഇവിടെയും ഈ ആരാധനപരങ്ങളായ ഗാനങ്ങൾ വെറും ഗൗരവവിഷയത്തെ മാത്രമല്ല പ്രതിപാദിയ്ക്കുന്നതും. അന്തർജനങ്ങൾ അതിദിവ്യമാണെന്നു കരുതി തലമുറകളായി പാടിവരുന്ന മൂന്നു പാട്ടുകളിൽ നിന്നു ചില വരികൾ കാണിച്ചു ഇതു വിശദമാക്കാം.

1. കോവപ്പഴംപോലെ കയ്യും മെയ്യും
   കൊല്ലച്ചിററാടയും കിങ്ങിണിയും
   താഴപ്പറക്കുന്ന പക്കിപോലെ
   താണുകളിയെന്റെ ഉണ്ണിമയെ
   ഉണ്ണിമയ്യ്ക്കുന്നും വഴക്കുതന്നെ
   എന്റെ വയററിലൊരാനയുണ്ടു്
   ആനയുമല്ല ഗണപതിയു്.

കൊല്ലച്ചിററാടയുടുത്തു കിങ്ങിണിയും കെട്ടി താഴെപ്പറക്കുന്ന പക്കിപോലെ താണുകളിയ്ക്കുന്ന ഉണ്ണിമയെയും, അവളുടെ വയററിലുള്ളതു ആനയാണെന്ന വഴക്കും എത്രനേരം വേണമെങ്കിലും ഓർത്തോർത്തു ചിരിയ്ക്കാം. കുട്ടിക്കാലത്തു ഈ വരി അമ്മൂമ്മചൊല്ലുന്നതു കേട്ടുപഠിച്ചു അന്നുതന്നെ എന്നെ അനുഗ്രഹിച്ച വികടസരസ്വതിയുടെ സഹായത്തോടെ 'അമ്മൂമ്മേടെ വയററിലൊരാനയുണ്ടു'' എന്നു മറിച്ചുചൊല്ലി മുത്തശ്ശന്റെ അനുഗ്രഹം വാങ്ങിച്ചതും 10 മക്കളുള്ള അദ്ദേഹം 'ഇനിയുമോ എന്നാൽ ഞാൻ ചുററുകയേഉള്ളൊന്നു പറഞ്ഞതും ഇന്നും എനിയ്ക്കു ചിരിയ്ക്കു വകയാണു്.

2. വെന്താമരപ്പൂവിൽ പള്ളികൊള്ളും
   വെളുവെളെമേനി വെളുത്തപെണ്ണേ
   വെഞ്ചന്ദനംകൊണ്ടു പൂയുന്നോളേ
   വെണ്മുത്തുമാലയണിയുന്നോളെ

എന്നു സരസ്വതിയെ വർണ്ണിയ്ക്കാനും ഈ കൂട്ടർക്കു വിഷമമില്ല. വെളുവെളെ മേനി വെളുത്തപെണ്ണേ എന്നു പറയുമ്പോൾ ഭക്തിയാണോ വിനോദമാണോ മുൻനില്ക്കുന്നതെന്നു തന്നത്താൻ നിശ്ചയിച്ചുകൊണ്ടാൽ മതി.

മംഗലവാതിര എന്ന പാട്ടിൽ ശിവനോടു കാര്യം നേടാൻ പാർവ്വതി നിവത്തനം നടത്തിയ കഥയാണു്. പാർവ്വതിയെ ഭജിച്ച ഒരു ബ്രാഹ്മണകന്യക വേളികഴിഞ്ഞ ഉടൻതന്നെ വിധവയായി. ഈ കാര്യം അറിഞ്ഞ ഉടൻതന്നെ ആ

ദേവി ഭർത്താവിൻെറ അടുക്കൽ സത്യാഗ്രഹത്തിനു നോട്ടീസുകൊടുത്തു.

എന്നുടെ പങ്ങാതിയായവളെ
ഇന്നലെ കമ്മവിവാഹം ചെയ്തു
ഇന്നവരം കണവനിണപിരിഞ്ഞു
ഇന്നവരം കുന്തൽ നിലത്തിട്ടകിൽ
ഞാനുമെൻകുന്തൽ നിലത്തിട്ടവൻ
ഇന്നവരം താലിയഴിച്ചുവെക്കിൽ
ഞാനുമെൻതാലിയഴിച്ചുവെക്കും
ഇന്നവരം ഈറൻ നനച്ചുടുക്കിൽ
ഞാനും നനച്ചു പിഴിഞ്ഞുടുക്കും
ഇന്നവരം കണവനിണപിരികിൽ
ഞാനും തിരുമേനി തീണ്ടുകില്ല.

ശിവൻ വിഷമിച്ചു കാലനെനോക്കി:

ഭക്തനായുള്ളോരു മാർക്കണ്ഡേയൻ
തന്നെയുമോർത്തു വിറച്ചുകാലൻ
ശക്തനായുള്ളോരു കാമൻതന്നെ
കണ്ണിലെരിച്ചതുമോർത്തുകാലൻ
ത്രിപുരന്മാരെച്ചുട്ടകാര്യമോർത്തു.

എരുക്കിലയിൽ വേടിയൻെറ ഉയിരുകൊണ്ടുവന്നു ശിവനു കാഴ്ചവച്ചു. എന്തിനു– ബ്രാഹ്മണനു വിദ്യയും ബുദ്ധിയും പിന്നെയും ആരംഭിച്ചു. ഇങ്ങിനെ പാർവ്വതിയുടെ സത്യഗ്രഹവും തീർന്നു. ഈ സംഭവം ബ്രാഹ്മണകന്യകയുടെ കൊങ്കകരുത്തുവരുന്ന കാലത്തു നടന്നതായിരുന്നു.

വീരാരാധനയ്ക്കു ഉപയോഗിച്ച വിധത്തിൽ രചിച്ച ഏറെ സമ്പത്തും ഇതിൽ ഉൾപ്പെടും. മാവേലിപ്പാട്ടുകളാണു ഇതിൽ ആദ്യം കണ്ടുകിട്ടുന്നതു്.

മാവേലിതമ്പിരാൻ തമ്പിരാനേ
കാവലുനേരിനെൻ തമ്പിരാനേ
മാളോരിലേലനാം തമ്പിരാനേ
കോളോരി താനായ തമ്പിരാനേ
എല്ലാരും താനായ തമ്പിരാനേ
എല്ലാരേംകാക്കുന്ന തമ്പിരാനേ.

അന്യത്ര സൂചിപ്പിച്ചപോലെ കുറിയ്ക്കു പറന്നുപോലെ കാര്യം പറയുവാൻ ഇവർക്കുള്ള വിരുതു ഇവിടെ കാണാം.

നേരിനു കാവലായവനും എല്ലാരും താനായവനും എന്നു അടുക്കിപ്പറഞ്ഞു കാര്യം എത വേഗം കഴിച്ചു. ഈ വീരചരിതകഥനത്തിൽ ഏററവും നിറംകൊടുത്ത പാട്ടുകൾ ധാരാളമുണ്ടു്; വടക്കൻ പാട്ടുകൾ കൂടാതെതന്നെ. രാജശിക്ഷയുടെ സ്വരൂപം കാണിയ്ക്കുന്ന ഒരു പാട്ടിൽനിന്നു അല്പം താഴെ കൊടുക്കുന്നു. കള്ളംതെളിക്കാൻ രാജകിങ്കരർ ചെയ്ത മാർഗ്ഗങ്ങൾ നോക്കുക.

കൈകൾരണ്ടും പിന്നിലാക്കി വെക്കമങ്ങു കെട്ടി.
ഈട്ടികൊണ്ടവൻ തലയ്ക്കൽ തട്ടിനോക്കി ചൊല്ലി
കാന്തകാരി അരച്ചുടൻ കണ്ണിലുമെഴുതി
തുമ്പനീരിടിച്ചുപിഴിഞ്ഞമ്പിനോടടുത്തു
ചുക്കുചേർത്തരച്ചുടനെ മൂക്കിലങ്ങൊഴിച്ചു
കല്ലുകൊണ്ടിടിച്ചുവായിൽ പല്ലുകൾ തകർത്തു.
തൊണ്ണവച്ചലവും വായിൽ മണ്ണുവാരിയിട്ടു.
നല്ലനേരുചൊല്ലായ്കിൽ ഞാൻ കൊല്ലു–
മെന്നുരച്ചും
തല്ലുകൾകൊണ്ടുള്ളിലുള്ളോരെല്ലുകൾ–
പൊടിച്ചും
പല്ലുകടിച്ചുററമോട്ട മീശയും ഞെരമ്മി
കണ്ണുരുട്ടികൊണ്ടവന്മാർ പിന്നെയും
പറഞ്ഞാർ........

പ്രസാദഗുണം സൽകാവ്യങ്ങളിലും ഇത്രയും കാണുക സാധാരണമല്ല. പൊട്ടും പൊടിയുമായി കിട്ടിയവതന്നെ ഏറെയുണ്ടു്. അവയിൽ നാട്ടിൻെറ ഗുണവും നാട്ടാരുടെ ഗുണവും ധാരാളം അടങ്ങിയിട്ടുമുണ്ടു്. ഇവയെ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുവാൻ കാലം വൈകി. സി. പി. ഗോവിന്ദപ്പിള്ളയുടെ 'പഴയ പാട്ടുകളും' ചേലനാട്ടു് അച്യുതമേനോൻെറ വടക്കൻ പാട്ടുകളും മാത്രമേ ഗ്രന്ഥരൂപത്തിൽ വന്നിട്ടുള്ളു.

ഈ യത്നത്തിൽ ഞാനും കുറെ പരിശ്രമിയ്ക്കുന്നുണ്ടു്. വായനക്കാർ എന്നെ ഒന്നു സഹായിച്ചാൽ വേണ്ടില്ല. തങ്ങളുടെ നാട്ടിൽ പ്രചരിയ്ക്കുന്ന പഴയ പാട്ടുകളുടെ കഥ മറക്കാതെ ഓർമ്മിച്ചു ഒന്നെഴുതി എൻെറ മേൽവിലാസത്തിൽ അയച്ചുതന്നാൽ ഏറെനന്നു്. *

വേലിയ്ക്കുവെളിയിലാണെങ്കിലും വേലിയ്ക്കകത്തുള്ള വിളവിനെക്കാൾ ചില ഗുണം ഇവയ്ക്കുണ്ടു്.

---

* മാടശ്ശേരി C/o നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം.

ഒരു യാത്രാവിവരണം

# മൂന്നുതരം ഇന്ത്യാക്കാർ

കെ. രാഘവൻപിള്ള എം. ഏ. പി. എച്ച് ഡി. (ലണ്ടൻ)

ലണ്ടനിലെ വോബേൺ സ്ക്വയർ ഇരുപത്തിആറാംനമ്പർ വീട്ട്. സാവോയി, ക്ലാറിഡ്ജസ് തുടങ്ങിയ ഹോട്ടലുകൾ, നെൽസൺ പ്രഭുവിന്റെ ആയതമായ മുഴുപ്രതിമ മുതലായ സ്മാരകങ്ങൾ, അനന്തമായി ഒഴുകിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾ, ആളുകൾ—എന്നിവകൊണ്ട് ലണ്ടൻ നഗരത്തിന്റെ കേന്ദ്രമെന്നു വിചാരിക്കപ്പെടുന്ന ട്രഫാൾഗർ സ്ക്വയർ, പിക്കഡില്ലി മുതലായ സ്ഥലങ്ങളിൽനിന്നു കമ്മത്തിലും ദൂരത്തിലും മാറിയാണ് വോബേൺസ്ക്വയറിന്റെ കിടപ്പ്. പ്രവൃത്തിദിവസങ്ങളിലും ഒരു ഞായറാഴ്ചയുടെ പ്രശാന്തത ആ സ്ഥലത്തിനുണ്ട്. മാനസികമായ വ്യാപാരങ്ങളിൽ അതിദൂരം മുന്നോട്ടു പോകുന്ന പലതും നടന്നുകൊണ്ടിരിക്കുന്ന ലണ്ടൻ സർവകലാശാലയുടെ പിന്നിൽ കിടക്കുന്ന ഈ തെരുവ് മിക്കപ്പോഴും ഉറങ്ങുകയാണ്. കാലംപോലും ഒന്നിലധികം അർത്ഥത്തിൽ അവിടെ സ്ഥിരതാമസക്കാരനാണ്. 1948 ജനുവരി 28-ാംനു സതാംപ്ടൺ തുറമുഖത്തുവന്ന് ഇറങ്ങി, അവിടെനിന്ന് ട്രയിൻ മുഖേന ലണ്ടനിലെ വാട്ടർലൂ റയിൽവേസ്റ്റേഷനിൽ എത്തിച്ചേർന്ന എന്നെ, എനിക്കുവേണ്ടി അവിടെ കാത്തുനിന്നിരുന്ന മിസ്സ്.എവാൻസ് (ഇപ്പോൾ മിസ്സിസ് വിററ്ലി) കൂട്ടിക്കൊണ്ടാക്കിയതു് അന്നു ഇന്ത്യൻ വൈ. എം. സി. എ. യുടെ വക ഹോസ്റ്റൽ ഇട്ടിരുന്ന വോബേൺസ്ക്വയർ 26-ാംനമ്പർ വീട്ടിൽ ആയിരുന്നു. ഒരു ചെറിയ മഴയേയും ലണ്ടൻനഗരത്തിലെ ഗതാഗതജലപ്പെരുപ്പത്തെയും മുറിച്ചുകൊണ്ട് ഞങ്ങളുടെ ടാക്സി വോബേൺ സ്ക്വയറിലേയ്ക്കു് വരുമ്പോൾതന്നെ, വിശ്വവിഖ്യാതമായ ആ നഗരം ആദ്യം കാണുമ്പോൾ ഉണ്ടായ ജിജ്ഞാസയും പരിഭ്രമവും കൊണ്ട് എന്റെ ബുദ്ധി ബഹുമുഖമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. എങ്കിലും സമയം അപ്പോൾ ഏതാണ്ട് അഞ്ചു മണി ആയിരുന്നു എന്ന് മനസ്സിലാക്കാൻ എനിക്കു വിഷമം നേരിട്ടില്ല. പക്ഷേ ഞങ്ങൾ വോബേൺസ്ക്വയറിൽ വന്നുചേർന്നപ്പോൾ അവിടത്തെ പള്ളിമണിയിൽ 11 അടിച്ച് 15 മിനിട്ടേ ആയിരുന്നുള്ളു.

നാഴികമണികളുടെ ഈ വിചിത്രമായ പെരുമാററം ഒരു നിമിഷം എന്നെ അത്ഭുതപ്പെടുത്തി. പക്ഷേ ലോകത്തിലെ ഒന്നാംനമ്പർ നഗരത്തിൽ ആണ് ഞാൻ എത്തിയിരുന്നതെന്നും അവിടെ അത്ഭുതകരമായ പലതും കാണുമെന്നും ഉള്ള ചിന്ത എന്റെ അത്ഭുതത്തിനു തൽക്കാലം ഒടപ്പ് ഇട്ടു. വോബേൺ സ്ക്വയറിലെ പള്ളിയിലെ ആ മണി ആ സമയത്തും പതിനൊന്നേകാൽ മണി കാണിക്കാൻ ശാസ്ത്രീയമോ മതപരമോ ആയ വല്ല കാരണവും ഉണ്ടായിരിക്കയിരിക്കയില്ലെന്നു ആരറിഞ്ഞു! എന്നാൽ അടുത്ത ദിവസം രാവിലെ ആറുമണിക്കും, അതിനുശേഷം ഞാൻ ആ പരിസരങ്ങളിൽ ഉണ്ടായിരുന്ന മൂന്നരവർഷത്തോളം ആ മണി എന്നും എല്ലായ്പോഴും പതിനൊന്നേകാൽ മണിതന്നെ കാണിച്ചു. വാസ്തവത്തിൽ ആ മണി ഭൂതകാലത്തു മാത്രം ജീവിക്കാനുള്ള അതിശക്തമായ പ്രവണത ഉണ്ടായിരുന്ന ഒരു മാനസികരോഗിയായിരുന്നു; അല്ല അല്പംകൂടി സ്നേഹപൂർവമായ ഒരഭിപ്രായം ആ മണിയെക്കുറിച്ചു പറയാൻ ആണെങ്കിൽ ഒരു പള്ളിമണിതന്നെ ആയിരുന്നു; ചുററുപാടും ഉള്ള മണികൾ സമയത്തിനു തക്കവണ്ണം അവയുടെ സൂചികൾ മാററിക്കൊണ്ടിരുന്നാലും, അചഞ്ചലനായി പതിനൊന്നേകാലിൽ, തന്നെ തന്റെ സൂചികളെ നിർത്തുന്ന ഒരു സ്ഥിരപ്രജ്ഞൻ! ആണ്ടും തീയതിയുംകൂടി കാണിക്കുവാൻ എന്തെങ്കിലും മാർഗ്ഗം മണികളിൽ ഉണ്ടെങ്കിൽ, ഒരു പക്ഷേ ഇരുപതാംശതകത്തിന്റെ ആദിയിലെ ഏതെങ്കിലും ആണ്ടു മാസം തീയതിയുംകൂടി ആ

അകാലവേദിയായ പള്ളിമണി കാണിക്കുമായിരുന്നു എന്നു് എനിക്കു തോന്നിയിട്ടുണ്ടു്. വാസ്തവത്തിൽ ആ മണിക്കു പററിയതു്, പണ്ടേ പള്ളിമണി, പിന്നെ വോബേൺ സ്ക്വയറിൽ, എന്ന ഒരു വഷളത്വപരമ്പരയുടെ ദോഷമായിരുന്നു-വോബേൺ സ്ക്വയറിൽ വരുന്ന ഏതു മണിയും സൂക്ഷിച്ചില്ലെങ്കിൽ ഉറങ്ങിപ്പോകും; ഒരു പള്ളിമണിയുടെ കാര്യംപിന്നെ പറയാൻ ഉണ്ടോ?

ഒരു വൈകുന്നേരം നാം വോബേൺ സ്ക്വയറിൽ കൂടിപ്പോയാൽ, ആ തെരുവിലെ പ്രശാന്തത നമുക്കു് പ്രത്യേകം അനുഭവമാകും. റോഡിൽകൂടി പോകുമ്പോൾ റോഡരികിൽ ഉള്ള വീടുകളിലേയ്ക്കു് ജനാലകളിൽകൂടി നോക്കാനുള്ള മര്യാദകേടു നമുക്കുണ്ടെങ്കിൽ അവയിൽ ചിലതിൽ ആളുകൾ ശാന്തമായി വായനക്കാതെവർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നതു് കാണാം. ഉണ്ണുന്നതു് കഴിവുണ്ടെങ്കിൽ വർത്തമാനം പറയുന്നതു പോലെ നിശ്ശബ്ദമായിരിക്കുകയെന്നതു് ബ്രിട്ടീഷുകാർ മിക്കവാറും പാലിക്കാറുള്ള ഒരു നിയമം ആണെന്നു് മുൻപു പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെ നാം നടന്നു് 26-ാംനമ്പർ വീട്ടിൽ എത്തുമ്പോൾ ആ തെരുവിന്റെ പ്രശാന്തസ്വഭാവം ഒട്ടൊന്നു മാറിക്കാണാം. ശബ്ദത്തെ സംബന്ധിച്ചിടത്തോളം ഏതാണ്ടു് മരുഭൂമിയായ ആ തെരുവിൽ അലറിക്കൊണ്ടുനില്ക്കുന്ന ഒരു ഓസിസ് ആണു് 26-ാംനമ്പർ എന്നു പറയാം. ഇന്ത്യ, ബർമ്മ, സിലോൺ, കിഴക്കേആഫ്രിക്കാ, മൊറീഷ്യസ്, മാഡഗാസ്ക്കർ, പേർഷ്യ തുടങ്ങിയ ദേശങ്ങളിലെ പ്രശസ്തപൗരന്മാർ അവിടെ പല്ലിളിക്കുന്നതും, പാടുന്നതും, ചാടുന്നതും അട്ടഹസിക്കുന്നതും നമുക്കു കാണാം. ഇന്ത്യൻ വൈ. എം. സി. ഏ. നടത്തുന്ന ആ ഹോസ്റ്റലിൽ അവർ ഉണ്ണുകയാണു്. അത്രമാത്രം അതു തികച്ചും പൗരസ്ത്യമായ ആ രീതിയിൽ. ഉപ്പും മുളകും വേണ്ടവണ്ണം ചേർത്തു് കറിവച്ച ഇറച്ചിയും, ചപ്പാത്തിയും, അവിച്ച പച്ചരിയും, നെയ്യും, റൊട്ടിയും ചിലർ കൈകൊണ്ടും മററുചിലർ കത്തിയും മുള്ളുംകൊണ്ടും അങ്ങനെ കഴിച്ചുകൊണ്ടിരിക്കുകയാണു്. ആ മൂലയിൽ ആരെയും കൂസലില്ലാത്ത മുഖത്തു് ഒരു സർവവ്യാപിയായ പുച്ഛരസത്തോടുകൂടി ഇരിക്കുന്ന ആളാണു് എന്റെ ബംഗാളി സ്നേഹിതനായ മി. ഡി. ആർ. ഇംഗ്ലണ്ടിൽ വന്നിട്ടു നാലഞ്ചു കൊല്ലമായെന്നു തോന്നുന്നു. അക്കൗണ്ടൻസിയാണു പഠിക്കുന്നതു്. പക്ഷേ അക്കൗണ്ടൻസി ഉൾപ്പെടെ സകല കാര്യവും പുല്ലു തന്നെ. ഹാരിട്രൂമാന്റെ ഒരു വലിയ ആരാധകനാണു് മി. ഡി. പക്ഷേ അബ്രഹാംലിങ്കൺ ഇംഗ്ലണ്ടിലെ ഒരു പ്രൈംമിനിസ്റ്റർ ആയിരുന്നെന്നു വളരെക്കാലം വിശ്വസിച്ചിരുന്നു. ആ തെററു തിരുത്തിയ ആളിനെ നല്ലപോലെ ശകാരിച്ചതിനു ശേഷമേ, പുതിയ അറിവിനു് തലഗൃഹപ്രവേശം നൽകിയുള്ളു.

ഹാളിന്റെ മദ്ധ്യത്തായി വെറും ഷർട്ടിട്ടു്, ട്രൗസറിന്റെ രണ്ടു ബട്ടൺ അഴിഞ്ഞു് ഈഷദാഭാസമായി കാലിൽ വെറും ചെരുപ്പുമായി സ്വന്തം വീട്ടിൽ എന്നപോലെ ഇരിക്കുന്നതു പഞ്ചാബിയായ മി. ബിയാണു്. ആൾ പരമസാധു. പക്ഷെ സർവജ്ഞനാണു്. ഏതു വിഷയത്തെക്കുറിച്ചും ഉറക്കെ ഒരു വിദുരോപദേശം എവിടെവച്ചും ഏതു സമയത്തും ആർക്കും നൽകാൻ ഒരു മടിയുമില്ല. ചിലപ്പോഴൊക്കെ ബുദ്ധിപൂർവം സംസാരിക്കുകയും ചെയ്യും. അനന്തമായി തർക്കിക്കും. ആർക്കും ഒരു ഉപദ്രവവുമില്ല. അടുത്ത മേശയുടെ അരികിൽ കുന്തം വിഴുങ്ങിയ മട്ടിൽ നട്ടെല്ലു വളയാതെ ചിട്ടയിൽനിന്നു് അല്പംപോലും മാറാതെ വേഷം അണിഞ്ഞു്, ഒരുങ്ങിയിരിക്കുന്ന ആ ഗൗരവപ്രകൃതി സിലോൺകാരനാണു്. ബാരിസ്റ്റർ പരീക്ഷയ്ക്കു പഠിക്കുന്നു. വാഗ്മിയും, ഈഷദ്ഫലിതപ്രിയനും, ബുദ്ധിമാനുമാണു്. അധികം സംസാരിക്കാറില്ലാത്ത മി. കെ. ഇന്ത്യൻ സ്ററുഡൻസ്യൂണിയനിലെ ഒരു നെടുംതൂൺ തന്നെയായിരുന്നു. ഹാളിന്റെ ഒരു ഭാഗത്തു് അല്പം പ്രത്യേകമായിട്ടു് ഇട്ടിരിക്കുന്ന ആ മേശയ്ക്കടുത്തു് മുഖത്തു് ഒരു ഊറിയ ചിരിയോടുകൂടി ഇരിക്കുന്ന മെലിഞ്ഞ വനിത യൂണിയന്റെ ഹൗസ് സെക്രട്ടറിയായ മിസ്. ജെ. ആണു്. വളരെ കുഴഞ്ഞ ഒരു ജോലിക്കിടയിൽ വല്ലപ്പോഴുമൊക്കെ അവരുടെ ക്ഷമ പൊട്ടിത്തെറിക്കുന്നതു കേൾക്കാമെങ്കിൽ അതിൽ

അത്ഭുതപ്പെടേണ്ടതില്ല. ഇന്ത്യയുടെ നാനാഭാഗങ്ങളിൽ സിവിൽസർജ്ജ്യൻ, പ്രൊഫസ്സർ തുടങ്ങിയ ഉത്തരവാദപ്പെട്ട ജോലിയിൽ ഇരുന്നിട്ട്, ജീവിതത്തിന്റെ മദ്ധ്യഭാഗത്തോ മറേറാ വിദ്യാർത്ഥികൾ ആയിത്തീന്ന മേട്ടുര ദീർഘകായന്മാർ'മിസ്റ്റ് ജെ. കുറെ വെണ്ണക്കൂടി തരണം. ഇന്നത്തെ ചപ്പാത്തി മോശമായിപ്പോയി' എന്നിങ്ങനെ അലട്ടിത്തുടങ്ങുമ്പോൾ എങ്ങനെ വിഷമിക്കാതിരിക്കും, ക്ഷമ കെടാതിരിക്കും?

ഊണ് ഏതാണ്ട് തീരാറായി. പുതിയതായി വന്നുചേന്ന അംഗങ്ങൾ സ്വയം പരിചയപ്പെടുത്തുക എന്നൊരു ചടങ്ങ് അതിനുശേഷമുണ്ട്. അതിനുവേണ്ടി അന്ന് യൂണിയന്റെ സ്ഥിരം അദ്ധ്യക്ഷനായ ഞാൻ എഴുന്നേററ് ഹാളിന്റെ മദ്ധ്യത്തു ചെന്നുനിന്ന് പുതിയ ആളുകളെ ക്ഷണിക്കുന്നു. പുതിയതായി ഹോസ്റ്റലിൽ വന്നുചേന്നവർ ഓരോരുത്തരായി മുന്നോട്ടുവന്ന് സ്വയം പരിചയപ്പെടുത്തുന്നു. അതു് ബഹളം നിറഞ്ഞ ഒരു പരിപാടിതന്നെ. ഇംഗ്ലണ്ടിലെ പബ്ലിക് സ്കൂളുകളിൽ പുതിയതായി വന്നുചേന്ന വിദ്യാർത്ഥികളെ എണ്ണയിൽ ഇട്ടു പൊരിക്കുക തുടങ്ങിയ ആചാരങ്ങളോടുകൂടി ആയിരുന്നു പണ്ടുകാലങ്ങളിൽ പഴക്കംചെന്ന വിദ്യാത്ഥികൾ സ്വീകരിച്ചിരുന്നതെന്നു കേട്ടിട്ടുണ്ട്. അത്രത്തോളം ഇല്ലെങ്കിലും, വാക്കുകൊണ്ട് പുതിയ അംഗങ്ങളെ നിവത്തി പൊരിപ്പിച്ചാണ് ഇന്ത്യൻ സ്ററുഡൻസ് യൂണിയനിൽ സ്വീകരിക്കാറുള്ളതു് എന്നു പറയാം. എല്ലാം ഒരു വലിയ തമാശ.

ഈ ഘട്ടത്തിൽ ലണ്ടനിൽ നാം കണ്ടുമുട്ടാറുള്ള ഒന്നുരണ്ടുതരം ഇന്ത്യാക്കാരെക്കൂടി നമുക്ക് ഇവിടെ പരിചയപ്പെടാം. മി. എം. എന്റെ ഒരു നല്ല സ്നേഹിതനായിരുന്നു; ബംഗാളി. ഭാരതത്തിന്റെ മനസ്സിലും മേനിയിലും ഇംഗ്ലീഷുകാർ നൂററിഅൻപതു കൊല്ലമായി ഏൽപ്പിച്ച മുറിവുകൾ എല്ലാം എന്റെ സ്നേഹിതന്റെ ആ അഞ്ചടി ആറിഞ്ചു് നീളമുള്ള തടിയിൽ നിത്യമെന്നോണം വാ പിളന്ന് കരഞ്ഞുകൊണ്ടിരിക്കുന്നതായാണ് അദ്ദേഹത്തിന്റെ ഭാവം. അതനുസരിച്ചാണ് മി. എം-ന്റെ വാക്കും പോക്കും എല്ലാംതന്നെ. ഭക്തന്മാർ വല്ലയിടങ്ങളിലുംനിന്നു വാങ്ങുന്ന ഓരോ അടിയും ചില പ്രസിദ്ധക്ഷേത്രങ്ങളിലെ സ്നേഹമൂർത്തികളായ വിഗ്രഹങ്ങളിൽ പ്രത്യക്ഷമാകാറുണ്ടെന്ന ഐതിഹ്യങ്ങളാണ് എന്റെ സ്നേഹിതന്റെ ഭാവം കണ്ടാൽ തോന്നുന്നതു്. ഏതെങ്കിലും ഭാരതീയന്റെ ശരീരത്തു് എന്നെങ്കിലും ഒരു ബ്രിട്ടീഷ്ലാത്തി തടവുകയോ, ബയണററു കിഴിച്ചുനോക്കുകയോ, തോക്കുപുകവിടുകയോ ചെയ്തിട്ടുണ്ടെങ്കിൽ മി. എം-ന്റെ ദേഹം പരിശോധിച്ചു നോക്കിയാൽ മതി അതിന്റെ ചൂടും, പാടും കാണാൻ. മി. എം. ചിലപ്പോളൊക്കെ ഡാൻസിനു പോകും.

തന്നെ ആക്ഷേപിക്കാൻ ആഗ്രഹിയ്ക്കുന്ന ഒരു ബ്രിട്ടീഷുകാരൻ തന്റെ ജീവിതത്തിന്റെ ഓരോ മൂലയിലും ഒളിച്ചിരിക്കുന്നുണ്ടെന്ന് സംശയിക്കുന്ന മി: എം. നെപ്പോലെയുള്ള ഇൻഡ്യാക്കാർ ബ്രിട്ടനിലെ സാമൂഹ്യജീവിതത്തിന്റെ വിവിധവശങ്ങളിൽ സമത്ഥരാകാനും അങ്ങനെ ബ്രിട്ടീഷുകാരന്റെ ബഹുമാനം സമാർജ്ജിയ്ക്കുവാനും യത്നിക്കാറുണ്ട്. ഒരു സമുദായത്തിലെ ഒരു വിഭാഗമോ, മറെറാരു സമുദായംതന്നെയോ തന്നെ അവഹേളിക്കുന്നെന്ന് അടിസ്ഥാനത്തോടുകൂടിയോ അടിസ്ഥാനമില്ലാതെയോ സംശയിച്ച്, പ്രസ്തുതസമുദായത്തിന്റെ അപലപനകാരിയും, അനുഗ്രഹാത്ഥിയും ഒന്നിടവിട്ട് ആകുന്നവരെ ലോകത്തിൽ പലയിടത്തും കണ്ടുവരാറുണ്ട്. മനുഷ്യപ്രയത്നത്തിന്റെ മൗലികപ്രചോദനം എന്ന് പ്രശസ്തമനശ്ശാസ്ത്രവിദഗ്ദ്ധനായ ആഡ്ലർ പറയുന്ന അപകൃഷ്ടതാബോധം ഇവരെ സദാ ഉലത്തിക്കൊണ്ടിരിയ്ക്കുകയാണ് ചെയ്യുന്നതു്.

മി. എം. ഒരു നല്ല നൃത്തവിദഗ്ദ്ധനാണ്, ഇംഗ്ലീഷുകാരെപ്പോലെ തന്നെ ആ സാമൂഹിക കലയിൽ അയാൾ തത്പരനാണ്. എന്നാൽ അവിടെയും മി: എം. ന്റെ ജീവിതത്തെ ഈ അപകൃഷ്ടതാബോധം ശല്യപ്പെടുത്തുന്നു. ഇംഗ്ലീഷുകാരൻ വളരെ കാര്യമായി കരുതിവരുന്ന ഔപചാരികത്വവും ആയി അയാളുടെ അപകൃഷ്ടതാബോധം ഒരു സമരത്തിൽ എത്തുന്നു. ഒരുദാഹരണം പറയാം. നൃത്തവേളകളിൽ ഒരു പുരുഷൻ

തന്നോടുകൂടി നൃത്തം ചെയ്യാൻ ഒരു സ്ത്രീയെ ക്ഷണിച്ചാൽ, ആ സ്ത്രീ ഏതെങ്കിലും കാരണം കൊണ്ടു് ആ ക്ഷണം നിരസിയ്ക്കുകയാണെങ്കിൽ, ആ പുരുഷൻ ഉടൻതന്നെ മറെറാരു സ്ത്രീയെ നൃത്തത്തിനു് ക്ഷണിയ്ക്കരുതെന്നു് ഒരു നിയമം ഉണ്ടു്. ആ നിയമം മിക്കവാറും പാലിയ്ക്കപ്പെടുകയും ചെയ്യാറുണ്ടു്. മി. എം. ഈ നിയമത്തെ കൂട്ടാക്കാറില്ല. അതിന്റെ ഫലമോ? നൃത്തത്തിനോടൊത്തു് ഒരു ഇന്ദുമതീസ്വയംവരം നാടകം കൂടി തലകുത്തിനിറുത്തി അവിടെ നടക്കുന്നുണ്ടാകും. ഈ നാടകത്തിൽ മി. എം. അവിടെ സാലങ്കാരം, സാഹങ്കാരം വന്നിരിയ്ക്കുന്ന 'പരന്തപ' തുടങ്ങിയ കന്യകകളോടു, നൃത്തം ചെയ്യാൻ പ്രാർത്ഥിയ്ക്കുന്നു. ഫലമോ, അവരെല്ലാം ഉപേക്ഷിക്കുന്നു. മി. എം. ആദ്യം അർത്ഥിച്ചയുവതി നിരാസിച്ചതാണു് ഇതിനു കാരണം. എന്നാൽ മി. എം. ഇതൊരു ഭാരതീയാവഹേളനമായാണു് കരുന്നതു്. എന്നിട്ടു് ഒരു കലഹത്തിനു ശേഷമേ സ്ഥലം വിടൂ.

ഇനിയും ഇംഗ്ലണ്ടിൽ കാണാവുന്ന മറെറാരു തരം ഭാരതീയനെ എടുക്കാം. ഏതു ഇംഗ്ലീഷുകാരുടെ കൂട്ടത്തിലും, ഇന്ത്യയെക്കുറിച്ചു് അവർ ചെയ്യുന്ന ഏതു പരാമർശത്തിനും അയാൾക്കു് സാധാരണയായുള്ള ഒരു ഭാവം ഒരു ലഘുവായ ചിരിയാണു്. ഞരമ്പും തളർന്നുകിടക്കുന്ന ഈ മാന്യൻ ആ വഴിഞ്ഞൊഴുകുന്ന ചിരിയിൽകൂടി ഏതു കൂട്ടുകെട്ടിലും പെട്ടുകൊള്ളും. സ്വന്തം നാട്ടിനു് എത്ര അപമാനത്തെ ചെയ്യുന്ന പ്രസ്താവനയും പുഞ്ചിരിയുടെ ഈത്ത സദാ ഒഴുക്കിക്കൊണ്ടിരിക്കുന്ന അവന്റെ സമഭാവനയ്ക്കു് ഇളക്കം വരുത്തുകയില്ല. കുറഞ്ഞൊരുകാലത്തേക്കെങ്കിലും അവൻ ജീവിക്കാൻപോകുന്ന സമുദായത്തിലെ ആരുമായിട്ടും ഒരു ശണ്ഠയ്ക്കു് അവൻ ഒരുക്കമില്ല. പോരാ, കഴിവുണ്ടെങ്കിൽ അവരുടെ പ്രീതിപ്പാൽപ്പായസം അവനു കുടിയ്ക്കുകയും വേണം. ഇംഗ്ലണ്ടിൽ മാത്രമല്ല ജീവിതത്തിൽ അവർ താമസിച്ചിട്ടുള്ള ഒരു സ്ഥലത്തും ഒരു ശത്രുവിനെപ്പോലും ഉണ്ടാക്കിയിട്ടില്ലാത്ത നല്ലവരും ഈ കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും പറയട്ടെ. ആരുടേയും പ്രത്യേക പ്രീതിയ്ക്കുവേണ്ടിയല്ല അവർ സദാ ചിരിയ്ക്കുന്നതു്; ചിരിച്ചു പ്രസാദിപ്പിയ്ക്കാതെ ജീവിതത്തെ ഒരിയ്ക്കലും ഒരിടത്തും നേരിടാൻ വയ്യാത്തവർ ആണു് അവർ.

മൂന്നാമതൊരുതരം ഇന്ത്യാക്കാരെ കാണാം അവിടെ. ആ തരത്തിൽ പെട്ടയാളാണു് മി.—എന്നു് സങ്കല്പിയ്ക്കാം. മി.—എന്തെല്ലാം പഠിച്ചുകൊണ്ടു് ഇംഗ്ലണ്ടിൽവന്നുവോ അതിൽകൂടുതൽ ആയി ഒന്നുംതന്നെ ആ വിദ്വാനു് അറിഞ്ഞുകൂടാ. അതായതു് സാമുദായികമായി, താൻ ഏതു് സമുദായത്തിൽ ജീവിയ്ക്കുന്നുവോ, ആ സമുദായത്തിന്റെ ജീവിതത്തെ കുറിച്ചോ, അവരുടെസ്വഭാവവിശേഷങ്ങളെ കുറിച്ചോ, സർവോപരി തെററു്, ശരി എന്നിവയെക്കുറിച്ചു് അവർ സ്വീകരിയ്ക്കുന്ന മാനദണ്ഡത്തെക്കുറിച്ചോ എന്തെങ്കിലും അറിയണമെന്നു് ആ വിദ്വാനു് ഒരു ആഗ്രഹവും ഇല്ല. ഇതിന്റെ ഫലമായി മിക്കവാറും എല്ലാ സന്ദർഭങ്ങളിലും ഈ മനുഷ്യൻ തെററു്—അതായതു് ആ സമുദായത്തിനു് അസ്വീകാര്യമായതു്—മാത്രമേ ചെയ്യൂ.

ആ തെററു ചെയ്യുന്നതിൽ യഥാർത്ഥത്തിൽ സന്തോഷാഭാസമായ ഒരു രസം അയാൾക്കു ലഭിക്കുകയും ചെയ്യും. നല്ല ഒരു ഇംഗ്ലീഷ് ഹോട്ടലിൽ പോയി ഒരു മേശയുടെ അടുത്തിരുന്നു് അയാൾ കൈകൊണ്ടു്, അതെ, അയ്യായിരംവർഷത്തെ ആർഷപാരമ്പര്യമുള്ള കൈകൊണ്ടു്—ഇറച്ചിക്കഷണങ്ങൾ അങ്ങനെ എടുത്തു തിന്നുന്നതു കാണാം. പ്രത്യേകിച്ചു് അല്പം ഇഞ്ചിതിന്നിരിക്കുന്ന സന്ദർഭങ്ങളിൽ ആണെങ്കിൽ അയാൾ കാപ്പിയുടെ താബ്ളേർ വായ്ക്കു മുകളിൽ ഉയർത്തി വലിയ ഭഗീരഥപ്രയത്നം ഒന്നും വേണ്ടാത്ത ഒരു ഗംഗാപ്രവാഹത്തിൽകൂടി മാത്രമേ കാപ്പി കുടിയ്ക്കൂ. ഒരുപക്ഷേ അടുത്തദിവസം ആ ഹോട്ടലിന്റെ മുൻപിലെങ്ങാനും ആ വിദ്വാനെ കാണുമ്പോൾ 'ഇരിയ്ക്കാൻ ഇടമില്ല' എന്ന നോട്ടീസു് വിളമ്പുകാർ പുറത്തു വച്ചുകഴിയും. എന്നാലും ഭാരതീയ സംസ്കാരത്തിന്റെ ധിക്കാരശക്തി, ഇന്നലത്തെ മഴയ്ക്കു് ഇന്നു കുരുത്ത ഈ പാശ്ചാത്യ ഭൗതിക സംസ്കാരത്തെ വെല്ലുവിളിയ്ക്കാനുള്ള കഴി

# ഗ്രന്ഥസമ്പാദനം

## എം. പി. അപ്പൻ എം. എ. എൽ. ടി.

വിലയേറിയ എന്തെല്ലാം വസ്തുക്കളാണു് വീട്ടു് അലങ്കരിക്കാൻ നാം വാങ്ങാറുള്ളതു്! മുഖം നിഴലിച്ചു കാണത്തക്കവണ്ണം മിനുസമുള്ള മേശ തുടങ്ങിയ മരസ്സാമാനങ്ങൾ വിചിത്രമായി തുന്നൽവേല ചെയ്തിട്ടുള്ള വിരിപ്പുകൾ, പ്രകൃതിരാമണീയകം പ്രദർശിപ്പിക്കുന്ന ചിത്രങ്ങൾ ഇങ്ങനെ എണ്ണിയാലൊടുങ്ങാത്തവണ്ണം എത്രയെത്ര സാധനങ്ങൾക്കുവേണ്ടി നിർല്ലോഭമായി നാം പണം ചെലവാക്കുന്നു! ഈ സാധനങ്ങളിൽ ഒന്നെങ്കിലും വേണ്ടെന്നു വയ്ക്കാൻ നമുക്കു തോന്നുമോ? ഇല്ല. നമ്മുടെ പരിഷ്കാരബോധം അതനുവദിയ്ക്കുന്നില്ല.

എന്നാൽ, വീട്ടു് അലങ്കരിക്കാൻ നമ്മിൽ എത്രപേർ പുസ്തകം വാങ്ങാറുണ്ടു്? ഏറെയുണ്ടെന്നു തോന്നുന്നില്ല. പുസ്തകം വീട്ടിനൊരലങ്കാരമാണെന്നു മനസ്സിലാക്കിയിട്ടുള്ളവർപോലും ചുരുക്കമാണെന്നാണു് വിചാരിക്കേണ്ടിയിരിക്കുന്നതു്. മേശയും, കസേരയും നമുക്കു് ഉപയോഗമുള്ളവതന്നെ, സംശയമില്ല. പക്ഷെ, അവയെക്കാളും ഉപയോഗമുള്ളവയാണു് പുസ്തകങ്ങൾ. എന്നാൽ മേശയുടേയും മററും വിലയെ അപേക്ഷിച്ചു് പുസ്തകങ്ങളുടെ വില എത്രയോ തുച്ഛമാണു്!

നമ്മുടെ ഇടയിൽ അഭ്യസ്തവിദ്യരുടെ സംഖ്യ വർദ്ധിച്ചിട്ടും പാഠ്യപുസ്തകം അല്ലാത്ത പുസ്തകം നാം വാങ്ങാതിരിക്കുന്നതെന്തുകൊണ്ടാണെന്നു് ആലോചിക്കേണ്ടിയിരിക്കുന്നു. ദാരിദ്ര്യംകൊണ്ടാണോ നാം പുസ്തകം വാങ്ങാതിരിക്കുന്നതു്? അല്ലെന്നു നിസ്സംശയം പറയാം. എന്തുകൊണ്ടെന്നാൽ അത്യന്താപേക്ഷിതമല്ലാത്ത മററു പല സാമാനങ്ങളും വാങ്ങാൻ നാം പണം ചെലവാക്കുന്നുണ്ടു്.

നാം ആഹാരം കഴിക്കുന്നതു് നമ്മുടെ വപുസ്സിനെ പോഷിപ്പിക്കുന്നതിനാണല്ലോ. എന്നാൽ മനസ്സിനെ പോഷിപ്പിക്കുന്നതിനോ? അതിനാണു പുസ്തകം. "ജീവിക്കുന്നതിനുവേണ്ടിയാണു നാം ഭക്ഷിക്കേണ്ടതു്; അല്ലാതെ, ഭക്ഷിക്കുന്നതിനുവേണ്ടി ജീവിക്കുകയല്ല" എന്ന അഭിജ്ഞവചനം ഈ സന്ദർഭത്തിൽ സ്മരണീയമാകുന്നു. പുസ്തകം വാങ്ങാൻ, ആഹാരപദാർത്ഥം വാങ്ങാൻ ചെലവാകുന്നതിന്റെ എത്രയോ ചെറിയ ഒരംശം മാത്രമാണു് ആവശ്യമായിട്ടുള്ളതു്. ആഹാരത്തിന്റെ കാര്യം പോകട്ടെ. പരിഷ്കാരചിഹ്നങ്ങളായി മാത്രം തീർന്നിട്ടുള്ള മററു സാധനങ്ങൾ പലതും വാങ്ങാൻ നമുക്കു കഴിയുന്നില്ലേ? ആ സ്ഥിതിക്കു്, പുസ്തകം വാങ്ങാതിരിക്കുന്നതു ദാരിദ്ര്യംകൊണ്ടാണെന്നുള്ള അഭിപ്രായം അടിസ്ഥാനരഹിതമാണെന്നു വന്നുകൂടുന്നു.

ഗ്രന്ഥശാലകൾ ഉള്ള സ്ഥിതിക്കു സ്വന്തമായി പുസ്തകം വാങ്ങുന്നതു് അനാവശ്യമാണെന്നു ചിലർക്കു തോന്നിയേക്കാം. അതും ആദരണീയമാണെന്നു പറഞ്ഞുകൂടാ. നാം പതിവായി വായിച്ചു പഠിക്കേണ്ട പുസ്തകങ്ങൾ അനേകമുണ്ടു്. അവയെല്ലാം ഗ്രന്ഥശാലയിൽ നിന്നു കിട്ടുക എ

---

വു്—അയാൾ പ്രകടിപ്പിച്ചുകഴിഞ്ഞു! അതുമതി! സ്വതവേ, ഇംഗ്ലീഷ്ഭാഷ കൈകാര്യം ചെയ്യാൻ കഴിവു് വലുതായി ഉല്ലാത്തയാളാണു് ഈ വിദ്വാൻ എങ്കിൽ, അതിലും ഒരല്പംകൂടി മുന്നേറണമെന്നു് ആഗ്രഹം അയാൾക്കുണ്ടായിരിയ്ക്കുകയില്ല. സന്ദർശനാർത്ഥം ഒരു പ്രഭുകുടുംബത്തിൽപോയി, അവിടത്തെ ഒരംഗത്തോടുകൂടി അവരുടെ കുടുംബചിത്രങ്ങൾ തൂക്കിയിട്ടിരുന്ന ഹാളിൽകൂടി പോകവേ, അവിടെ ഒരു വനിതയുടെ ചിത്രം കണ്ടിട്ടു് 'Is this the picture of the woman of the house' എന്നു ചോദിച്ചതു് ഇക്കൂട്ടത്തിൽ പെട്ട ഒരാൾ ആയിരുന്നു.

ന്നതു സുകരമായ കാര്യമല്ല. കിട്ടിയാൽതന്നെയും വായിച്ചുതള്ളാനല്ലാതെ, വേണ്ടതുപോലെ ഗ്രഹിച്ചു പ്രയോജനം വരുത്താൻ അപൂർവ്വം ചില വ്യക്തികൾക്കല്ലാതെ മററാർക്കും സാദ്ധ്യമല്ലതന്നെ.

ഇങ്ങനെ നോക്കുമ്പോൾ നമ്മുടെ അനാസ്ഥ ഒന്നുമാത്രമാണു് പുസ്തകം വാങ്ങാതിരിക്കുന്നതിനു കാരണമെന്നു സമ്മതിക്കേണ്ടിവരുന്നു. പുസ്തകംകൊണ്ടുള്ള പ്രയോജനം നാം ഇനിയും വേണ്ടതുപോലെ മനസ്സിലാക്കിയിട്ടില്ല. പുസ്തകം നമ്മുടെ ആവശ്യങ്ങളിലൊന്നാണെന്നു നമുക്കു തോന്നിയിട്ടില്ല. കലാശാലാജീവിതം കഴിഞ്ഞു്, വല്ല മാസപ്പടിയും കിട്ടുന്നതോടുകൂടി നാം പുസ്തകവായന നിവൃത്തിവയ്ക്കുന്നു. ഒരു ഉത്തമാർദ്ധംകൂടിയായാലത്തെ കഥ പറയാനുമില്ല. പിന്നത്തെ വിചാരമെല്ലാം ധനം ആർജ്ജിക്കാനാണു്. എങ്കിലും, ലഹരിപദാർത്ഥം, സാരി, സിനിമ, മുതലായവയിലൂടെ നാമറിയാതെ നമ്മുടെ പണം ചോർന്നുപോകുന്നു. ഇങ്ങനെ ചെലവാകുന്ന പണത്തിൻെറ തുച്ഛമായ ഒരംശം ഗ്രന്ഥസമ്പാദനത്തിനു വിനിയോഗിക്കുകയാണെങ്കിൽ അതു് എന്തൊരു നല്ല കാര്യമായിരിക്കും!

പുസ്തകം നമ്മുടെ മനസ്സിനു സുഖം തരുന്നു; മനസ്സിനു വളർച്ചയുണ്ടാക്കുന്നു; നമ്മെ സംസ്കാരസമ്പന്നരാക്കുന്നു. അതു മാത്രമോ? നമ്മുടെ കാലത്തിനുശേഷം നമ്മുടെ പരമ്പരകൾക്കു് അമൂല്യമായ ഒരു നിധിയായി അവശേഷിക്കുന്നു. കഴിഞ്ഞ എത്രയോ നൂററാണ്ടുകളിലുള്ള മനുഷ്യരുടെ ബുദ്ധിശക്തിയുടേയും ഹൃദയത്തിൻേറയും പ്രവർത്തനത്തിൻെറ പരിണതഫലമാണു് പുസ്തകങ്ങളിൽ ഭദ്രമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നതു്!

നിങ്ങളുടെ ഭവനത്തിൽ ഒരു ഗ്രന്ഥശാലയുണ്ടാക്കാൻ ഇന്നുതന്നെ ശ്രമിക്കുക. അതിനു വലിയ മൂലധനമൊന്നും വേണ്ട. തുഞ്ചൻേറയും കുഞ്ചൻേറയും കൃതികൾ തുച്ഛമായ വിലയ്ക്കു കിട്ടും. പത്തോ, പന്ത്രണ്ടോ അണമതി ആശാൻേറയോ, ഉള്ളൂരിൻെറയോ, വള്ളത്തോളിൻെറയോ ഒരു ലഘുകൃതി വാങ്ങാൻ. ക്രമേണ നിങ്ങളുടെ ഗ്രന്ഥശാല വളർന്നുകൊള്ളും. ഒരു പുഷ്പവാടിയോ, ഒരു സാഹിത്യമഞ്ജരിയോ, ഒരു മണിമഞ്ജൂഷയോ വാങ്ങിക്കുക. നിങ്ങൾക്കു് അവാച്യമായ ആനന്ദം നൽകാൻ അതു പര്യാപ്തമാണു്. താഴ്ന്ന ക്ലാസ്സിൽ പഠിക്കുന്ന, നിങ്ങളുടെ വീട്ടിലുള്ള ഒരു കുട്ടിയുടെ കൈയിൽ ആ ഗ്രന്ഥം ഏല്പിക്കുക. അപ്പോൾ കാണാം,

"ഗുണമെന്നിയൊരാൾക്കുമെന്നിൽ നി-
ന്നണയായ്‌വാൻ തരമാകണം വിഭോ!
അണുജീവിയിലും സഹോദര-
പ്രണയം ത്വൽകൃപയാലെ തോന്നണം"

എന്നിങ്ങനെയുള്ള സാർവലൗകികമായ പ്രാർത്ഥനകളും,

"വെൺതിങ്കൾബിംബത്തിൻ സൗമ്യപ്ര-
കാശവും,
മുന്തിരിസ്സത്തിൻെറ മാധുര്യവും,
പൂന്തയ്യൽത്തെന്നലിൻ പൂണ്ണുകുളിർമ്മയും
മാന്തളിർത്തൊത്തിൻെറ മാർദ്ദവവും,"

ഇത്യാദി സൗന്ദര്യഗീതങ്ങളും,

"ഒരൊററ മതമുണ്ടുലകിന്നുയിരാം
പ്രേമമതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും
പാർവണശശിബിംബം"

എന്നു തുടങ്ങുന്ന സൂക്തിതല്ലജങ്ങളുംകൊണ്ടു് നിങ്ങളുടെ ഭവനം മുഖരിതമാകുന്നതു്. അപ്പോൾ കാണാം, നിങ്ങളുടെ വസതിയിൽ ആനന്ദം ചിറകുവിടുർത്തി പറന്നു കളിക്കുന്നതു്.

# എം. പി. പോൾ

പനമ്പിള്ളി ഗോവിന്ദമേനോൻ എം. എ; ബി. എൽ.

കോട്ടയം സാഹിത്യപ്രവൎത്തക സഹകരണസംഘത്തിൻെറ ആഭിമുഖ്യത്തിൽ 25-8-53-ൽ ശ്രീ. എം. പി. പോളിൻെറ എണ്ണച്ഛായ ചിത്രം അനാച്ഛാദനം ചെയ്തുകൊണ്ടു നടത്തിയ പ്രസംഗം.

അവിസ്മരണീയമായ ഒരവസരമാണിതു്. യശഃശരീരനായ ശ്രീ. എം. പി. പോളിൻെറ ചിത്രം അനാച്ഛാദനം ചെയ്‌വാൻ സാഹിത്യപ്രവൎത്തക സഹകരണസംഘക്കാർ എന്നോടാവശ്യപ്പെട്ടതിൻെറ ഔചിത്യം പക്ഷേ, ചോദ്യം ചെയ്യപ്പെട്ടേക്കാം. എന്തെന്നാൽ ഞാനൊരു പ്രമുഖ സാഹിത്യകാരനോ, കലാമൂല്യങ്ങളെ പരിശോധിയ്ക്കുവാൻ കഴിവുള്ള ഒരു വിമർശകനോ അല്ല.

ശ്രീ പോൾ എൻെറ ഒരു സുഹൃത്തായിരുന്നു. തൃശ്ശൂരും എറണാകുളത്തും അദ്ദേഹം താമസിച്ചിരുന്ന കാലങ്ങളിൽ ഞങ്ങൾ അന്യോന്യസമ്പൎക്കം പുലർത്തിയിരുന്നു. രണ്ടാണു്, ശ്രീ. പോളിൻെറ ജീവിതചൎയ്യയിൽ മുന്തിനിന്നിരുന്ന സ്വഭാവ വിശേഷങ്ങൾ. എന്തുകൊണ്ടും അടിച്ചമൎത്താൻ കഴിയാത്ത സ്വാതന്ത്ര്യതൃഷ്ണ ഒന്നാമതായും, ആരെയും ആകൎഷിക്കാനും അടിമപ്പെടുത്താനും പോന്ന ആൎജ്ജവശീലം രണ്ടാമതായും. ബാഹ്യമായ ആകാരംപോലെതന്നെ തെളിവും മിഴിവും ഇനിവുമുള്ളതായിരുന്നു അദ്ദേഹത്തിൻെറ ആന്തരമായ പ്രകൃതവും. ഇവയിൽ ഒടുവിലത്തേതായ ഇനിവാണു് ഇന്നു നാമിവിടെ അദ്ദേഹത്തിൻെറ സ്മരണയെ ബഹുമാനിക്കുവാനായി ഒന്നിക്കുന്നതിനു കാരണമാക്കിയതും.

മൂന്നുനാലു കത്തോലിക്കാ വൈദികരുൾപ്പെട്ട ഒരു പ്രശസ്ത യാഥാസ്ഥിതിക കുടുംബത്തിലായിരുന്നു ശ്രീ. പോളിൻെറ ജനനം. അദ്ദേഹത്തിൻെറ വിദ്യാഭ്യാസജീവിതം ആനുകാലികമായ വിജയപരമ്പരകളിൽക്കൂടി കടന്നു് എം. എ. ബിരുദമാകുന്ന പരിണാമത്തിൽ ശ്രീ. പോളിനെ തൻെറ ഇരുപതാം വയസ്സിൽ എത്തിച്ചു. ഇംഗ്ലീഷ് സാഹിത്യത്തിൽ രണ്ടാംക്ലാസ്സിൽ ഈ ബിരുദം നേടിയ അദ്ദേഹത്തിനു് ഒരു ജീവികയ്ക്കുവേണ്ടി ഏറ്റും ക്ലേശിക്കേണ്ടിവന്നില്ല. തൃശ്ശിവപേരൂരെ സെൻറ്തോമസ് കോളേജിൽ ശ്രീ. പോൾ ഒരു ലക്ച്ചററായി നിയമിക്കപ്പെട്ടു. എന്നാൽ നീക്കുപോക്കില്ലാത്ത സ്വാതന്ത്ര്യതൃഷ്ണ ഈ ജോലി അധികംകാലം വച്ചുപുലൎത്തുന്നതിനു് അദ്ദേഹത്തെ സമ്മതിച്ചില്ല. കോളേജ് അധികാരികളുമായുണ്ടായ തത്വാധിഷ്ഠിതമായ ചില അഭിപ്രായവ്യത്യാസങ്ങൾ ആ ജോലി വിടുന്നതിനുതന്നെ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഇതിനിടയ്ക്കു സ്വന്തം അഭിലാഷം അനുസരിച്ചുള്ള ഒരു വിവാഹബന്ധത്തിൽ ഏർപ്പെടുകയാൽ ശ്രീ. പോൾ തൻെറ അടുത്ത ബന്ധുക്കളുടെ പോലും അപ്രീതി സമ്പാദിച്ചതായും കേട്ടുകേൾവിയുണ്ടു്. സെൻറ്തോമസ് കോളേജിനുശേഷം, അദ്ദേഹം സ്വന്തമായി ഒരു ട്യൂട്ടോറിയൽ കോളേജ് സ്ഥാപിച്ചു് അദ്ധ്യാപനം നടത്തി, അതിൽ അനന്യസാധാരണമായ വിജയം കൈവരിച്ചു. പല കൊല്ലങ്ങൾക്കുശേഷം പിന്നീടു് അദ്ദേഹം ചങ്ങനാശേരി സെൻറ്ബാക്കമാൻസ് കോളേജിലും, തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിലും, ഇംഗ്ലീഷ്പ്രൊഫസറായി ജോലിനോക്കീട്ടുണ്ടു്. എന്നാൽ തൃശ്ശൂർ കോളേജിൽ വച്ചുണ്ടായ തൻെറ അനുഭവം പ്രമാണമാക്കി അദ്ദേഹം പിന്നൊരിക്കലും, തൻെറ സ്വതന്ത്രതൊഴിലായ ട്യൂട്ടോറിയൽ കോളേജ് പ്രവൎത്തനത്തിൽനിന്നു വിരമിക്കാൻ കൂട്ടാക്കിയില്ല.

ഒരു ട്യൂട്ടോറിയൽ കോളേജിലെ ഇംഗ്ലീഷ് അദ്ധ്യാപകൻ എന്ന നിലയ്ക്കുള്ള ശ്രീ. പോളി



എം. പി. പോൾ

ൻെറ പ്രവർത്തനം വളരെ മെച്ചപ്പെട്ടതും കാര്യക്ഷമവുമായിരുന്നു. ഈ ഒരു വസ്തുതയാണു് വിദ്യാർത്ഥികളെ ആണ്ടുതോറും ശതക്കണക്കിനു് അദ്ദേഹത്തിൻെറ സ്ഥാപനത്തിലേക്കാകർഷിച്ചതു്. തിരുവിതാംകൂർകൊച്ചിയിൽ ഇപ്പോഴുള്ള ബിരുദധാരികളിൽ പലരും എം. പി. പോൾസ് കോളേജിലും പഠനം നടത്തിയിട്ടുള്ളവരാണു്. ഒരു പക്ഷേ, ഇപ്രകാരമൊരു സ്ഥാപനമുണ്ടായിരുന്നില്ലെങ്കിൽ അവരിൽ ചിലരൊക്കെ ബി. ഏ. പാസാകുമായിരുന്നോ എന്ന കാര്യംതന്നെ സംശയമാണു്.

സർവ്വകലാശാലാ പരീക്ഷകൾക്കു വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന പദ്ധതി സ്വതന്ത്രചിന്തയ്ക്കു് വലിയ സൗകര്യമൊന്നും നൽകുന്ന ഒന്നല്ല. എന്നാൽ ശ്രീ. പോൾ, ഒരു സ്വാതന്ത്ര്യേച്ഛുമാത്രമല്ല ഒരു സ്വതന്ത്രചിന്തകനുംകൂടിയായിരുന്നു. അദ്ദേഹത്തിൻെറ ഈ ചിന്താസ്വാതന്ത്ര്യം പ്രകടമാക്കിയതു് മുഖ്യമായും രണ്ടുരംഗങ്ങളിലായിരുന്നു. ഒന്നു മതത്തിലും, രണ്ടു് സാഹിത്യത്തിൽ അഥവാ കലയിലും. മൂന്നുനാലു് മതപുരോഹിതന്മാരെ ഉൾക്കൊള്ളുന്ന ഒരു പഴയ കത്തോലിക്കാ കുടുംബത്തിലെ അംഗമായ ശ്രീ.

പോൾ, ആ പൗരോഹിത്യത്തിൻെറ സർവ്വംകഷമായ സ്വാധീനം ചെലുത്തലിനെ അങ്ങിങ്ങു ചോദ്യംചെയ്‌വാനും അല്പാല്പം പ്രതിഷേധിക്കാനും മുതിർന്നു. വിശേഷിച്ചു വെറും ഭൗതികങ്ങളായ സംഗതികളിൽ പള്ളിക്കുള്ള ആജ്ഞാകരത്വം അയുക്തവും മനുഷ്യൻെറ മൗലികാവകാശങ്ങളെയും അന്തസ്സിനെയും അധഃകരിക്കുന്നതും ആണെന്നു അദ്ദേഹം പരസ്യമായിത്തന്നെ പ്രസ്താവിച്ചു. കുറെക്കാലം അദ്ദേഹത്തിൻെറ പത്രാധിപത്യത്തിൽ ചങ്ങനാശ്ശേരിയിൽനിന്നു പ്രസിദ്ധംചെയ്ത 'കേരളസന്ദേശം' എന്നവാരികയിൽ ശ്രീ. പോൾ തൻെറ ഈദൃശങ്ങളായ അഭിപ്രായങ്ങളെ നിസ്സങ്കോചം വെളിപ്പെടുത്തുന്നതിനൊട്ടും മടിച്ചതുമില്ല. പരമാർത്ഥത്തിൽ ഒരു ദൈവവിശ്വാസിയായിരുന്ന അദ്ദേഹം അങ്ങനെ ഒരു മതവിരോധിയായി മുദ്രയടിക്കപ്പെട്ടു. ഒരു കത്തോലിക്കനായി ജനിച്ച എം. പി. പോൾ, ജീവിച്ചതും മരിച്ചതും സ്വമതവലയത്തിനുള്ളിൽത്തന്നെ ആയിരുന്നു എങ്കിലും, തനിക്കു സ്വതന്ത്രമായി ചിന്തിക്കുവാനുള്ള അവകാശം ആരാലും അനിഷേധ്യമെന്നു വാദിച്ചു. തന്നിമിത്തം അദ്ദേഹത്തിൻെറ ആസ്തിക്യം നിഷേധിക്കപ്പെടുകയും താൻ കറുത്ത ആടുകളുടെ കൂട്ടത്തിൽ പരിഗണിക്കപ്പെടുകയുമാണുണ്ടായതു്.

എന്നാൽ, മറെറാരു രംഗത്തിൽ ശ്രീ പോളിൻെറ പ്രവണതകൾ യഥാർഹം ആദരിക്കപ്പെടുകയും അഭിനന്ദിക്കപ്പെടുകയുമുണ്ടായി; സാഹിത്യവും കലകളും ഉൾക്കൊള്ളുന്ന രംഗത്തിൽ. അവിടെ അദ്ദേഹത്തിൻെറ ചിന്താസ്വാതന്ത്ര്യത്തിൽ മുട്ടകളിട്ടു തടയുവാൻ ആരും ഒരുമ്പെട്ടില്ല. അതിൻെറ ഫലമായി മലയാളികൾക്കു അഭിമാനത്തോടെ വീക്ഷിക്കാൻ കഴിവുള്ള ചില കൃതികൾ നമുക്കു ലഭിച്ചിട്ടുമുണ്ടു്. അവയുടെ അഴകും ഓജസ്സും, ഉപയോഗയോഗ്യതയും പരിഗണിക്കുമ്പോൾ ശ്രീ പോളിൽനിന്നു ഇത്രയും കൃതികൾ മാത്രമേ കൈരളിക്കു ലഭിച്ചുള്ളുവല്ലോ എന്നു ഏതു ഭാഷാഭിമാനയും ഖേദിക്കാതിരിക്കയില്ല. സാഹിത്യത്തിൽ വളരെക്കൂടുതൽ പ്രവർത്തിക്കാൻ എല്ലാവിധ കഴിവുകളും തികഞ്ഞിരുന്ന ശ്രീ പോൾ, തൻെറ ആശയസമ്പത്തും വിജ്ഞാനധോരണിയും വരമൊഴിയിലാക്കുന്നതിനു കുറെ ഏറെ ഉദാസീനനായിരുന്നില്ലേ എന്നും തോന്നിപ്പോകും. അഥവാ കലാമൂല്യത്തിലും, പ്രയോജനത്തിലും തനിക്കു പൂർണ്ണമായ ബോദ്ധ്യം തോന്നിയ കൃതികളെ മാത്രമേ അദ്ദേഹം പുറത്തു പ്രകാശിപ്പിക്കാൻ കൂട്ടാക്കിയുള്ളുവെന്നും വരാം. എങ്ങനെയായാലും നോവൽസാഹിത്യം, ചെറുകഥാപ്രസ്ഥാനം മുതലായ ലക്ഷണഗ്രന്ഥങ്ങളും, സാഹിത്യവിചാരം, സൗന്ദര്യനിരീക്ഷണം മുതലായ നിബന്ധങ്ങളും മതി ശ്രീ. പോളിൻെറ പ്രശസ്തിയെ നിലനിറുത്താൻ.

ഇവിടെയും, തൻെറ അവിച്ഛിന്നമായ സ്വാതന്ത്ര്യതൃഷ്ണയും, അതിരററ ആത്മാർത്ഥതയും ശ്രീ പോളിനു, സംഘട്ടനത്തേയും പ്രതിയോഗികളെയും നേടിക്കൊടുത്ത സന്ദർഭങ്ങൾ വിരളങ്ങളല്ല. ഭാഷയിലെ പുരോഗമനസാഹിത്യവിഭാഗത്തിൻെറ ഉപജ്ഞാതാക്കളിൽ ഒരാളായിരുന്ന ശ്രീ പോൾ, അവരിൽത്തന്നെയുള്ള വാമപക്ഷീയരുടെ അവജ്ഞയ്ക്കു പാത്രമായിത്തീർന്ന കഥയാണു ഞാനിവിടെ അനുസ്മരിക്കുന്നതു്. പുരോഗമനസാഹിത്യപക്ഷപാതികൾ ആറേഴുകൊല്ലം മുമ്പു് ഒരു പ്രത്യേകമായ സംഘടനയുണ്ടാക്കി. അതിൻെറ അദ്ധ്യക്ഷനായി അവർ വരിച്ചതു് ശ്രീ പോളിനെ ആയിരുന്നു. അദ്ദേഹത്തിൻെറ നിയാമകത്വത്തിൽ പ്രസ്തുത സംഘടനയ്ക്കു സാമാന്യം പുഷ്ടിയും പ്രചാരവും സിദ്ധിച്ചു. കുറെ പണ്ഡിതന്മാർക്കു മാത്രമല്ല, സാമാന്യജനങ്ങൾക്കും, ആസ്വദിക്കത്തക്കതും, രസിക്കത്തക്കതും സുഖിക്കത്തക്കതും ആയിരിക്കണം സാഹിത്യം (കല) എന്ന പുരോഗമനസിദ്ധാന്തത്തിൽ സ്വാഭിപ്രായവിരുദ്ധമായി ശ്രീ പോൾ ഒന്നുംതന്നെ കണ്ടില്ല. എന്നാൽ, നിലവിലുള്ള സമുദായവ്യവസ്ഥിതിക്കു സമൂലപരിവർത്തനം വരുത്തത്തക്കവിധത്തിൽ വിപ്ലവാത്മകമായിരിക്കണമതു്, അതു മാത്രമേ ആകാവു അതിൻെറ രൂപവും, ഭാവവും എന്നും മററും ഒരു കൂട്ടർ വാദിച്ചു തുടങ്ങിയപ്പോൾ അദ്ദേഹം 'ചുവപ്പു്'കണ്ടു. സാഹിത്യത്തെ (കലയെ) സാമൂഹ്യപരിവർത്തനം ഉണ്ടാക്കാനുള്ള ഒരായുധം മാത്രമായി അധഃപതിപ്പിക്കുന്നതിനു്, ശ്രീ. പോളിൻെറ പഠിപ്പും ഗ്രന്ഥപരിചയവും മാത്രമല്ല

യുക്തിയും അഭിരുചിയുംകൂടി എതിരായിരുന്നു. ഇടതുപക്ഷക്കാർ സംഘടനയിൽനിന്നു തെറ്റി. പക്ഷെ, ശ്രീ. പോൾ തന്റെ അഭിപ്രായത്തിൽ ഉറച്ചുതന്നെനിന്നു. പല വാദപ്രതിവാദങ്ങൾക്കും നിശിതവിമർശനങ്ങൾക്കും ഇടയാക്കിയ ഈ ഘട്ടത്തിലും, സമുദായത്തിലെന്നപോലെ, കലാസൃഷ്ടിയിലും, വ്യക്തിയ്ക്കു പരിപൂർണ്ണമായ സ്വാതന്ത്ര്യം ആവശ്യമാണെന്നുള്ള തന്റെ പക്ഷത്തിൽ ഉറച്ചുനിൽക്കുവാൻ തന്നെ അദ്ദേഹം മുതിർന്നു.

ഒരു നല്ല സംഗീതജ്ഞൻകൂടിയായിരുന്ന ശ്രീ. പോൾ, ജീവിതത്തെപ്പററിയുള്ള തന്റെ വീക്ഷണഗതിയിൽ ഒരു hedonist (ആനന്ദമതക്കാരൻ) ആയിരുന്നു എന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. ജീവിതത്തിൽനിന്ന് ഒരു നല്ല ഗാനത്തിൽനിന്നെന്നപോലെ കഴിയുന്നത്ര രസം ഊററിയെടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനുവേണ്ടിയുള്ള ഉപകരണങ്ങൾ, സംഗീതം, സാഹിത്യം മുതലായ കലകൾ; ഇവയ്ക്കുപുറമേ വസ്തുനിഷ്ഠമായ ദൃഢപ്രയത്നവും: ശ്രീ. പോളിന്റെ ജീവിതതത്ത്വം സാമാന്യേന ഇങ്ങനെ ആയിരുന്നു എന്നു പറയാം.

ഉത്തമനായ ഒരു സാഹിത്യസ്രഷ്ടാവിന്റെ ലക്ഷണങ്ങൾ പറയുന്ന കൂട്ടത്തിൽ അദ്ദേഹം ഇപ്രകാരം എഴുതിയിട്ടുണ്ട്:—

"പരിപക്വമായ ലോകപരിചയവും, നിരങ്കുശമായ സൃഷ്ടിവൈഭവവും തന്നെത്തന്നെ അനേകധാ അംശീകരിക്കുന്നതിനും, ഇതരന്മാരെ തന്നിൽത്തന്നെ സംഗ്രഹിക്കുന്നതിനും ആവശ്യമായ ബുദ്ധിവൈഭവവും, ലോകനടപടികൾ നിമ്മത്സരബുദ്ധ്യാ വിമർശിക്കുന്നതിനു വേണ്ടതായ മഹാശയത്വവും, രമണീയവസ്തുക്കളെയും മനുഷ്യസ്വഭാവ മാഹാത്മ്യത്തെയും ഹൃദിസ്ഥമാക്കി, സ്വാനുഭവത്തെ ഇതരന്മാർക്കു സംപ്രാപ്യമാക്കത്തക്ക സഹൃദയത്വവും, സുശിക്ഷിതമായ രചനാഗുണവും കൈവന്നിട്ടുള്ള ഒരു സാഹിത്യരസികനു മാത്രമേ ശ്രേഷ്ഠകഥാഗ്രന്ഥങ്ങൾ നിമ്മിക്കാൻ സാധിക്കയുള്ളൂ."

ഈ വിവരണത്തിലുൾക്കൊള്ളുന്ന ഓരോ വിശേഷണവും, എം. പി. പോൾ എന്ന മനുഷ്യനും യോജിക്കുന്നതാണെന്നു കാണുവാൻ വിഷമമുണ്ടാകുമെന്നു തോന്നുന്നില്ല. ഇപ്രകാരം, വ്യക്തിമാഹാത്മ്യംകൊണ്ടും, സഹൃദയത്വംകൊണ്ടും, സാഹിതീമമ്മജ്ഞതകൊണ്ടും എല്ലാം ഒരുന്നതനായ സാഹിത്യകാരനും, പ്രഗത്ഭനായ പണ്ഡിതനും, വാഗ്മിയും, ആദർശശാലിയുമായിരുന്ന ശ്രീ. എം. പി. പോൾ, ഈ സാഹിത്യപ്രവത്തക സഹകരണസംഘത്തിന്റെ സ്ഥാപകന്മാരിൽ പ്രമുഖനും, അതിന്റെ ആദ്യത്തെ പ്രസിഡണ്ടും ആയിരുന്നു എന്നതു് നമുക്ക് അഭിമാനജനകമായ ഒരു വസ്തുതയാണ്. യശശ്ശരീരനായ അദ്ദേഹത്തിന്റെ മധുരസ്മരണയെ നമ്മുടെ മദ്ധ്യത്തിൽ നിലനിത്തുന്നതിന് പ്രയോജകീഭവിക്കാവുന്ന പല കാര്യങ്ങളിൽ ഒന്നാണ് അദ്ദേഹത്തിന്റെ പ്രസ്തുതമായ ഛായാപടം. അതിനെ ഞാൻ നിങ്ങളുടെ ആശംസകളോടെ സാദരം അനാച്ഛാദനം ചെയ്തുകൊള്ളുന്നു. നമസ്കാരം!

എം. ആർ. ബാലകൃഷ്ണവാരിയരുടെ കൃതികൾ

| | രൂ. | ണ. | | രൂ. | ണ. |
|---|---|---|---|---|---|
| ബർണാർഡ്ഷാ | 2 | 0 | കേരളഭാഷാചരിത്രം | 3 | 8 |
| കേരളവമ്മ | 2 | 0 | പ്രാചീനകേരളം | 1 | 8 |
| കുഞ്ചൻനമ്പ്യാർ | 1 | 12 | വ്യോമയാനം | 1 | 8 |
| പ്രബന്ധമഞ്ജരിഭാഗം I | 1 | 4 | ശാസ്ത്രവും യുദ്ധവും | 1 | 12 |
| ടി ടി II | 1 | 4 | കേരളചരിത്രകഥകൾ | 0 | 12 |

ആവശ്യപ്പെടേണ്ടും മേൽവിലാസം

എം. ആർ. ബാലകൃഷ്ണവാരിയർ എം. എ.

ശാരദാവിലാസം, സെൻറ് ജോസഫ്സ് ലെയിൻ, തിരുവനന്തപുരം.

# നല്ലവെള്ളം—അതെങ്ങനെ ഉണ്ടാക്കാം?

പി. ജി. നീലകണ്ഠപ്പിള്ള ബി. എ; എം. എസ്‌സി.

ജീവസന്ധാരണത്തിന് വായുവിനോളം തന്നെ ആവശ്യമായ സാധനം ആണ് വെള്ളം. ആഹാരംകൂടാതെ അൻപതും അറുപതും ദിവസങ്ങൾ ജീവിക്കാം. എങ്കിലും, വെള്ളം ഉപയോഗിക്കാതെ ഒരു ദിവസവും ഒരുത്തക്കും ജീവിക്കാൻ സാദ്ധ്യമല്ല. നമ്മുടെ ദേഹം 70 ശതമാനത്തിൽ കൂടുതൽ വെള്ളമാണ്. നാം വസിക്കുന്ന ഭൂമിയുടെ കാര്യം നോക്കുകയാണെങ്കിൽ 73 ശതമാനത്തിൽ കൂടുതൽ ഭാഗം ജലാശയങ്ങൾ കൊണ്ടു മൂടപ്പെട്ടിരിക്കയാണ്.

ശാസ്ത്രദൃഷ്ട്യാ നോക്കുമ്പോൾ വെള്ളം എന്ന സാധനം രണ്ടു ഭാഗം ഹൈഡ്‌റജനും ഒരു ഭാഗം ആക്‌സിജനും തമ്മിൽ ചേർന്നുണ്ടാകുന്ന ഒരു ദ്രാവകമാണ്. 19-ാം നൂറ്റാണ്ടുവരെ വെള്ളം ഒരു മൂലകമായി കരുതപ്പെട്ടിരുന്നു. എന്നാൽ 1783-ൽ കാവെൻഡിഷ് എന്ന പ്രസിദ്ധ ഇംഗ്ലീഷ് രസതന്ത്രജ്ഞൻ ഹൈഡ്‌റജനും ആക്‌സിജനും വൈദ്യുതിയുടെ സഹായത്താൽ ഒന്നിച്ചു ചേർത്ത് വെള്ളം ഉണ്ടാക്കാമെന്നു ആദ്യമായി കാണിച്ചു. പരിശുദ്ധമായ വെള്ളം കിട്ടുവാൻ പ്രയാസമാണ്. അതു വല്ല രസതന്ത്രശാലകളിലും പരീക്ഷണാർത്ഥം ഉണ്ടാക്കിനോക്കാനേ സാധിക്കൂ. അപ്രകാരം ലഭിക്കുന്ന ശുദ്ധജലത്തിനു സാധാരണ വെള്ളത്തിന്റെ യാതൊരു ഗുണവും കണ്ടില്ല എന്നും വന്നേയ്ക്കാം. നിറമില്ല, മണമില്ല, ഗുണമില്ല, സ്വാദില്ല. ഈ വിധത്തിലുള്ള വെള്ളം കുടിച്ചാൽ ദാഹശമനം ഉണ്ടാകുകയില്ല. ചിലപ്പോൾ ഛർദ്ദിച്ചു എന്നും വന്നേയ്ക്കാം. ഡിസ്റ്റിൽഡ്‌വാട്ടർ എന്നു പറഞ്ഞു കടകളിൽ കിട്ടുന്ന ദ്രാവകം കുടിച്ചുനോക്കിയാൽ മേല്പറഞ്ഞ അനുഭവം സ്പഷ്ടമാകും.

അടുത്തു കിട്ടുന്ന ഏതു സാധനത്തെയും അലിയിച്ചു ചേർത്ത് അതാതിന്റെ ഗുണദോഷങ്ങൾ സ്വയം ഏറ്റെടുക്കുവാൻ കെല്പുള്ള ഒരു ദ്രാവകമാണ് വെള്ളം. അക്കാരണത്താൽ അതിനെ ഒരു സാർവത്രികമായ ദ്രവീകരണോപാധി എന്നു കൂടി പറയാവുണ്ട്. അതുകൊണ്ടാണ് വെള്ളം പ്രകൃതിയിൽ ഒരിക്കലും ശുദ്ധമായി കാണാത്തതും. മാത്രമല്ല ചീത്തക്കൂട്ടുകൊണ്ട് ഇത്ര വേഗം ചീത്തയാകുന്ന പ്രകൃതം വേറൊരു സാധത്തിനും ഇല്ല. പ്രകൃതിയിൽ കാണുന്നതിൽ ഏറ്റവും ശുദ്ധമായത് മഴവെള്ളമാണ്. പ്രത്യേകിച്ചു ഒന്നു രണ്ടു മഴ കഴിഞ്ഞ് നിർമ്മലമായ അന്തരീക്ഷത്തിൽകൂടി വരുന്ന മഴവെള്ളം. ഇതിനോളം ശുദ്ധമായ വെള്ളം വേറെ കിട്ടുകയില്ല. തറയിൽ വീണ് ഒലിച്ചു തുടങ്ങിയാൽ ഓരോ മാലിന്യങ്ങളും അതിൽ ലയിച്ചുചേർന്നുതുടങ്ങും. ഭൂമിയുടെ മുകൾപരപ്പിൽകൂടി ഒലിച്ചു നദികളും തോടുകളുംവഴി കടലിൽ ചെന്നു ചേരുന്നതിനിടയ്ക്ക് വെള്ളത്തിനു പല ഗുണങ്ങളും. രുചികളും, നിറഭേദങ്ങളും ഉണ്ടായിത്തീരുന്നു.

എത്രയോ ലക്ഷം കൊല്ലങ്ങൾക്കുമുമ്പ് കടലുകളൊക്കെയും ശുദ്ധജലം നിറഞ്ഞതായിരുന്നു എന്നും അനേകായിരം നൂറ്റാണ്ടുകൾ കൊണ്ട് കരയിൽനിന്നും അലിയിച്ചുകൊണ്ടുപോയി നിക്ഷേപിക്കപ്പെട്ട ലവണങ്ങൾ കൊണ്ടാണ് കടലിലെ ഉപ്പുരസം ഉണ്ടായത് എന്നും ആണ് ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. കടലിലെ ഉപ്പുരസം ആണ്ടോടാണ്ടു കൂടിവരികയാണ്. ഈ വർദ്ധനവ് ഓരോ ദശവർഷത്തിലും എത്രയുണ്ടെന്ന് അപഗ്രഥിച്ചു മനസ്സിലാക്കി ഇപ്പോഴത്തെ ഉപ്പുരസത്തിന്റെ തോത് അനുഭവസിദ്ധമാകുന്നതിനു എത്ര ശതവർഷങ്ങൾ വേണ്ടിവരുമെന്നു കണക്കാക്കുന്നതു രസാവഹമാണ്. ഭൂമിയുടെ വയസ്സ് നിർണ്ണയിക്കുന്നതിന് ഇതു ഒരു എളുപ്പവിദ്യയായിട്ടാണു കരുതപ്പെട്ടിരിക്കുന്നത്.

ശുദ്ധജലത്തിന് അല്ലെങ്കിൽ പച്ചവെള്ളത്തിന് പ്രത്യേകമായൊരു ഗുണമോ ദോഷമോ ഇല്ല എന്നു പറഞ്ഞുവല്ലോ. വെള്ളത്തിൽ ലയിച്ചു

ചേരുന്ന സാധനങ്ങളുടെ കൂടുതൽ കുറവിനെ ആശ്രയിച്ചാണ് വെള്ളത്തിൻെറ ഗുണവും ദോഷവും. ഏററവും ഗുരുത്വം കൂടിയതായി കാണപ്പെടുന്നതു് കടൽവെള്ളമാണ്. അതിൽ 3.5 ശതമാനം ലവണങ്ങൾ ലയിച്ചുചേൎന്നിട്ടുണ്ടു്. ആയിരം ഗ്യാലൺ കടൽവെള്ളം വററിച്ചെടുത്താൽ 350 റാത്തൽ ലവണങ്ങൾ അതിൽനിന്നു കിട്ടും. ഉപ്പുരസത്തിനോടടുത്ത സ്വാദുള്ള ചില കിണററുവെള്ളങ്ങൾക്കുണ്ടു്. അവ മിക്കവാറും മഴ കുറവുള്ള പ്രദേശങ്ങളിലാണ് കാണാറുള്ളതു്. മിക്ക ആററുവെള്ളങ്ങളും സാധാരണയായി വളരെ ലഘുത്വമുള്ളവയാണ്, പക്ഷേ ചില നദികൾ അനേകായിരം നാഴിക പലതരം ഭൂപ്രകൃതികളിൽകൂടി സഞ്ചരിക്കുന്നതിനിടയ്ക്കു് വെള്ളത്തിനു കുറച്ചു ഗുരുത്വം കൂടാറുണ്ടു്.

വെള്ളത്തിൻെറ ഉപയോഗം പ്രധാനമായി ഏഴുവിധത്തിലാണ്. 1. ആഹാരപാനീയാദികൾ പാകംചെയ്യുന്നതിന് 2. മാലിന്യങ്ങൾ കഴുകിക്കളയുന്നതിന് 3. അഗ്നിശമനത്തിന് 4. വ്യവസായങ്ങൾക്ക് 5. കൃഷിക്കുവേണ്ട ജലസേചനത്തിന് 6. ഗതാഗതത്തിന് 7. വിദ്യുച്ഛക്തി ഉൽപ്പാദനത്തിന്. ഈ ഓരോ ആവശ്യത്തിനും ഉപയോഗിക്കുന്ന വെള്ളത്തിനും ഓരോവിധ പ്രത്യേകതകൾ വേണ്ടതായിട്ടാണു കാണുന്നതു്. ഒടുവിൽ പറഞ്ഞ മൂന്നു് ആവശ്യങ്ങൾ (ജലസേചനം, ഗതാഗതം, വിദ്യുച്ഛക്തി ഉൽപ്പാദനം) ഒഴിച്ചു മററുള്ള വകകൾക്കുള്ള ജലം ഒരു സംരംഭണ കേന്ദ്രത്തിൽനിന്നും വിതരണം ചെയ്യുവാൻ സാധിക്കും. നമ്മുടെ ഓരോ ആവശ്യത്തിനും തക്ക ഗുണപൌഷ്കല്യമുള്ള വെള്ളം പ്രകൃതിയിൽ കിട്ടി എന്നു വരുകയില്ല. ഓരോ സ്ഥലത്തും ധാരാളമായി കിട്ടുന്ന വെള്ളത്തെ സ്വതസ്സിദ്ധമായ പല മാലിന്യങ്ങളെയും മാററി ഓരോ ആവശ്യത്തിനുതകത്തക്ക വിധത്തിൽ ശുദ്ധിചെയ്യെടുക്കുന്നതിലാണു രസതന്ത്രത്തിൻെറ സഹായം അപേക്ഷണീയമാകുന്നതു്.

ഇനി വെള്ളത്തിലെ മാലിന്യങ്ങൾ ഏവ എന്നും അവയെ എങ്ങിനെ മാററി വെള്ളം ശുദ്ധിയാക്കാം എന്നും ആലോചിക്കാം. മാലിന്യങ്ങളെ അലിഞ്ഞുചേരുന്നവ, എന്നും അലിഞ്ഞുചേരാത്തവ എന്നും രണ്ടായി തരംതിരിക്കാം. അലിഞ്ഞുചേൎന്നവയിൽ വാതങ്ങൾ എന്നും ധാതുക്കൾ എന്നും രണ്ടു പ്രകാരത്തിലുള്ള സാധനങ്ങൾ ഉൾപ്പെടുന്നു. വാതകങ്ങൾ സാധാരണയായി $O_2$, $Co_2$ എന്നിവയാണ്. അവ രണ്ടിനേയും ദൂരീകരിക്കുന്നതിന്, വായുവിൽകൂടി ചെറിയ തുള്ളികളായി വെള്ളത്തെ പ്രവഹിപ്പിച്ചാൽ മതിയാകും. അലിഞ്ഞുചേൎന്ന ധാതുക്കൾ വളരെ കൂടുതലുണ്ടെങ്കിൽ, വെള്ളത്തിനു തന്നെ ഒരു ഉപ്പുരസം ഉണ്ടായിരിക്കും. മണലാരണ്യങ്ങളിലും ശുദ്ധജലം ഒരിക്കലും കിട്ടുവാൻ നിവൃത്തിയില്ലാത്ത സ്ഥലങ്ങളിലും കുറച്ചു ഉപ്പുരസം കലൎന്ന വെള്ളംപോലും കുടിക്കുന്നതിനു മനുഷ്യർ മടി കാണിക്കാറില്ല. എന്നു മാത്രമല്ല കുറച്ചുനാളത്തെ പരിചയംകൊണ്ടു് അത്തരം വെള്ളം കിട്ടിയില്ലെങ്കിൽ സുഖമായില്ല എന്നു ഒരു തോന്നൽകൂടി അവൎക്കുണ്ടാകാറുണ്ടു്. ലയനവസ്തുക്കൾ $(\frac{1}{1000})$ൽ കൂടുതൽ ഉണ്ടെങ്കിൽ, വെള്ളം പ്രായേണ കുടിക്കാൻകൊള്ളാത്തതാണെന്നു തീർച്ചപ്പെടുത്താം.

അലിഞ്ഞുചേരാത്ത മാലിന്യത്തിൽ പ്രധാനമായതു് ചെളി ആണ്. എത്രകാലം കഴിഞ്ഞാലും അടിയിൽ തങ്ങാത്ത വിധത്തിലുള്ള ചെളി സാധാരണയായി കണ്ടുവരാറുണ്ടു്. അതു ഏതെങ്കിലും രസതന്ത്രപ്രയോഗം കൊണ്ടുമാത്രമേ മാററിക്കിട്ടുകയുള്ളു.

മേൽപറഞ്ഞവയിൽനിന്നും വ്യത്യസ്തമായ ഒരു പ്രകൃതമാണു് രോഗാണുക്കൾക്കുള്ളതു്. അശുദ്ധവെള്ളം ഉപയോഗിക്കുന്നതുകൊണ്ടുണ്ടാകാവുന്ന രോഗങ്ങൾ പലതാണ്. പ്രധാനമായവ കാളറ, (നടപ്പുദീനം) ടൈഫോയിഡ്, (വിഷജ്വരം) ഡിസൻററി (വയറുകടി) ഇവയാണ്. ഈ മൂന്നു സുഖക്കേടുകളും വെള്ളത്തിൽകൂടെയാണ് പകരുന്നതു്. ഇതിൽ ഏതെങ്കിലും സുഖക്കേടുള്ള രോഗിയുടെ മലമൂത്രത്തിൽകൂടി വിസൎജ്ജിക്കപ്പെടുന്ന രോഗാണുക്കൾ വെള്ളത്തിൽചെന്നു ചേൎന്നാൽ കുറച്ചുനാൾ അവ അവിടെ ജീവിക്കും. അക്കാലത്തു് ആ വെള്ളം ഉപയോഗിക്കുന്നവൎക്കു് സുഖക്കേടു പിടിപെടുന്നു.

അതുകൊണ്ടു് കുളങ്ങൾ, നദികൾ, തോടുകൾ, ജലാശയങ്ങൾ ഇവ ഒരിക്കലും മലമൂത്രങ്ങളാൽ മലിനമാകാതെ സൂക്ഷിക്കേണ്ടതു നമ്മുടെ എല്ലാവരുടേയും കടമയാണു്. നിഷ്ക്കർഷയോടെ കൃത്യമായി സംരക്ഷിക്കപ്പെടുന്ന ഒരു ജലസംഭരണകേന്ദ്രത്തിലെ ശുദ്ധീകരണം കഴിഞ്ഞാൽ മേൽപറഞ്ഞ യാതൊരു മാലിന്യങ്ങളും വെള്ളത്തിൽ കാണുകയില്ല.

ഒരു കാലത്തു് മഴയായി പെയ്ത വെള്ളമാണു് ഭൂമിയിൽ ഏതു ജലാശയത്തിലും കാണുന്നതു്. ചെളിപ്രദേശത്തുകൂടി ഒഴുകുമ്പോൾ ചെളിയും കൽപ്രദേശത്തുകൂടി പ്രവഹിക്കുമ്പോൾ കല്ലിൻെറ അംശവും വെള്ളത്തിൽ ലയിച്ചുചേരുന്നു. ഈ രണ്ടു മാലിന്യങ്ങളും ചില രാസപ്രയോഗങ്ങൾകൊണ്ടു മാററാവുന്നതാണു്. വെട്ടുകല്ലെന്നു അറിയപ്പെടുന്ന ചുമന്ന കല്ലിൻെറ നിറം ഇരുമ്പുരസപ്രധാനമാണു്. അതുകൊണ്ടു് മഴ കഴിഞ്ഞു് ഓടകളിലും തോടുകളിലും നദികളിലും ഒലിച്ചിറങ്ങുന്ന 'ചെമ്പൻ' തുരുമ്പിൻെറ ചുമപ്പും ചെളിയുംകൂടിയുള്ളതാണു്. വായുമണ്ഡലത്തിൽ കൂടിയുള്ള പതനത്തിൽ ഇംഗാലാമ്ലം വെള്ളത്തിൽ ലയിച്ചുചേരുന്നു. അതോടുകൂടി വെള്ളത്തിനു് ഒരു നേരിയ പുളി ഉണ്ടാകുന്നു. അക്കാരണത്താൽ ചില പാറകളും കല്ലുകളും ലയിച്ചുചേരുന്നതിനു കൂടുതൽ സൌകര്യവും ഈ വെള്ളത്തിനു കിട്ടുന്നു. ധാരാളം ഇരുമ്പു് വെള്ളത്തിൽ ചേർന്നാൽ വെള്ളത്തിനു തന്നെ ഒരു ദുസ്സ്വാദുണ്ടാകുന്നു. കൂടാതെ വായുവിൻെറ സംഘട്ടനം കൊണ്ടു് കുറച്ചു നിറഭേദവും ഉണ്ടാകും. കൂടുതൽ തുരുമ്പു ചേർന്നിട്ടുണ്ടെങ്കിൽ, വെള്ളം ഉപയോഗിക്കുന്നതിനേ കൊള്ളുകയില്ല. അപ്പോൾ അതു ശുദ്ധിയാക്കിത്തന്നെ എടുക്കണം. ഒരു ചെറിയ അളവിൽ കുമ്മായം ചേർത്തു പത്തുപന്ത്രണ്ടു മണിക്കൂർനേരം കെട്ടിനിർത്തിയിരുന്നാൽ തുരുമ്പു മുഴുവനും ഒരു ചെമന്ന പാടയായി മുകളിൽ തങ്ങി ക്രമേണ അടിയിൽ താഴും. അതിൽനിന്നും ഊററി എടുക്കുന്ന വെള്ളത്തിൽനിന്നു തുരുമ്പു മുഴുവൻ മാറിയതായി കാണപ്പെടും

രോഗാണുക്കളുടെ വലിപ്പത്തിനു തുല്യമായ സൂക്ഷ്മതയോടെയാണു് ചിലപ്പോൾ ചെളി വെള്ളത്തിൽ ലയിച്ചു കാണുന്നതു്. അതു് ഒരിക്കലും, രാസപ്രയോഗം കൂടാതെ മാററാൻ സാദ്ധ്യമല്ല. ചീനക്കാരം അഥവാ ആലം ഉപയോഗിച്ചു ഈ ചെളി നിശ്ശേഷം മാററിക്കളയാം. വീടുകളിൽ കറിയുപ്പു കലക്കി ശുദ്ധിയാക്കുന്നതിനു് കാച്ചിലിൻെറ ഇല ഞെവിടിപ്പിഴിഞ്ഞു ചേർക്കുന്നതു് സാധാരണയാണല്ലോ. അപ്രകാരം ഒരു പ്രയോഗമാണിതു്. ചീനക്കാരത്തിൽ അലൂമനീയം സൾഫേററ് എന്ന ലവണമാണു് മുക്കാലും. ധാരാളം വെള്ളത്തിൽ കലക്കുമ്പോൾ ഒരു രാസയോഗംനിമിത്തം അലൂമനീയംഹൈഡ്രാക്സൈഡ്ക്സ ചെറിയചെറിയ പഞ്ഞിശകലങ്ങൾ പോലെ തെളിഞ്ഞുകൂടുന്നു. ഈ സാധനത്തിനു്, ചുററുമുള്ള ചെളി രോഗാണുക്കൾ എന്നിവയെ ആകർഷിച്ചുചേർത്തു് താഴെയ്ക്കു കൊണ്ടുപോകുവാൻ ഒരു പ്രത്യേക ശക്തിയുണ്ടു്. ചീനക്കാരത്തിൻെറയും അതുപോലെ അപൂർവം ഒന്നുരണ്ടു ദ്രവ്യങ്ങളുടേയും ഇപ്രകാരമുള്ള ശക്തി ഉപയോഗിച്ചാണു് ലോകത്തിലെ എല്ലാ ജലസംഭരണകേന്ദ്രങ്ങളും വെള്ളം ശുദ്ധിയാക്കുന്നതു്. ഈ പ്രയോഗം കഴിഞ്ഞു് വെള്ളം ഒരു തൊട്ടിയിലോ കുളത്തിലോ കെട്ടിനിർത്തിയിരുന്നാൽ ആറു മണിക്കൂർകൊണ്ടു് അതു തെളിഞ്ഞു ശുദ്ധമായിത്തീരുന്നതു കാണാം. പിന്നീടു് ശുദ്ധമായ ആററുമണൽകൊണ്ടു നിറച്ച ഒരു തട്ടിൽകൂടി അരിച്ചെടുത്താൽ ആ വെള്ളത്തിനു് നിറമോ, സ്വാദോ ഉണ്ടായിരിക്കയില്ല. മിക്കവാറും എല്ലാ രോഗാണുക്കളും നശിച്ചുകഴിഞ്ഞും ഇരിക്കും. അവസാനമായി ക്ലോറിൻ എന്ന വാതകം ഈ വെള്ളത്തിൽ കലർത്തുന്നു. ആദ്യത്തെ രണ്ടു പ്രയോഗംകൊണ്ടും നശിക്കാതെ ഏതെങ്കിലും രോഗാണുക്കൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവയെ ക്ലോറിൻ നശിപ്പിക്കുന്നു. എത്രവളരെ അഴുക്കുകൾ നിറഞ്ഞ വെള്ളം ആയിരുന്നാലും മേല്പറഞ്ഞ രണ്ടുമൂന്നു പ്രയോഗങ്ങൾകൊണ്ടു് അതു ശുദ്ധമാകുന്നതാണു്.

ജലസംഭരണകേന്ദ്രങ്ങൾവഴി ചില സുഖക്കേടുകൾ നിശ്ശേഷം നിർമാർജ്ജനം ചെയ്യാം എന്നു കണ്ടുവല്ലോ. വെള്ളത്തിലേയോ ആഹാരത്തിലേയോ ചില പോരായ്മകൾ കൊണ്ടു

വരുന്ന ഒന്നുരണ്ടു സുഖക്കേടുകൾ ഉണ്ടു്. ഒന്നു് ഗോയിററർ; ഇതു് അയഡിൻ എന്ന ധാതു നമ്മുടെ ദേഹത്തിന്റെ ആവശ്യത്തിനുമാത്രം ആഹാരത്തിൽനിന്നും കിട്ടാത്തപ്പോൾ കണ്ഠത്തിനു വീക്കമുണ്ടാകുന്ന രോഗമാണു്. ഈ സുഖക്കേടു് ഒന്നുരണ്ടു ആളുകൾക്കായി കാണാറില്ല. മിക്കവാറും ഒരു സ്ഥലത്തോ, ഒരു ദേശത്തോ, ഒരു ഗ്രാമത്തിലോ ഉള്ളവർക്കെല്ലാം ഈ സുഖക്കേടു പിടിപെട്ടിരിക്കുന്നതായി കാണാം. അപ്പോൾ അവിടെ ജലവിതരണപദ്ധതി ഉള്ളപക്ഷം ഏതെങ്കിലും അയഡൈഡു് വെള്ളത്തിൽ ചേർത്തുകൊടുത്താൽ ആ സുഖക്കേടു നിശ്ശേഷം മാറും.

അടുത്തകാലത്തു് പ്രാധാന്യത്തിൽവന്ന മറെറാരു സുഖക്കേടാണു് Fluorosis കുടിക്കുന്ന വെള്ളത്തിൽ Fluorides കൂടുതലുണ്ടെങ്കിൽ പല്ലുകൾക്കു് നിറഭേദം ഉണ്ടാകുക, കാലിന്റെയും കൈയുടെയും എല്ലുകൾ വളഞ്ഞുപോകുക മുതലായവ സംഭവിക്കും. എന്നാൽ ഒരു പ്രത്യേകഅളവിൽ Fluorides കുടിക്കുന്ന വെള്ളത്തിൽ ഉണ്ടെങ്കിൽ പല്ലിനു ഗുണവും ബലവും കൂടുന്നതുമാണു്. ഈ അളവു് പത്തുലക്ഷത്തിൽ ഒരുഭാഗം എന്ന കണക്കാണു്. അനേകനാളത്തെ പരീക്ഷണത്തിന്റെ ഫലമായി കിട്ടിയ ഈ അറിവിനെ ഉപയോഗപ്പെടുത്തി അമേരിക്കയിൽ പല പട്ടണങ്ങളിലും, വെള്ളത്തിൽ Fluorides ചേർത്തുവരുന്നു.

മഹാന്മാരായ പല രസതന്ത്രവിദഗ്ദ്ധന്മാരുടേയും വളരെകാലത്തെ പരിശ്രമഫലമായിട്ടാണു് മേൽപറഞ്ഞ പ്രയോഗങ്ങൾ പ്രവൃത്തിപദ്ധതിയിൽ കൊണ്ടുവന്നിട്ടുള്ളതു്. കുമ്മായം, ചീനക്കാരം, ക്ലോറിൻ മുതലായവ കൂടാതെവേറെ പല ലവണങ്ങളും, ദ്രാവകങ്ങളും, വാതകങ്ങളും വെള്ളം ശുദ്ധീകരിക്കുന്നതിനു് ഉപയോഗപ്പെടുത്തിവരുന്നുണ്ടു്. അവ അന്നഭേദി അമ്മോണിയ, ഓസോൺ, ഹൈഡ്റജൻ പെറാക്സൈഡ് മുതലായവയാണു്. ഈ പ്രയോഗങ്ങൾ ഒന്നുകൊണ്ടും കടലിലെ വെള്ളമോ അതുപോലെ ഉപ്പുരസമുള്ള മററു വെള്ളങ്ങളോ ശുദ്ധമാക്കാൻ സാദ്ധ്യമല്ല. എന്നാൽ കഴിഞ്ഞ യുദ്ധകാലത്തു വെടിയേററ വിമാനങ്ങളിൽനിന്നും കടലിൽ വീണുപോകുന്ന വൈമാനികർക്കു് കടൽവെള്ളത്തിൽനിന്നും ശുദ്ധജലം തയ്യാർചെയ്യെടുക്കുന്നതിനു സഹായിക്കുന്ന ചില ഗുളികകൾകൂടി കൊടുത്തിരുന്നു. അക്കാലത്തു വെറും പരീക്ഷണഘട്ടത്തിൽ മാത്രം എത്തിയിരുന്ന ആ പദ്ധതി ഇപ്പോൾ പരിപൂർണ്ണവിജയത്തിൽ കലാശിച്ചിരിക്കുന്നു എന്നു അമേരിക്കൻശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. അടുത്ത ഭാവിയിൽതന്നെ കടലിൽനിന്നും വലിയ ധനവ്യയം കൂടാതെ ശുദ്ധജലം ഉണ്ടാക്കാമെന്നും അതോടുകൂടി സഹാറാ, ഗോബി, ധാർ മുതലായ മണലാരണ്യങ്ങൾ വെള്ളം കേററി ഉപയോഗയോഗ്യമാക്കിത്തീർക്കാൻ സാധിക്കുമെന്നും നമുക്കു ആശിക്കാം.

(തിരുവനന്തപുരം ഏ. ഐ. ആറിന്റെ അനുമതിയോടെ)

---

(3–ാംപേജിന്റെ തുടർച്ച)

ടനാപരമായി മുന്നേറേണ്ടതും, സാംസ്കാരികമായി ഏകാംഗയോഗമായ ഒരുറച്ച പശ്ചാത്തലം സൃഷ്ടിക്കേണ്ടതും പ്രസ്ഥാനത്തിന്റെ നിലനിൽപ്പിനുതന്നെ അത്യന്താപേക്ഷിതമായിരിക്കുന്നു. ഗ്രന്ഥശാലാ സംഘത്തിന്റെ വാർഷിക പൊതുയോഗവും, വിശേഷാൽ പൊതുയോഗവും 1953 സെപ്തംബർ 27–ാംനു- ഈ നഗരത്തിൽ വച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കയാണു്. ഈ വസ്തുത ചൂണ്ടിക്കാണിക്കുന്നതോടൊപ്പം, ആ അവസരം വിനിയോഗിച്ചു്, ഗ്രന്ഥശാലാ പ്രവർത്തകന്മാരും, ഈ പ്രസ്ഥാനത്തോടു കൂറുള്ള മററു മഹതീമഹാന്മാരും നമ്മുടെ സംഘടനയെ ഏതേതു വിധങ്ങളിൽ പുഷ്ടിപ്പെടുത്തുകയും പുരോഗമിപ്പിക്കയും ചെയ്യാമെന്നുള്ള സുചിന്തിതമായ പ്രായോഗിക നിർദ്ദേശങ്ങൾ തന്നും, മററു പ്രകാരങ്ങളിൽ സഹകരിച്ചും, സഹായിക്കേണ്ടതാണെന്നും അനുസ്മരിപ്പിച്ചു.

# ഗ്രന്ഥനിരീക്ഷണം

## 1. ആധുനികസാഹിത്യം

എസ്. ഗുപ്തൻനായർ—നാഷനൽ ബുക്ക്സ്റ്റാൾ,
കോട്ടയം. വില 1 ക. 8 ണ.

അവസരത്തിൽ വിശ്വസിക്കുന്ന ഒരാളാണ ശ്രീ. ഗുപ്തൻനായർ. അദ്ദേഹത്തിന്റെ പ്രതിപാദനം അങ്ങനെയാണ്. ശ്രീ. ഗുപ്തൻനായർ ഒരു കാളേജ് ലക്ചററാണ്. പ്രതിപാദനം ഗൗരവം വിടാതെയുമാണ്.

ഈയിടെ സാഹിത്യത്തിൽ പന്തിയുണ്ട്; പോരെങ്കിൽ ജാതിയുമുണ്ട്. അതുംപോര—ജീവിതവുമുണ്ട്. ഏറ്റവും ഒച്ച പൊങ്ങിക്കുന്നനിരൂപക കുഞ്ജരന്മാരാണ പറയുന്നതു് ജീവിതമുണ്ടെന്ന്. എന്നാൽ പരമാർത്ഥത്തിൽ സാഹിത്യം എന്നതിൽ അതുമാത്രമൊഴിച്ചു മറ്റെല്ലാമുണ്ട്. അതോമയില്ലാത്ത നിരൂപകന്മാർ പറയും സാഹിത്യം ജീവിതമാണെന്ന്, ജീവിതമില്ലെങ്കിൽ സാഹിത്യം സാഹിത്യമല്ലെന്ന്! ആകെക്കൂടി ഇത്രത്തോളം ആശയക്കുഴപ്പം ബാധിച്ച ഒരു കാലം മുമ്പെങ്ങാനും ഈ കേരളത്തിലുണ്ടായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

അപ്പോഴാണ് ശ്രീ. ഗുപ്തൻനായർ വേണ്ട സകല കരുക്കളോടുംകൂടി ഒന്നിരുന്നു ആലോചിക്കാൻ പുറപ്പെട്ടിരിക്കുന്നതു്. "ആധുനികസാഹിത്യം" എന്ന ഈ ഗ്രന്ഥം അതിന്റെ ഫലമാണ്. മനുഷ്യപുരോഗതിയും, സാഹിത്യവും സാഹിത്യകാരന്റെ സ്വാതന്ത്ര്യം, ഭാവരൂപങ്ങൾ, ആദർശങ്ങളുടെ സംഘട്ടനം, കലയും സാമാന്യജനങ്ങളും തമ്മിലുള്ള പൊരുത്തക്കുറവു്, ഇന്നത്തെ ഇംഗ്ലീഷ് കവിതയുടെ പോക്ക് മുതലായി പതിനൊന്നു വിഷയങ്ങളെ അധികരിച്ചുള്ള ഉപന്യാസങ്ങളാണ ഇതിലെ ഉള്ളടക്കം.

കഴിയുന്നത്ര നിഷ്പക്ഷമായി ഓരോ വിഷയത്തെയുംകുറിച്ചു ചിന്തിച്ച് ഒരു അഭിപ്രായം രൂപവല്ക്കരിക്കാൻ ഗ്രന്ഥകർത്താവ് സ്തുത്യർഹമായ ശ്രമമാണ ചെയ്തിട്ടുള്ളതെന്നു ഓരോ ഉപന്യാസവും തെളിയിക്കുന്നുണ്ട്. മേൽക്കാണിച്ച തരത്തിൽ വായിൽവന്ന അബദ്ധങ്ങളെല്ലാം സാഹിത്യമാകുമെന്നു വിചാരിക്കപ്പെടുന്ന ഇക്കാലത്തു് ഇതേററവും ആശ്വാസകരമാണെന്നുള്ളതിൽ പക്ഷാന്തരവുമില്ല.

ജീവിതം സാഹിത്യത്തിന്റെ കരു ആകുമെന്നല്ലാതെ, അതു സാഹിത്യമാകുകയില്ലെന്നു ഇന്നത്തെ നിരൂപണകർത്താക്കളും സാഹിത്യകാരന്മാരും ധരിച്ചിട്ടുള്ളതായി കാണ്മാനേയില്ല. സാഹിത്യം പാർട്ടിച്ചരക്കും, ജാതിച്ചരക്കും മറവുമാകുന്നതോടെ അതിലൂടെ പുതുമ വഴിഞ്ഞൊഴുകിസവിശേഷമായി കളും കൈവരുത്തിക്കളയുമെന്നു നെടുകെ മുറവിളി കൂട്ടുന്നതു് അവരാണ്. ടാജ്മഹാളിന്റെ സൗന്ദര്യമല്ല, അതു കെട്ടിപ്പടുക്കാൻ ഉപയോഗിച്ച വെണ്ണക്കല്ലിന്റെ ഈടാണ് അവരുടെ ദൃഷ്ടിയിൽപെടുന്നതു്. ശ്രീ. ഗുപ്തൻനായർ "ശില്പഭംഗി"യേപ്പററി ഊന്നിപ്പറയുമ്പോൾ അദ്ദേഹം സാഹിത്യത്തിന്റെ യഥാർത്ഥസ്വഭാവത്തെ അറിഞ്ഞു മതിക്കുന്നു എന്നും പറയണം. ഇതൊരു ചില്ലറക്കാര്യമാണെന്നു തോന്നുന്നില്ല. കാഡ്‌വെല്ലിന്റെ Ilusion and Reality എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ, സാഹിത്യം സമുദായജീവിതത്തിൽനിന്നുൽഭവിക്കുന്നതിനാൽ സമുദായത്തെപ്പററി പറയാതെ സാഹിത്യത്തെപ്പററി ഒന്നും പറയാവുന്നതല്ലെന്നൊരു സിദ്ധാന്തം ഉന്നയിച്ചുകാണുമ്പോഴാണ് കാര്യങ്ങൾ എത്രത്തോളം അബദ്ധമാകാമെന്നു അമ്പരന്നുപോകുന്നതു്. ചേററിൽ നിന്നാണ് താമരപ്പൂവ് ഉൽഭവിക്കുന്നതെന്നുള്ളതിനാൽ ചേറിനെ ആസ്വദിക്കാതെ താമരപ്പൂ

വിൻെറ സൗന്ദര്യം ആസ്വദിക്കുന്നതെങ്ങനെയെന്നാണു ചോദ്യം! ഏതായാലും ഇത്തരം ആസ്വാദകന്മാരുടെ പടയണിക്കിടയിൽ, താമരപ്പൂവിനെയുംകൂടി കാര്യമായെണ്ണണമെന്നു വിചാരിച്ച ഗ്രന്ഥകർത്താവിനെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

എന്നാൽ ശ്രീ. കുട്ടൻനായർ തികച്ചും ആ നില സ്വീകരിക്കാൻ ഏറെ ധൈര്യപ്പെട്ടിട്ടുണ്ടെന്നു തീർത്തു പറയാവുന്നതല്ല. ലോകത്തിൻെറ ദുരിതപരിഹാരത്തിനു സാഹിത്യകാരനും മററുള്ളവരോടൊപ്പം ചെയ്യാവുന്നതു ചെയ്യണമെന്നു അദ്ദേഹം പറയുന്നതു സംഗതംതന്നെ. പക്ഷേ, സാഹിത്യകാരൻെറ സ്വാതന്ത്ര്യം പുരോഗമനകാരിയുടേതാണ്, പ്രതിലോമകാരിയുടേതല്ല എന്നു സിദ്ധാന്തിക്കുമ്പോൾ ഈ അനുലോമപ്രതിലോമങ്ങളുടെ പരിഗണന എങ്ങനെയാണു വേണ്ടതെന്നു തിട്ടമില്ലാത്തവർ കുഴങ്ങിപ്പോകും. കാരണം ഒരഭിപ്രായഗതിക്കാരൻെറ അനുലോമം മറെറാരാളിൻെറ പ്രതിലോമമായിക്കൂടെന്നില്ല. അതിനാൽ ആ മാതിരി സിദ്ധാന്തം സാഹിത്യകാരൻെറ സ്വാതന്ത്ര്യത്തെ ഹനിക്കാൻ മാത്രമേ പററുകയുള്ളു.

ഇത്തരം കുഴപ്പങ്ങൾ ഗ്രന്ഥത്തിൽ അങ്ങിങ്ങു കാണ്മാനുണ്ടെങ്കിലും ഗ്രന്ഥകർത്താവിൻെറ ആത്മാർത്ഥത ചോദ്യം ചെയ്യാവുന്നതല്ല. ഒരു സമഗ്രവീക്ഷണത്തിനുള്ള തയ്യാറും, അതിനു തക്ക സമചിത്തതയും അദ്ദേഹം അവിടവിടെ പ്രദർശിപ്പിക്കുന്നുണ്ടു്. ഒരു പ്രശ്നത്തിൻെറ രണ്ടുവശവും കാണുന്നവൻ ഒന്നും കാണുന്നില്ലെന്ന നിച്ചേയുടെ അഭിപ്രായത്തിൻെറ ഏകപക്ഷീയത സ്പഷ്ടമാണു്. രണ്ടു വശവും കാണാത്ത ഒരു തീരുമാനവും ന്യായമായിരിക്കയില്ലെന്നു പറയാതെ ഗത്യന്തരവുമില്ല. പാർട്ടിക്കാരായാലും മഹാന്മാരായാലും അവർ പറയുന്നതെല്ലാം അപ്പാടെ വിശ്വസിക്കാതെ സ്വയം കൂടുതൽ ചിന്തിക്കാൻ കഴിവുണ്ടെങ്കിലും, ആ കഴിവു വേണ്ടത്ര പ്രയോജനപ്പെടുത്താത്ത ഒരു ദോഷമേ ഈ ഗ്രന്ഥത്തിനു കാണുന്നുള്ളു.

പി. ദാമോദരൻപിള്ള

## 2. മനുഷ്യാലയചന്ദ്രിക

(തച്ചുശാസ്ത്രം)

കൊച്ചിഭാഷാ പരിഷ്കരണക്കമ്മെററി, എറണാകുളം.

വില. 1 ക. 2 ണ.

പ്രാചീനശാസ്ത്രങ്ങളിൽ കേരളീയപണ്ഡിതന്മാർക്കുണ്ടായിരുന്ന അവഗാഹം അദ്ഭുതകരമാണെന്നുതന്നെ പറയാം. വേദാന്തം ആയുർവ്വേദം, ജ്യോതിഷം, തർക്കം, തന്ത്രം, തച്ചുശാസ്ത്രം മുതലായവയിൽ പല പ്രമാണഗ്രന്ഥങ്ങളും അവർ നിർമ്മിച്ചിട്ടുണ്ടു്. മററനേകം ഗ്രന്ഥങ്ങൾക്കു വ്യാഖ്യാനങ്ങളും വിവർത്തനങ്ങളും എഴുതി അവയിലെ സാരാംശങ്ങൾ സാമാന്യജനങ്ങളെ ഗ്രഹിപ്പിക്കാനും അവർ പരിശ്രമിച്ചിട്ടുണ്ടു്. വിദ്യാപരിശ്രമങ്ങളിൽ ഏർപ്പെടുന്നതിനു മററുള്ളവരെ അപേക്ഷിച്ചു കൂടുതൽ സൗകര്യമുണ്ടായിരുന്ന നമ്പൂതിരിമാർ സ്വായത്തമാക്കിയിരുന്ന സംസ്കൃതഭാഷാപരിചയം ശാസ്ത്രഗ്രന്ഥങ്ങളെ സംബന്ധിച്ചേടത്തോളം മലയാളത്തിനു അസുലഭമായ അനുഗ്രഹമായിട്ടാണു പരിണമിച്ചതു്. ഇങ്ങനെ നമുക്കു നേടുവാൻ കഴിഞ്ഞിട്ടുള്ള ഗ്രന്ഥങ്ങളിൽ പ്രസ്തുതമായ 'മനുഷ്യാലയചന്ദ്രിക'യ്ക്കും ഗണനീയമായ ഒരു സ്ഥാനമുണ്ടു്.

ശാസ്ത്രവിഷയങ്ങളെ പദ്യരൂപത്തിൽ നിബന്ധിക്കുക എന്നുള്ള സമ്പ്രദായം സംസ്കൃതഭാഷയുടെ ഒരു പ്രത്യേകതയാണെന്നു കാണാം. അച്ചടി നടപ്പിലാകാതിരുന്ന അക്കാലങ്ങളിൽ ഗ്രഹണധാരണസ്മരണാദികൾക്കു് ഇതു് അത്യന്താപേക്ഷിതമായിരുന്നു താനും. ഈ രീതിയിൽതന്നെയാണു മനുഷ്യാലയചന്ദ്രികയും നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. ശില്പകൗശലത്തിൻെറ വിളഭൂമിയായ കേരളത്തിൽ, മയമതം, രത്നാവലി, ഗുരുദേവപദ്ധതി, കാശ്യപീയം, വാസ്തുവിദ്യ, മനുമതം, വിശ്വകർമ്മീയം, ഭാസ്കരീയം മുതലായി നിരവധി ഗ്രന്ഥങ്ങൾ ആവിർഭവിച്ചിട്ടുണ്ടു്. ആ കൃതികളെ അവലംബിച്ചാണു 'ചന്ദ്രിക'യുടെ രചന നിർവ്വഹിക്കപ്പെട്ടിരിക്കുന്നതെന്നു ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നു. ആരാണു ഗ്രന്ഥകാരൻ?

തത്തൃശ്രീമദ്ദേതച്ചരണസരസിജൈ-
കാശ്രയോ നീലകണ്ഠോ
നിത്യം ശ്രീമംഗലാവാസ്യമലഗുരുജനാ-
ദത്ത ശാസ്ത്രാവബോധഃ"

എന്നുള്ള കവി പ്രസ്താവനയിൽനിന്നു, 'തിരുമംഗലത്തു നീലകണ്ഠൻ' എന്നൊരാളാണ് ഇതിന്റെ കർത്താവെന്നു തെളിയുന്നു. വെട്ടത്തുനാട്ടിൽപെട്ട തൃപ്പങ്ങോട്ട് ക്ഷേത്രത്തിനു സമീപം തിരുമംഗലം എന്നൊരു മൂത്തതിന്റെ ഇല്ലം ഇപ്പോഴുമുണ്ടെന്നും പല പണ്ഡിതന്മാരുമുണ്ടായിരുന്ന ആ ഗൃഹത്തിലെ ഒരംഗമായിരിക്കാം ഈ നീലകണ്ഠനാമാവെന്നും പ്രസ്തുത ഗ്രന്ഥത്തിന്റെ ആമുഖോപന്യാസകാരനും വ്യാഖ്യാതാവുമായ ശ്രീ. കുന്നേഴത്തു പരമേശ്വരമേനോൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

മനുഷ്യരുടെ ജീവിതാവശ്യങ്ങളിൽ പ്രധാനപ്പെട്ട ഒരു ഘടകമാണു ഗൃഹം. ഗൃഹത്തിനു യോജിക്കുന്ന സ്ഥാനവും ഗൃഹവിന്യാസക്രമങ്ങളും ശാസ്ത്രീയമായി നിർണ്ണയിക്കണമെന്ന നിർബ്ബന്ധം പുരാതനകാലം തൊട്ടുതന്നെ നമുക്കുണ്ടായിരുന്നു. അതിൽ വന്നുകൂടുന്ന പാകപ്പിഴയെ 'ഗൃഹപ്പിഴ'യായി പരിഗണിക്കുകയും ചെയ്തുവന്നിരുന്നു. വടക്ക് അടുക്കള, മീനത്തിൽ കിണറ് എന്നും മററുമുള്ള തച്ചുശാസ്ത്രവിധികളെ പ്രത്യക്ഷരം അനുഷ്ഠിച്ചിരുന്ന ആ രീതിയ്ക്കു ഇന്നു പല വ്യത്യാസങ്ങളും സംഭവിച്ചിരിക്കാം. എങ്കിലും പാശ്ചാത്യപരിഷ്കാരവും ഗൃഹസംവിധാന സമ്പ്രദായങ്ങളെ ആദരിക്കാതിരിക്കുന്നില്ല. പൂർവാചാര്യന്മാരുടെ ശാസ്ത്രനിയമങ്ങളേയും നവീനന്മാരായ ഉൽപതിഷ്ണുക്കളുടെ രുചിഭേദങ്ങളെയും ആദരിച്ചുകൊണ്ടുള്ള പ്രയോഗവിജ്ഞാനമാണ് ഇതിൽ പ്രകാശിപ്പിച്ചിരിക്കുന്നതു്. ശ്രീ. പരമേശ്വരമേനോൻ പറയുന്നു:— "ഇതിലേ മൂലവും ഭാഷാവ്യാഖ്യാനവും പഴയതുതന്നെയാണ്. അവയിൽ എനിക്കു പറയത്തക്ക അവകാശമൊന്നുമില്ല. എന്നാൽ വ്യാഖ്യാനത്തിൽ ചിലേടത്തു ഭാഷാരീതി നവീനന്മാക്കു മനസ്സിലാക്കാൻ പ്രയാസമുള്ളതും രുചിക്കാത്തതുമായി തോന്നിയതിനാൽ അവിടവിടെ ആശയത്തിനു ഭേദം വരാത്തവണ്ണം ചില മാററങ്ങൾ ചെയ്യിട്ടില്ലെന്നില്ല. ഇതുകൂടാതെ അധികപ്പടിയായി ഞാൻ ചെയ്തിട്ടുള്ളതു്, ശങ്കുസ്ഥാപനം, ദിങ്നിർണ്ണയം, പദവിന്യാസം വീഥിസ്ഥിതി മുതലായി ഗൃഹനിർമ്മാണം ചെയ്യുന്ന ഭൂമിയെ സംബന്ധിച്ചും, ഭിന്നശാല, ചതുരശാല മുതലായ ഗൃഹങ്ങളുടെ വിന്യാസഭേദങ്ങളെ ഉദാഹരിച്ചും ഏതാനും ചില പരിലേഖങ്ങളും ഒരുകോൽമുതൽ അറുപതുകോൽവരെയുള്ള ഓരോ പരിഷയിലും ധ്വജാദിയോനികളിൽ വരുന്ന ചുററുകണക്കുകളെല്ലാം ഉത്തമമധ്യമാധമങ്ങളായി തിരിച്ച് ആയാസംകൂടാതെ അറിയത്തക്കവണ്ണം 'കോൽതച്ച്' എന്ന ഒരു പട്ടികയും മാത്രമാണ്."

ഇതിൽനിന്നു ഗ്രന്ഥത്തെക്കുറിച്ചുള്ള ഒരു സാമാന്യജ്ഞാനം സിദ്ധിക്കുമെന്നു തോന്നുന്നു. ഗൃഹനിർമ്മാണത്തിനുള്ള ഭൂമിയുടെ ലക്ഷണം, ഗുണദോഷങ്ങൾ, ഭൂപരീക്ഷാക്രമങ്ങൾ, അധിഷ്ഠാനം, ആരൂഢം, ഉത്തരം, കഴുക്കോൽ, വാവട, കട്ടിള, വാതിൽ, ഭിത്തി മുതലായവയെ സംബന്ധിച്ചുള്ള വിധികൾ, അങ്കണം, ശാല, ഗോശാല, പടിപ്പുര മുതലായവയുടെ വിന്യാസക്രമം എന്നിങ്ങനെ ആലയനിർമ്മാണത്തിൽ അവശ്യം അറിഞ്ഞിരിക്കേണ്ട എല്ലാകാര്യങ്ങളും 173 പദ്യങ്ങളിലായി ക്രോഡീകരിച്ചിരിക്കുന്നതുതന്നെ മഹത്തായ ഒരു മാനസിക ശില്പമാണ്. സാധാരണജനങ്ങൾക്കുപോലും മനസ്സിലാകത്തക്കവണ്ണം ലളിതമായ ഭാഷയിൽ പദ്യങ്ങൾക്ക് അർത്ഥവിവരണം ചെയ്തിരിക്കുന്നതിൽ വ്യാഖ്യാതാവു പ്രദർശിപ്പിച്ചിട്ടുള്ള ഔചിത്യം ശ്ലാഘനീയംതന്നെ. കേരളത്തിൽ മിക്കവാറും തേഞ്ഞുമാഞ്ഞു കഴിഞ്ഞിരിക്കുന്ന തച്ചുശാസ്ത്രവിധികളെ പ്രത്യുദ്ധരിക്കുന്നതിന് ഈ ഗ്രന്ഥം ഏറെക്കുറെ പ്രയോജകീഭവിക്കുമെന്ന് പ്രതീക്ഷിക്കാം.

വായനക്കാരോടു പറയുവാനുള്ളതു് ഇതാണ്:— നിങ്ങൾ ഇഷ്ടവും സൗകര്യവുംപോലെ ഗൃഹം നിർമ്മിച്ചുകൊള്ളൂ. അതിനുമുമ്പ് ഈ പുസ്തകം ഒരാവൃത്തി വായിക്കുന്നതു നന്ന്.

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

## 3. വിചാരതരംഗിണി

പി. ദാമോദരൻപിള്ള ബി. ഏ—
സി. സി, പ്രസ്സ്-കൈതമുക്കു്. വില രു. 1

മലയാളത്തിൽ ഉപന്യാസശാഖ വളർന്നുവന്നിട്ടു കാലം അധികമായില്ല. എന്നാലും അതിന്റെ വളർച്ച ചിലപ്പോഴൊക്കെ ഫലഭരംകൊണ്ടു നമ്രമാകുന്നുവെന്നു് കാണിക്കുന്ന പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിലാണു് മികച്ച നിരൂപകനായ ശ്രീ. ദാമോദരൻപിള്ളയുടെ 'വിചാരതരംഗിണി'. അദ്ദേഹത്തിന്റെ വിവിധമാതൃകകളിലുള്ള ഏഴുപന്യാസങ്ങളുടെ സമാഹാരമാണു് പ്രസ്തുത കൃതി. രസമായി വായിച്ചവസാനിപ്പിക്കാവുന്ന പ്രബന്ധങ്ങൾ-അതാണു് 'വിചാരതരംഗിണി'യെപ്പററി ആദ്യമായി പറയേണ്ടതു്. വിഷയമെന്തായാലും വായനക്കാരനെ അവസാനംവരെ ഉൽസാഹഭരിതനായി കൂടെ കൊണ്ടുപോകുവാനുള്ള ചാതുര്യം ചില്ലറയല്ല. വെറും വാദകൗശലവും അപഗ്രഥനപാടവവും ആഖ്യാനസാമർത്ഥ്യവും കൊണ്ടാണു് ഇതു് സാധിക്കുന്നതും. കാര്യത്തിൽക്കൂടിത്തന്നെ കളിയുടെ വലിയ സഹായമില്ലാതെ 'ഇതിലേ, ഇതിലേ' എന്നു അനുവാചകരെ മാടിവിളിച്ചു കൂട്ടിക്കൊണ്ടുപോകുമ്പോൾ തന്റേടം നിറഞ്ഞ അഭിപ്രായങ്ങളും, ചിന്തകളും, ആത്മഗതങ്ങളും വാരിവിതറി ഉന്മേഷം നൽകുവാനും ചിന്തോദ്ദീപനം നടത്താനുമുള്ള കെൽപ്പു് അസാമാന്യമെന്നു വേണം പറവാൻ. പാണ്ഡിത്യഭാരംകൊണ്ടോ ചിന്താക്ലിഷ്ടതകൊണ്ടോ വായനക്കാരനെ നെററി ചുളിപ്പിക്കുവാൻ ഒട്ടുംതന്നെ പ്രേരിപ്പിക്കാതെ വെളിച്ചവും മാധുര്യവും വിളമ്പുവാൻ കഴിയുന്ന ഉപന്യാസകാരന്മാരെ മലയാളത്തിൽ അപൂർവമായേ കാണാനുള്ളു.

ഈ വ്യുൽപന്നമതിയുടെ ലഘുപാദവിന്യാസങ്ങളിൽ ആദ്യത്തേതായ 'ആഘോഷങ്ങ'ളിൽ മരക്കൊമ്പിലിരിക്കുന്ന ധാരയുടെ കഥയിൽക്കൂടി ഉപക്രമം നിർവഹിക്കുന്നു. ഒരു വേദനയോ യാതനയോ ആയ ജീവിതത്തിൽ ആനന്ദവും ആഹ്ലാദവും ഉളവാക്കാൻ ഉൽസവങ്ങളും ആഘോഷങ്ങളും അത്യന്താപേക്ഷിതമാണെന്നു് തെളിയിക്കുന്നതിനാണു ഉപന്യാസകാരന്റെ ഉദ്യമം. വിജ്ഞാനത്തിനും വിനോദത്തിനുമുതകുന്ന വിവിധോൽസവങ്ങളുടേയും ആഘോഷങ്ങളുടേയും അടിത്തട്ടിൽ, മതാരാധനയുടെ പ്രാഭവം പുരാതനജനതയുടെ കാര്യത്തിൽ സ്പഷ്ടമാണു്. യവനരുടെ ഉത്സവങ്ങളിൽ ഭൂരിപക്ഷവും ഈശ്വരാരാധനയോടു പിണഞ്ഞുകിടക്കുന്നവയാണെന്നുള്ളതിനു സംശയമില്ല. മനുഷ്യന്റെ സമഗ്രമായ വളർച്ചയ്ക്കു് ദോഹദമാകുന്നതു് ഈ വിധത്തിലുള്ള സാമുദായികോൽസവങ്ങളാണെന്നു് പാശ്ചാത്യജനങ്ങളുടെ മാത്രമല്ല പൌരസ്ത്യരുടേയും ജീവിതരീതികൾ വ്യക്തമാക്കും. കേരളീയരുടെ ദേശീയാഘോഷങ്ങളായ ഓണം, തിരുവാതിര, വിഷു മുതലായവയും കല, വ്യവസായം എന്നു തുടങ്ങിയവയുടെ അഭിവൃദ്ധിക്കും പോഷണത്തിനും പ്രയോജനപ്പെടുന്നുവെന്നു് അറിയാത്തവർ ചുരുങ്ങും. എന്നാൽ ഉത്സവങ്ങളുടെ മോടിയും ധാടിയും കുറച്ചാൽ ഉദ്ദേശസാദ്ധ്യത്തിനു തടസ്സമാണെന്നുള്ള കാര്യം ഇന്നു മിക്കവരും വിസ്മരിച്ചുപോകുന്നു. ഉത്സവംകൊണ്ടു് സാമ്പത്തികമായും സാമൂഹ്യമായും ഉണ്ടാകേണ്ട അനുഗ്രഹത്തിനു് ഇന്നത്തെ അന്ധനയത്താലുണ്ടാകുന്ന ഇടിവും നിസ്സാരമല്ല. കേരളസംസ്കാരത്തിന്റെയും ജീവിതസൗഭാഗ്യത്തിന്റേയും അവിഭാജ്യഘടകങ്ങളായിത്തീർന്നിരിക്കുന്ന ഉത്സവാഘോഷങ്ങളെ പൂർവാധികം ആഡംബരത്തോടും ആഹ്ലാദത്തോടും കൊണ്ടാടുവാനുള്ള സന്നദ്ധതയാണു് യാതനാപൂർണ്ണമായ ഇന്നത്തെ ജീവിതരീതിക്കാവശ്യമെന്നുള്ള ഗ്രന്ഥകർത്താവിന്റെ അഭിപ്രായത്തോടു ആരും യോജിക്കും.

യവനചിന്തകനായ സോക്രട്ടീസ്സിന്റെ സമചിത്തതയും മരണത്തോടുള്ള മനോഭാവവുമത്രേ അടുത്ത ഉപന്യാസത്തിലെ പ്രതിപാദ്യം. ലൗകികാർഭാടങ്ങളിൽ വിരക്തിയാർന്നു്, സത്യാന്വേഷണത്തിൽ മാത്രം കുതുകിയായു്, സംവാദത്തെ ഉത്തമബോധനരീതിയായി കരുതിയ സോക്രട്ടീസ്സിന്റെ ജീവിതത്തിലെ അന്ത്യരംഗത്തിൽ ദൃശ്യമാകുന്ന മാനുഷികമഹനീയത ഉപ

ന്യാസകാരൻ ചൂണ്ടിക്കാണിക്കുന്നു. വിജയത്തിനു മാത്രം വെമ്പുന്ന സോഫിസ്റ്റുകളുടേതിൽ നിന്നും വിജാതീയമായ വാദരീതികൊണ്ടു് വസ്തുസ്ഥിതി വെളിപ്പെടുത്താനുള്ള സത്യാന്വേഷിയുടെ വ്യഗ്രത മരണത്തിന് വഴിതെളിച്ചു. വെറും നാസ്തികത്വം പ്രചരിപ്പിക്കുന്നതിലും അഥീനിയൻ യുവാക്കന്മാരെ വഴിതെറ്റിക്കുന്നതിലും മാത്രം വ്യാപൃതനായ ഒരു മഹാവിപത്തായിട്ടാണ് അന്നത്തെ ന്യായാധിപതികൾ അദ്ദേഹത്തെ പരിഗണിച്ചതു്. സമുദായമര്യാദകളേയും പാരമ്പര്യങ്ങളേയും വകവെയ്ക്കാത്തവർക്ക് വന്നുചേരുന്ന വിപത്തുകൾ ധൈര്യത്തോടെ നേരിട്ടു വാനുള്ള കരുത്തു് ആ മഹാശയൻ സ്തോഭരഹിതനായി വിഷചഷകം വാങ്ങി പുഞ്ചിരിച്ചു് കുടിച്ചതിൽ പ്രദർശിപ്പിച്ചു. ആ മന്ദഹാസമത്രേ, മനുഷ്യന്റെ അജ്ഞതയോടും അന്ധവിശ്വാസത്തോടും നിയമത്തോടും അദ്ദേഹത്തിന്റെ വെല്ലുവിളിയായി ഉപന്യാസകാരൻ ചിത്രീകരിച്ചിട്ടുള്ളതും.

കോഹിനൂർ രത്നത്തിന്റെ ചരിത്രത്തിലെ പ്രധാന സംഭവങ്ങളുടെ ആഖ്യാനമാണ് 'ഭാരതചൂഡാമണി'. കണ്വമഹർഷി ഭരതചക്രവർത്തിക്ക് സമ്മാനിച്ച ഈ അത്ഭുത രത്നത്തിന്റെ ഉടമസ്ഥതകൊണ്ടു് വന്നുചേർന്ന ഗുണദോഷങ്ങൾ ഹസ്തിനപുരത്തിലെ ഹിന്ദുരാജാക്കന്മാരുടേയും മുഗൾചക്രവർത്തിമാരുടേയും മററും ചരിത്രഗതി സ്പഷ്ടമാക്കുന്നു. ഭാരതവർഷത്തിന്റെ ഭാഗധേയത്തോടു അഭേദ്യമായും അത്ഭുതകരമായും സംബന്ധിച്ചുകിടക്കുന്ന ഈ ഉൽകൃഷ്ടരത്നത്തിന്റെ പിളർപ്പിൽ രാജ്യം രണ്ടായി പിളരുന്നതിനു മാർഗ്ഗദർശനം ചെയ്തുവെന്നതു് വെറുമൊരു കവിസഹജമായ വിഭാവനയിൽ കവിഞ്ഞു് വിലവയ്ക്കേണ്ടതില്ല. അതിൽ ചെയ്ത മന്ത്രതന്ത്രസംസ്കാരങ്ങൾ കാലക്രമത്തിൽ ശക്തി കുറഞ്ഞു് അതിനുണ്ടായ ക്ഷയത്തിന് കാരണമായിയെന്നുള്ള വിശ്വാസം അന്ധവിശ്വാസവുമാകാം.

'ആകാശഗംഗ'യിൽ നക്ഷത്രലോകത്തെക്കുറിച്ചു ഒരുവിജ്ഞാനപ്രദമായ ചർച്ച നടത്തുന്ന ശ്രീ ദാമോദരൻപിള്ളയുടെ ഗദ്യശൈലി വിഷയാനുഗുണമായ വൈവിദ്ധ്യവും അയവും മിഴിവും നേടിയിരിക്കുന്നതു് ഇതിൽ നല്ലപോലെ കാണാം. കോടാനുകോടി നക്ഷത്രങ്ങളുള്ള താരാപഥത്തിന് 'ആകാശഗംഗ'യെന്ന് അടുത്തകാലത്തു ചിലർ പറഞ്ഞുവരുന്നതല്ലാതെ, മഹാനക്ഷത്രലോകത്തിന് പൊതുവായി ആ പേരുപയോഗിക്കുന്നതു് തെററിദ്ധാരണയ്ക്കു് ഇടംനൽകുന്നതാണ്. അണ്ഡഭാണ്ഡങ്ങളുടെ പ്രകാശം മാത്രമല്ല, അവയെക്കുറിച്ചു് വിവരങ്ങൾ ശേഖരിക്കുന്നതിന് ഇന്നു ശാസ്ത്രജ്ഞന്മാരെ സഹായിക്കുന്നതും. അവയിൽനിന്ന് പുറപ്പെടുന്ന റേഡിയോ തരംഗങ്ങളെ റേഡിയോ ദൂരദർശിനിയുടെ സഹായത്തോടുകൂടി പ്രത്യേകിച്ചറിയുന്നതിനും അവയുടെ സ്വഭാവഗതികളെക്കുറിച്ചു് ചില നിഗമനങ്ങൾ ഉണ്ടാക്കുന്നതിനും ശാസ്ത്രജ്ഞന്മാർക്കു് ഇന്നു സാധിച്ചിട്ടുണ്ടു്.

ചിലപ്പതികാരകഥയെ നാടകകർത്താവു് ഏതു പ്രകാരത്തിൽ ഉപജീവിക്കുന്നുവെന്നും എന്തെല്ലാംവിധത്തിൽ മാററിമറിക്കുന്നുവെന്നും 'കോവലൻ ചരിത്രവും ചിലപ്പതികാരവും' എന്ന ഉപന്യാസത്തിൽ ചർച്ചചെയ്തിരിക്കുന്നു. കേരളത്തിലെ ഏററവും പ്രാചീനമായ തമിൾ മഹാകാവ്യത്തിലെ കഥാവസ്തുവിന് നാടകത്തിൽ വന്നുചേരുന്ന വ്യതിയാനം ആ പ്രസ്ഥാനത്തിലെ സങ്കേതങ്ങളുടെ ഫലമാണ്. കേരളവുമായി അഭേദ്യബന്ധമുള്ള കോവലൻകഥ വെറും തമിൾനാട്ടുകഥയായി രൂപാന്തരപ്പെടുന്നു. നാൽപ്പത്തിയൊന്നു ദിവസം തുടർച്ചയായി വൈക്കം ക്ഷേത്രത്തിൽ നടത്തപ്പെടുന്ന 'വടക്കുപുറത്തുപാട്ടി'ലെ പ്രതിപാദ്യവും ഈ കഥതന്നെയാണെന്ന് സ്മരണീയമാണ്. പക്ഷേ ചിലപ്പതികാരകഥയുമായി അതിന് നാടകകഥയെക്കാൾ കൂടുതൽ ചാർച്ചയും വേഴ്ചയുമുണ്ടുതാനും. ചിലപ്പതികാരത്തിൽ 'തിരുച്ചെങ്കുന്നു' എന്നു പ്രസ്താവിച്ചിട്ടുണ്ടെന്നും അതു് ചെങ്ങന്നൂരെപ്പററിയാണെന്നും ഉപന്യാസകാരൻ പറയുന്നതു് എന്താധാരമാക്കിയാണെന്ന് സ്പഷ്ടമാകുന്നില്ല. പ്രിയതമന്റെ മരണത്തെക്കുറിച്ചു് വ്യസനാക്രാന്തയായി കണ്ണകി വേങ്ങമരത്തിൻകീഴിൽ കഴിക്കുന്നതു് 'നെടുവേൾക്കുന്നം' എന്ന മലയിൽ

വെച്ചാണെന്നാണ് ചിലപ്പതികാരം ഇരുപത്തിമൂന്നാംഗാഥയിൽ പ്രസ്താവിച്ചിട്ടുള്ളതു്. (xxiii-ാം ഗാഥ വരി 189-191). ഈ സ്ഥലത്തെക്കുറിച്ചു് 29-ാംഗാഥയിൽ 'വെൻവേലാൻകുന്നു്' എന്നും പ്രസ്താവമുണ്ടു്. ഇതു് കൊടുങ്ങല്ലൂരിനടുത്തുള്ള ചെങ്കുന്നാണെന്നും ചെങ്കോട്ടു് എന്നു് അദ്ധ്യാഹരിക്കുന്നതു് തെറ്റാണെന്നും അതു് വഞ്ചിനഗരത്തിൽനിന്നു് അധികം ദൂരെയാണെന്നും അടിയാർക്കു നല്ലാർ എന്ന ചിലപ്പതികാര വ്യാഖ്യാതാവു് വ്യക്തമാക്കിയിട്ടുണ്ടു്. ചെങ്ങന്നൂരും ചിലപ്പതികാരവുമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്നുവെന്നു് ആ കാര്യത്തിലെ ഏതെങ്കിലും പ്രസ്താവ്യത്തിൽ നിന്നു് ഊഹിക്കാൻ വഴിയില്ല. ഇതിനും പുറമേ വേങ്ങമരത്തിൻകീഴിൽ കണ്ണകി ദുഃഖിച്ചിരിക്കുമ്പോൾ കോവലൻ ദിവ്യരൂപം ധരിച്ചു് അവിടെ ആഗതനായിയെന്നും രണ്ടുപേരുംകൂടി വിമാനത്തിൽ കയറി ദേവലോകത്തേക്കു പോയിയെന്നുമുള്ള അത്ഭുതസംഭവം മലയരയർ പെരുമാളെ അറിയിക്കുന്നതു് വഞ്ചിപട്ടണത്തിൽ ചെന്നല്ല. മൃഗയാവിനോദത്തിനായി പെരിയാററിൻകരയിൽ താവളമടിച്ചിരുന്ന ചെങ്കുട്ടവപ്പെരുമാളെ അവിടെ ചെന്നു് കണ്ടറിയിക്കുന്നതായിട്ടാണു് ചിലപ്പതികാരത്തിൽ വർണ്ണിച്ചിട്ടുള്ളതു്.

'കലയിലെ സ്വാഭാവികത' യിൽ കല ജീവിതത്തിൻെറയോ പ്രകൃതിയുടേയോ പകർപ്പോ അനുകരണമോ പ്രതിഫലനമോ അല്ലെന്നു് സ്ഥാപിക്കുവാനാണു് ഗ്രന്ഥകാരൻ യത്നിച്ചു കാണുന്നതു്. വെറും പകർപ്പല്ലെന്നുള്ള കാര്യത്തിൽ എല്ലാവരും യോജിക്കും. കല കലാകാരൻെറ ഒരു പുതിയ സൃഷ്ടിതന്നെ; സംശയമില്ല അതിലെ സ്വാഭാവികത, ജീവിതത്തിലെ സ്വാഭാവികതയിൽനിന്നു് ഏറെക്കുറെ ഭിന്നവുമാണു്. എന്നാൽ കലാസൃഷ്ടി ജീവിതയാഥാർത്ഥ്യങ്ങളോടും സൗന്ദര്യത്തോടും പൊരുത്തപ്പെട്ടിരുന്നില്ലെങ്കിൽ അസ്വാഭാവികമാണെന്നുള്ള പ്രതീതി ഉണ്ടാകാതെയിരിക്കയില്ല. 'പ്രാചീന ശാന്തിനികേതനങ്ങളി'ൽ സംവാദരൂപമായ ഗുരുകുലവിദ്യാഭ്യാസത്തിൻെറ മേന്മ സ്ഥാപിക്കുവാനാണു് ഗ്രന്ഥകാരൻെറ യത്നം. ഗുരുകുലത്തിൽനിന്നും നേരിട്ടു വിദ്യാദാനം ചെയ്യുന്ന രീതി കൂടുതൽ ഫലപ്രദവും പ്രകൃത്യനുകൂലവും തന്നെ. പഴയ ഗുരുകുലങ്ങളിൽ ജീവിതശാന്തി സമ്പാദിക്കുവാനുള്ള അദ്ധ്യാത്മവിദ്യാഭ്യാസത്തിനാണു് തൊഴിൽപരമായ സാങ്കേതികജ്ഞാനത്തിനല്ല വിലവെച്ചിരുന്നതും. കലങ്ങിമറിഞ്ഞ ഇന്നത്തെ നിലയിൽ അവ എത്രമാത്രം പ്രായോഗികവും വിജയപ്രദവും ആകുമെന്നു് ആലോചിക്കേണ്ടതാണു്. ടാഗോറിൻെറ ശാന്തിനികേതനവും മഹാത്മജിയുടെ ഗുജറാത്ത് വിദ്യാപീഠവും പുരാതനരീതിയിൽ അടിയുറച്ചവയാണെന്നുള്ള മെച്ചമുണ്ടു്. പക്ഷേ, ആധുനികകാലത്തെ ജീവിതാവശ്യങ്ങളെ നിറവേററുന്ന വിദ്യാഭ്യാസരീതിയാണു് ഇന്നു അഭിലഷണീയമായിരിക്കുന്നതും. 'വിചാരതരംഗിണി'യിലെ ഈ ഏഴു് ഉപന്യാസങ്ങളിലും ശ്രീ. ദാമോദരൻപിള്ളയുടെ നിരൂപണ വൈശദ്യവും ചിന്താസ്വാതന്ത്ര്യവും തനിക്കുതാൻപോന്ന പോക്കും പ്രകടമാണു്. അവയത്രേ ഈ ഉപന്യാസങ്ങളുടെ ആസ്വാദ്യതയ്ക്കു നിദാനവും.

എം. ആർ. ബാലകൃഷ്ണവാരിയർ.

## 4. രണ്ടു വിശേഷാൽപ്രതികൾ

**മലയാളമനോരമയും കൗമുദിയും**

ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ വാർഷികപ്പതിപ്പുകൾക്കും വിശേഷാൽ പ്രതികൾക്കും സുപ്രധാനമായ ഒരു സ്ഥാനമുണ്ടു്. ഭാഷാപോഷണവിഷയകമായി ആണ്ടുതോറും അവകൊണ്ടുണ്ടാകുന്ന നേട്ടങ്ങളും വിസ്മരിക്കത്തക്കതല്ല. 'മലയാളമനോരമ'യുടെ വാർഷിക വിശേഷാൽപ്രതിയും 'കൗമുദി'യുടെ ഓണം വിശേഷാൽപ്രതിയും ആ നിലയിൽ ഈടുള്ള രണ്ടു പ്രസിദ്ധീകരണങ്ങളാണു്. കവിതകൾ, ചെറുകഥകൾ, ലേഖനങ്ങൾ, വിനോദഭാവനകൾ, ഏകാങ്കനാടകങ്ങൾ എന്നിങ്ങനെ വിജ്ഞാനവും വിനോദവും പ്രദാനം ചെയ്യുന്ന ഗദ്യപദ്യലേഖനങ്ങളും ചിത്രങ്ങളും ഈ രണ്ടു വിശേഷാൽ പ്രതികളിലും അടങ്ങിയിരിക്കുന്നു. ആകൃതിയിലും

വലിപ്പത്തിലും തുല്യത വഹിക്കുന്ന ഈ രണ്ടു പ്രസിദ്ധീകരണങ്ങളും സുപ്രശസ്ത സാഹിത്യകാരന്മാരുടെ തൂലികാവിലാസംകൊണ്ടു് അനുഗൃഹീതമാണു്. രണ്ടിന്റേയും വില രണ്ടുരൂപതന്നെ.

“പ്രതീക്ഷയെ കവിഞ്ഞു് സ്വല്പം താമസിച്ചുപോയതിനുള്ള ഒരു ക്ഷമാപണം' മലയാളമനോരമയുടെ പ്രസാധകക്കുറിപ്പിൽ കാണുന്നുണ്ടു്. “താമസിച്ചുപോയെങ്കിലും ലക്ഷണസംയുക്തനും യോഗശാലിയുമായ ഒരോമന ശിശുവാണു മലയാളസാഹിത്യത്താവാട്ടിൽ പിറന്നുവീണിരിക്കുന്നതെന്നു'ള്ള പ്രസാധകരുടെ സമാശ്വാസവും ശ്രദ്ധാർഹമാണു്. സ്വന്തംശിശുവിനെപ്പററി ഒരു മാതാവിനു് സ്വാഭാവികമായുണ്ടാകാവുന്ന അഭിമാനത്തികവിന്റെ പ്രഖ്യാപനത്തിൽ കവിഞ്ഞൊരു പ്രാധാന്യവും ഇതിൽ ദർശിക്കുവാനില്ല എന്നുള്ളതാണു് ശ്രദ്ധാർഹം.

മലയാള ദിനപ്പത്രങ്ങളുടെ കൂട്ടത്തിൽ ഒരു പ്രമുഖസ്ഥാനമുള്ള ‘മലയാളമനോരമ'യുടെ വാർഷികപ്പതിപ്പിനെപ്പററി നമുക്കു് ചില പ്രതീക്ഷകളുണ്ടാകാവുന്നതാണു്. ആ പ്രതീക്ഷകൾ നിറവേററുവാൻ ഈ പ്രസിദ്ധീകരണം എത്രത്തോളം ഉപകരിച്ചിട്ടുണ്ടെന്നുള്ളതിനെ ആശ്രയിച്ചുവേണമെല്ലൊ ഇതിന്റെ വിജയം നിർണ്ണയിക്കുവാൻ. ലേഖനങ്ങൾ മിക്കതും വിജ്ഞേയങ്ങളാണെങ്കിലും അവയിൽ പലതും സാമാന്യം ദീർഘങ്ങളും തൻനിമിത്തം വിരസങ്ങളുമായിരിക്കുന്നു. വായിക്കാൻ കൊള്ളാവുന്ന ലേഖനങ്ങളാകട്ടെ കവിതകളാകട്ടെ അച്ചടിത്തെററുകൂടാതെ പ്രസിദ്ധപ്പെടുത്തുവാനുള്ള ശ്രദ്ധയോ നിഷ്കൂർഷയോ ഇല്ലാതെ പോയതും കുറെ സാഹസമായിപ്പോയി. “മനുഷ്യനെ മരപ്പാവയാക്കുന്ന കമ്മ്യൂണിസം” എന്ന ശീർഷകത്തിലുള്ള ശ്രീ. കെ. സി. മാമ്മൻമാപ്പിളയുടെ 25 പേജിലധികം ദൈർഘ്യംവരുന്ന വിജ്ഞേയമായ ലേഖനംപോലും അനായാസമായി ഒന്നു വായിച്ചുനോക്കുവാൻ അതിലെ അച്ചടിപ്പിഴകളും തെളിയാത്ത അച്ചടിയും നിമിത്തം സാധിക്കാതെ വരുന്നു എന്നു പറഞ്ഞാൽ ബാക്കിയുള്ളതെല്ലാം ഊഹിച്ചുകൊണ്ടാൽമതി. പ്രചാരമുള്ള ഒരു ദിനപ്പത്രത്തിന്റെ അച്ചടി സംബന്ധിച്ചും മററും ദൈനംദിനം നേരിടേണ്ടിവരുന്ന ഭാരിച്ച ചുമതലകൾക്കിടയിലാണു് ഇതു സാധിച്ചതെന്നു പ്രസാധകർ സമാധാനിക്കുന്നുണ്ടെങ്കിൽ അതൊരു ശരിയായ സമാധാനമായി അനുവാചകൻ കരുതണമെന്നില്ല. ഒന്നാംതരം മഷിയും നല്ല മേനിക്കടലാസും ഉപയോഗിച്ചു് അച്ചടിയും 'ഗററപ്പും' കുറേക്കൂടി ആകർഷകമാക്കുവാൻ ‘മലയാളമനോരമ' പ്രവൎത്തകർക്കു സാധിക്കുന്നില്ലെന്നു പറഞ്ഞാൽ അതാരും വിശ്വസിക്കുവാൻ പോകുന്നില്ല. വാർഷികപ്പതിപ്പിന്റെ പുറംചട്ടയിൽ ഒരു ചുമട്ടുകാരിയുടെ ചിത്രം ചേർത്തിരിക്കുന്നതു് ജനകീയത്തിനു ചുട്ടുപിടിക്കാൻ വേണ്ടിയാണോ എന്നു് ആരും സംശയിച്ചുപോകും. ഇതിനെ അപേക്ഷിച്ചു് ‘കൌമുദി'യുടെ വിശേഷാൽ പ്രതിയുടെ മുഖചിത്രം ഏറെ ഹൃദ്യവും ആകർഷകവുമായിട്ടുണ്ടെന്നു പറയാം. ഉള്ളടക്കത്തിൽ ഭാഷയുടേയും സാഹിത്യത്തിന്റേയും നിലവാരം അധപ്പതിപ്പിക്കാതേയും അശ്ലീലം കടന്നുകൂടാതെയും പാലിക്കുവാൻ ‘മനോരമ' പ്രവൎത്തകർ പ്രദർശിപ്പിച്ചിട്ടുള്ള ശ്രദ്ധ വിശേഷമായിട്ടുണ്ടു്. എന്നാൽ പുരോഗമനാശയങ്ങളും ലൈംഗിക പ്രവണതകളും ധാരാളമായി ഉൾക്കൊള്ളുന്ന ഒട്ടധികം ചെറുകഥകളും വിനോദഭാവനകളുംകൊണ്ടു് അനുവാചകമണ്ഡലത്തെ ആകർഷിക്കുവാൻ ശ്രമിച്ചിട്ടുള്ള ‘കൌമുദി'യ്ക്കാകട്ടെ അക്കാൎയ്യത്തിൽ അത്രതന്നെ ശ്രദ്ധിക്കുവാൻ കഴിഞ്ഞിട്ടുമില്ല.

വിജ്ഞേയങ്ങളായ ലേഖനങ്ങളും സാമാന്യം നല്ല കുറെ ചെറുകഥകളും ഈ രണ്ടു വിശേഷാൽപ്രതികളിലുമുണ്ടെങ്കിലും എണ്ണപ്പെട്ട കവിതകൾ രണ്ടിലും വിരളമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. മഹാകവി വള്ളത്തോളിന്റെ ‘പുരോഗതി' എന്ന ഒരു കവിത ‘മനോരമ'യിലും മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ ‘സ്വപ്നാലാപം' എന്ന പേരിൽ തികച്ചു് 12 വരിയുള്ള ഒരു ആത്മഗീതം ‘കൌമുദി'യിലും ആദ്യം ചേർത്തിട്ടുണ്ടു്. പി. ഭാസ്കരൻ, വയലാർ രാമവൎമ്മ, പാലാ

നാരായണൻ എന്നിവരുടെ ചില നല്ല കവിതകളും 'കൌമുദി'യിൽ ഇല്ലാതില്ല.

'പുതിയ എഴുത്തുകാരോട്' എന്ന ശീർഷകത്തിൽ ശ്രീ. എൻ. വി. കൃഷ്ണവാര്യരുടെ 'കൌമുദി'യിലെ ലേഖനം പത്രാധിപരുടെ ഗിരിശൃംഗത്തിലിരുന്നുകൊണ്ട് പൊതുവേ ലേഖകന്മാരോടു ചെയ്യുന്ന ഒരു 'പ്രഭാഷണ'മായിട്ടേ കരുതാൻ നിവൃത്തിയുള്ളു. ശ്രീ. കൃഷ്ണവാര്യർ ആനപ്പുറത്തിരിക്കുന്നതായ ഒരു ചിത്രവും അതേ ലേഖനത്തോടൊപ്പം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു് തുലോം അർത്ഥഗർഭമായിട്ടുണ്ട്. ആനപ്പുറത്തിരുന്നുകൊണ്ട് ശൌനകഭീതി കൂടാതെ മററുള്ളവരെ ഉപദേശിക്കുന്ന ഒരു പ്രതീതിയുണ്ട് ആ ലേഖനത്തിനെന്നു സൂചിപ്പിക്കുകയാവാം ചിത്രം കൊണ്ടു ചെയ്യുന്നതു്.

പൊതുവേ നോക്കുന്നപക്ഷം ഈ രണ്ടു വിശേഷാൽ പ്രതികളും സാമാന്യം നന്നായിട്ടുണ്ടെന്നുതന്നെ പറയണം. അന്നോടന്നുള്ള 'വാർത്തകൾ' മാത്രം പാരായണംചെയ്തു ശീലമായ പത്രവായനക്കാരിൽ രസം ഉദിപ്പിക്കുവാനും കലാബോധം വളർത്തുവാനും ഉതകുമെന്നുള്ളതുകൊണ്ട് ഇവ, ഇക്കാലത്തെ ഒരാവശ്യമായും തീർന്നിട്ടുണ്ട്. എന്നാൽ, ഇത്തരം വാർഷികഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ, അവയുടെ സംവിധായകന്മാർ ഉള്ളടക്കത്തിൽ മാത്രം ശ്രദ്ധിച്ചാൽ പോരാ എന്നു തോന്നുന്നു. 'കെട്ടും മട്ടും' നന്നാക്കുവാനും, നല്ല കടലാസ്സിൽ അച്ചടിക്കുവാനും, ചിത്രങ്ങളുടെ ബ്ളോക്കുകൾ തെളിവായും കലാഭംഗിയോടെയും മുദ്രണം ചെയ്‌വാനും, ആവതും അച്ചടിപ്പിഴ ഒഴിവാക്കുവാനും മററും പരിശ്രമിക്കേണ്ടതും ആവശ്യമാകുന്നു. 'ഭാജന'വും 'ഭോജന'വും ഒരുപോലെ ഹൃദ്യമായിരുന്നാലേ അതിന്റെ ആസ്വാദ്യത വെറുമൊരു വ്യാപാരമെന്ന അവസ്ഥയിൽനിന്നും 'കല' എന്ന പരിധിയിലേയ്ക്കുയരുകയുള്ളു.

പി. അനന്തൻപിള്ള.

## 5. ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരണങ്ങൾ

51. ബലവും ധർമ്മവും വില അണ 8.

ശ്രീ. കുട്ടികൃഷ്ണമാരാർ തന്റെ ഭാരതപര്യടനം എന്ന ഗ്രന്ഥത്തിൽ, 'നേശേബലസ്യേതി ചരേദധർമ്മം' എന്ന വരികൾക്കു് ഒരു പുതിയ വ്യാഖ്യാനം നൽകിയിരുന്നതിനെപ്പററിയുള്ള ഒരു വിചാരമാണു് ഈ ഗ്രന്ഥത്തിൽ ഉൽപാദിച്ചിട്ടുള്ള ചർച്ചാവിഷയം. ദ്വൈതവനത്തിൽ വസിക്കുന്ന ധർമ്മപുത്രരോടു മാർക്കണ്ഡേയമഹർഷി പറയുന്നതാണു് പ്രസ്തുത വരികൾ. ഇതിനെപ്പററി ശ്രീ. മാരാർ നൽകുന്ന വ്യാഖ്യാനത്തെ എതിർത്തുകൊണ്ടുള്ള വാദഗതി ശ്രീ. സുകുമാർ അഴീക്കോട് അവതരിപ്പിക്കുന്നു. പ്രസ്തുത വരികൾക്കു് 'താൻ ബലത്തിനാളല്ല എന്നു വന്നാൽ അധർമ്മം ചെയ്യാം', എന്നുള്ള ശ്രീ. മാരാരുടെ വ്യാഖ്യാനം സമീചീനം അല്ലെന്നും നേരെമറിച്ചു് 'ബലമുണ്ടെന്നുവച്ചു് ആരും അധർമ്മം ചെയ്യരുതു്, എന്നർത്ഥമാണു് വ്യാസൻ ഉദ്ദേശിച്ചിട്ടുള്ളതു് എന്നുമാണു് പ്രതിപക്ഷത്തെ വാദം. ഇതിനെപ്പററി അഭിപ്രായം പറഞ്ഞിട്ടുള്ള ഭൂരിപക്ഷം ആളുകളും പ്രമേയകർത്താവിനോടനുകൂലിച്ചുകൊണ്ടാണു് വാദഗതി ആരംഭിക്കുന്നതു്.

1. 'ധർമ്മംചര' എന്ന ശ്രുതിവാക്യത്തെ അടിസ്ഥാനമാക്കി നിർമ്മിച്ച ഭാരതത്തിൽ 'ചരേദധർമ്മം'—അധർമ്മം ആചരിക്കണം എന്നു വിശ്വാചാര്യനായ വ്യാസൻ നിർബന്ധിക്കുമെന്നു യാതൊരു തരത്തിലും വിചാരിക്കാവുന്നതല്ല. യുക്തിവാദികളായ പാശ്ചാത്യനിരൂപകന്മാർ കൂടി കുപ്രസ്ഥാനഗതമായ നിരൂപണംകൊണ്ടു പര്യടനക്കാരൻ ചെയ്തിരിക്കുന്നതുപോലെ ഭീമമായ അപരാധം ഭാരതത്തോടു ചെയ്തിട്ടില്ല.

വടക്കുംകൂർരാജരാജവർമ്മ.

2. പ്രബലന്മാരായ ബന്ധുരാജാക്കന്മാരും സൈന്യാദി സാമഗ്രികളും സ്വാധീനത്തിലുണ്ടായിരുന്നിട്ടും കപടകൌശലംകൊണ്ടു കൌരവന്മാർ തട്ടിയെടുത്തു രാജ്യം വീണ്ടെടുക്കാൻ സാധി

ക്കാതെ പ്രതിജ്ഞാപരിപാലനത്തിനായി വനവാസം സ്വീകരിച്ചതുകൊണ്ടാണ് യുധിഷ്ഠിരന്റെ ധർമ്മനിഷ്ഠയെ മാർക്കണ്ഡേയമഹർഷി മുക്തകണ്ഠം പ്രശംസിച്ചത്. ആ ഘട്ടത്തിലാണ് പ്രസ്തുത വചനം. യുധിഷ്ഠിരൻ ബലമുണ്ടായിരുന്നിട്ടും അധർമ്മം ചെയ്യാതിരുന്നതു് നന്നായി എന്ന പ്രശംസയാണല്ലോ അതിന്റെ പര്യവസാനം. അധർമ്മം ചെയ്യുവാൻ പ്രേരണ ആവശ്യമില്ല. സ്വഭാവപ്രാപ്തമായ അധർമ്മാചരണം അനർത്ഥകരമാണെന്നുദ്ബോധിപ്പിച്ചു് അതിൽ നിന്നും നിവർത്തിപ്പിക്കുകയാണ് ആവശ്യം. അതു നിർവഹിക്കണമെങ്കിൽ 'നചരേത്' എന്നു തന്നെ യോജിപ്പിക്കണം.-കെ. അച്യുതപ്പൊതുവാൾ.

3. ശ്രീരാമന് ബലമുണ്ടായിരുന്നിട്ടും അധർമ്മാചരണം—പിതൃാജ്ഞാ ലംഘനം—ചെയ്തില്ല. അതുപോലെ യുധിഷ്ഠിരനും ബലമുണ്ടാകയാൽ അധർമ്മം ചെയ്യരുതു് എന്ന താത്പര്യത്തിലാണ് പ്രസ്തുത വാക്യത്തിന്റെ പര്യവസാനം

—കെ. വി. മാനൻ ഗുരുക്കൾ.

4. ബലമില്ലെങ്കിൽ അധർമ്മം ചെയ്യാൻ ആരും ധൈര്യപ്പെടുകയില്ല. ചെയ്യാമോ എന്നു് ഒരു ചോദ്യം വരുവാനേ വഴിയില്ല. ചോദിക്കുവാനാളുകളുള്ളതുകൊണ്ടു് ദുർബലന്മാർ അതിനു ധൈര്യപ്പെടുകയില്ല. ബലത്തെ ആശ്രയിച്ചും അധർമ്മം ചെയ്യുന്നതു് ശരിയാണോ എന്നൊരു ചോദ്യം വരാവുന്നതാണ്. അതിനുള്ള മറുപടിയാണ് ചർച്ചയ്ക്കു വിഷയം. ബലമുണ്ടെന്നുവച്ചു് അധർമ്മം ചെയ്തുകൂടാ എന്നാണ് മാർക്കണ്ഡേയ മഹർഷി ഉപദേശിക്കുന്നതു് —ആററൂർ

രണ്ടുപേർ മാത്രം പ്രമേയത്തെ എതിർത്തുകൊണ്ടും ശ്രീ മാരാരെ താങ്ങിക്കൊണ്ടും അഭിപ്രായം പറഞ്ഞു കാണുന്നു. അതിലൊന്നിങ്ങനെയാണ്.

ശങ്കരപ്രഭൃതികളായ പണ്ടുള്ള ആചാര്യന്മാർ സ്വാഭിപ്രായത്തിനു യോജിച്ചവിധം അർത്ഥം കല്പിക്കയാണുണ്ടായിട്ടുള്ളതു്. അതേ മാതിരി ഒരു കല്പന ശ്രീ മാരാരുടെ അർത്ഥത്തിലും സ്വീകരിക്കാം. ശ്രീ മാരാർ അധർമ്മം ചെയ്യണമെന്നു പറയുന്നതിന്റെ അർത്ഥം വിഷ്ണുധർമ്മമനുഷ്ഠിക്കണമെന്നാകുന്നു! 'അ' എന്നുള്ളതിന് വിഷ്ണുവെന്നും അർത്ഥമുണ്ട്.

വി. കെ. നാരായണഭട്ടതിരി.

മേല്പറഞ്ഞ അഭിപ്രായങ്ങൾ നോക്കുമ്പോൾ അനേകം പണ്ഡിതന്മാരെ ചിന്തിപ്പിക്കാൻ തക്ക ഒരു പ്രയോഗമാണ് ശ്രീ. മാരാർ ചെയ്തിട്ടുള്ളതു്. ധർമ്മസംരക്ഷണാർത്ഥം എഴുതപ്പെട്ട ഒരു ഗ്രന്ഥത്തെ ഒരു നൂതനവ്യാഖ്യാനംകൊണ്ടു വീണ്ടും അവതരിപ്പിച്ചു് ധർമ്മത്തെ പുനഃപ്രതിഷ്ഠിക്കാൻ ചിന്താസക്തന്മാരായ ആളുകളെ ആഹ്വാനം ചെയ്യുക എന്ന ഒരു കർത്തവ്യം മനസ്സിൽ വച്ചുകൊണ്ടല്ലേ ശ്രീ മാരാർ ഈ പ്രയോഗം ചെയ്തതു് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വിദ്വാന്മാരായ വിമർശകന്മാർ പലപ്പോഴും ഇങ്ങനെ ചെയ്യാറുണ്ടു്. അല്ലാതെ പ്രമേയം അവതരിപ്പിച്ചവരും അനുകൂലിച്ചവരും അഭിപ്രായപ്പെടുന്നതുപോലെ ധർമ്മപ്രബോധം ആണ് ഉദ്ദേശ്യം എന്നു മാരാർ അറിയാഞ്ഞിട്ടാവുകയില്ലല്ലോ.

ധർമ്മമേതു് അധർമ്മമേതു് എന്നു ഉദ്ബോധിപ്പിക്കാൻ പ്രത്യേക ഗ്രന്ഥങ്ങൾതന്നെ പണ്ടു് എഴുതീട്ടുണ്ടു്. ഗൗതമധർമ്മസൂത്രവും മററും ഇതിനു ദൃഷ്ടാന്തമാണ്. അത്തരം ഗ്രന്ഥങ്ങൾ പ്രായേണ ക്ലിഷ്ടതയേറിയവയാകയാൽ സാമാന്യജനങ്ങൾക്കു് അവ ആകർഷകമല്ലാതെവന്നു. അതിനു പരിഹാരമായിട്ടാണ് സഹൃദയാഗ്രണിയായ വ്യാസഭഗവാൻ ധർമ്മസംരക്ഷണാർത്ഥം ആകർഷകമായ ഒരു കഥാതന്തു ഘടിപ്പിച്ചു് പുരാണ വഴിയ്ക്കു് മാർഗ്ഗോപദേശം ചെയ്തതു്. അതിൽപ്പിന്നെ ധർമ്മം ഏതു് അധർമ്മം ഏതു് എന്നു ചിന്തിപ്പിക്കാൻ ക്ലിഷ്ടമാർഗ്ഗങ്ങളെ അവലംബിക്കേണ്ടിവരുന്നതു് യുക്തമല്ല. അതുകൊണ്ടു് പുരാണം മനസ്സിലാക്കാൻ ശ്രീ മാരാരുടെ വ്യാഖ്യാനത്തിനുവേണ്ടി അർത്ഥവാദരൂപത്തിൽ പുറകോട്ടുപോകാൻ മനുഷ്യരെ ആഹ്വാനം ചെയ്യുന്ന രീതി ദുർഘടമാണെന്നുവേണം പറയു

വാൻ, പാണ്ഡിത്യപ്രകടനം വിദ്വൽസദസ്സുകൾക്കും വിജ്ഞാനദാനം സാമാന്യജനങ്ങൾക്കും വേണ്ടിയാണ് പണ്ടേ വെച്ചിട്ടുള്ളത്.

## 52. ആദ്ധ്യാത്മിക ജീവിതം വില അണ 8.

1952 മേയ് മാസത്തിൽ ഗുരുവായൂർ ദേവസ്വത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 41-ാം അഖിലകേരള ഹിന്ദുമതസംസ്കാരസമ്മേളനത്തിന്റെ പ്രഥമയോഗത്തിലെ പ്രസംഗങ്ങളാണ് ഇതിന്റെ ഉള്ളടക്കം. ശ്രീ. തച്ചുടയകൈമളുടേതാണ് ഉദ്ഘാടനപ്രസംഗം. ഉപക്രമപ്രസംഗം ചെയ്തിരിക്കുന്നതു് മദ്രാസ് നിശ്ശ്രേയസാനന്ദസ്വാമികളാണ്. കഠോപനിഷത്തിന്റെ ഒരു കഥാസംഗ്രഹംകൊണ്ടു് ഉപക്രമം സാധിച്ചിരിക്കയാണ്. ഉപസംഹാരത്തിലും വിജ്ഞേയങ്ങളായ നേട്ടങ്ങളൊന്നും വിശേഷിച്ചുണ്ടെന്നു പറയാനില്ല. മൂന്നു പ്രസംഗങ്ങളാണു അന്നു നടന്നതു്.

"ശ്രേയസ്സും പ്രേയസ്സും" എന്ന വിഷയത്തെക്കുറിച്ചു സുകുമാരൻ അഴീക്കോടിന്റെ പ്രസംഗം. ശ്രേയസ്സിനെ വിശദീകരിക്കാൻ എടുത്ത പരിശ്രമം പ്രേയസ്സിന്റെ കാര്യത്തിൽ ചെയ്തുകാണുന്നില്ല. സാമാന്യമനുഷ്യനെ സർവഥാ ബാധിക്കുന്ന ശ്രേയസ്സിനെക്കാൾ സുജ്ഞേയമല്ലാത്ത പ്രേയസ്സിനെപ്പററിയായിരിക്കണം ഇത്തരം വിദ്വൽസമ്മേളനങ്ങളിൽ വിശദമായി പ്രതിപാദിക്കേണ്ടതു്. അതിനുപകരം അക്കാര്യങ്ങൾ 'വേദാന്തകേസരി' തുടങ്ങിയ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടെന്നു ചൂണ്ടിക്കാണിച്ചിട്ടു് കടന്നുപോകാനേ തനിക്കു കഴിവുള്ളു എന്നു പറയുന്നതു് നിരാശാജനകമാണ്.

"ധർമ്മസ്വരൂപ"ത്തെക്കുറിച്ചു പണ്ഡിതരാജൻ കെ. അച്ച്യുതപ്പൊതുവാളിന്റെ പ്രസംഗം ആണു രണ്ടാമത്തേതു്. വർണ്ണാശ്രമധർമ്മങ്ങളെ കൂലംകഷമായി പ്രതിപാദിക്കാൻ മൂലഗ്രന്ഥങ്ങൾ പലതും ഉദ്ധരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പോക്ക് വിദഗ്ദ്ധമായിട്ടുണ്ട്. ഒരു പ്രസംഗം എന്ന നിലയിൽ അൽപ്പം മുഷിപ്പനായി തോന്നുമെങ്കിലും ഗ്രന്ഥരൂപേണ പ്രസിദ്ധീകൃതമാകുന്നതു് തത്വജ്ഞാനികൾക്കു് പ്രയോജനപ്രദമായിരിക്കും.

നിത്യകർമ്മങ്ങൾ—ജി. വിശ്വനാഥശർമ്മയാണ് പ്രാസംഗികൻ, ബ്രാഹ്മണൻ അനുഷ്ഠിക്കേണ്ടുന്ന നിത്യകർമ്മങ്ങളാണ് പ്രമേയം. ഒരു ഹൈന്ദവബ്രാഹ്മണന്റെ ജീവിതാദർശം എങ്ങനെ ആയിരുന്നു എന്നു കാണിക്കാൻവേണ്ടിയാണ് ഈ സാഹസത്തിനൊരുങ്ങിയതു് എന്നു പ്രാസംഗികൻതന്നെ സമ്മതിക്കുന്നുണ്ടു്.

## 53. ധർമ്മോദ്ധാരകന്മാർ വില. അണ. 8

1952 മേയ് മാസത്തിൽ നടത്തിയ ദ്വിതീയയോഗത്തിലെ പ്രസംഗങ്ങളാണ് ഈ സംപുടത്തിലെ വിഷയങ്ങൾ.

അദ്ധ്യക്ഷപ്രസംഗം നടത്തിയതു് ബഹുഭാഷാപണ്ഡിതൻ ശ്രീ. വി. ശേഷാദ്രി അയ്യർ ആണ്. മനുഷ്യഭാവത്തിലല്ലാതെ ഈശ്വരനെ ധ്യാനിക്കാനോ പൂജിക്കാനോ സാധ്യമല്ല എന്നുള്ളതിനു് ഉപോദ്ബലകമായ കാര്യം വിശിഷ്ടവിഭൂതികളിൽ ഭഗവച്ഛക്തി കൂടുതൽ പ്രകാശിച്ചുകാണുന്നതാണ് എന്നു കാണിക്കാൻ അവതാരപുരുഷന്മാരെയും ഋഷികുമാരന്മാരെയും സ്മരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസംഗം പ്രസ്തുത സമ്മേളനത്തെ വിജയിപ്പിക്കാൻ പര്യാപ്തമായിട്ടുണ്ടെന്നുവേണം പറയാൻ. ബുദ്ധദേവനെപ്പററി ശ്രീ. വി. ഉണ്ണിക്കൃഷ്ണൻനായരുടെ പ്രസംഗം ബുദ്ധന്റെ ഒരു ലഘുജീവിതചരിത്രവും മതതത്വങ്ങളും സാമാന്യജനങ്ങൾക്കു് മനസ്സിലാകത്തക്കവണ്ണം ലളിതവും കാര്യമാത്രപ്രസക്തവുമാണ്. അടുത്തതു് ശ്രീ. ശങ്കരാചാര്യരെപ്പററി ശ്രീ. കെ. വീ. എം-ന്റെ പ്രസംഗമാണ്. സ്മൃപൂരുഷനെക്കുറിച്ചു് ഒരു സാമാന്യജ്ഞാനം അനുവാചകർക്കു് ഉണ്ടാകത്തക്കവണ്ണം വിദഗ്ദ്ധമായിട്ടുണ്ടു് അതിലെ പ്രതിപാദനരീതി. ഗാന്ധിജിയെപ്പററി ശ്രീ. വൈശ്രവണത്തു് രാമൻ നമ്പൂതിരിയുടേതാണ് ഒടുവിലത്തെ പ്രസംഗം

ഒരു മതസമ്മേളനത്തിനു അനുരൂപമായ രീതിയിൽ ഗാന്ധിജിയുടെ ആദ്ധ്യാത്മിക പ്രവണത എടുത്തു കാട്ടാൻ പ്രസംഗകൻ പരിശ്രമിക്കാതിരുന്നതു് പോരായ്മയായിപ്പോയി.

## 54. സംസ്കാരദർപ്പണം. വില അണ 8·

1952 ലെ നാലും ആറും യോഗങ്ങളിലെ പ്രസംഗങ്ങളാണു് ഇതിലെ വിഷയം. ഒന്നാമത്തേതു് ശ്രീ. എം ടി. കുമാരൻെറ 'കേരളീയാചാര്യൻ' എന്ന വിഷയത്തെക്കുറിച്ചാണു്. കേരളത്തിൻെറ ആദ്ധ്യാത്മികചരിത്രത്തെ ആറു ഘട്ടങ്ങളായി തിരിച്ചു് ഓരോ ഘട്ടങ്ങളിലും ആവിർഭവിച്ച ശങ്കരാചാര്യ, തുഞ്ചത്തെഴുത്തച്ഛൻ, ചട്ടമ്പിസ്വാമികൾ, ബ്രഹ്മാനന്ദശിവയോഗി, ശ്രീനാരായണഗുരു, എന്നിവരെപ്പററിയാണു് ഇതിൽ പ്രതിപാദിച്ചിട്ടുള്ളതു്.

അടുത്തതായി കേരളത്തിലെ കലകൾ എന്ന വിഷയത്തെക്കുറിച്ചു് ശ്രീ. പി. വി. അപ്പുവിൻെറ പ്രസംഗമാണു്. ഇതിൽ നാടോടിപ്പാട്ടു്, ശാസ്താംപാട്ടു്, തോററൻപാട്ടു് എന്നിങ്ങനെ കേരളത്തിൽ പണ്ടുപണ്ടേ നിലനിന്നുപോന്നതും പലതരം സംസ്കാരത്തെ ആവിഷ്കരിക്കുന്നതുമായ പല പാട്ടുകളെപ്പററി പ്രതിപാദിക്കുന്നതോടുകൂടി ചിലതിൻെറ മാതൃകകളും കാണിച്ചിരിക്കുന്നതു് രസാവഹമാണു്. ശ്രീ. ഗോവിന്ദൻകുട്ടിനായരുടെ കേരളീയ സംസ്കാരം എന്നതാണു് അടുത്ത പ്രസംഗം. സാംസ്ക്കാരികമായി കേരളത്തിനു് വ്യക്തിപരമായ ചില വിശേഷങ്ങൾ ഉണ്ടെന്നു കാണിക്കാനാണു് പ്രസംഗകൻ യത്നിച്ചിട്ടുള്ളതു്. മതവും സംസ്ക്കാരവും എന്ന ശ്രീ. പുത്തേഴത്തിൻെറ പ്രസംഗത്തിൽ അദ്ദേഹത്തിൻെറ സ്വന്തമായ സംസ്ക്കാരമാണു് ഉടനീളം തുളുമ്പിക്കാണുന്നതു്. ഷട്ദർശനാചാര്യൻ ജി. എൻ. ആനന്ദമൂർത്തിയുടെ വിശ്വധർമ്മമാണു് അവസാനത്തേതു്. ഇതിൽ പഞ്ചാക്ഷരത്തിൻെറ സാക്ഷാൽ തത്ത്വം എന്തെന്നു പ്രതിപാദിക്കുന്ന ഭാഗം ആദ്ധ്യാത്മികമായി ചിന്തിക്കുന്ന ഏവർക്കും പുതുവെളിച്ചം നൽകുന്ന ഒന്നാണെന്നു് പ്രസ്താവ്യമാണു്.

ബി. പത്മനാഭപിള്ള.

---


ഇരുപതു രൂപാമാത്രം

സ്വന്തം വീട്ടിലിരുന്നു്

ഇംഗ്ലീഷ് പഠിക്കാൻ

ഫീസ്സ് അഞ്ചുരൂപാവീതം A B C മുതൽ ആരംഭിച്ചു് ഇംഗ്ലീഷ് വ്യാകരണത്തിലും രചനയിലും സമ്പൂർണ്ണമായ പരിശീലനം

വിദ്യാർത്ഥികൾക്കു്

ENGLISH GRAMMAR

വീട്ടിലിരുന്നു് പഠിക്കാം. പുസ്തകമൊന്നും വാങ്ങേണ്ട. യാതൊരു തെററുംകൂടാതെ തികച്ചും ആംഗ്ലേയമായ ശൈലിയിൽ ഇംഗ്ലീഷ് എഴുതുവാനും സംസാരിക്കുവാനുമുള്ള കഴിവു് സമ്പാദിക്കാം. പൂർണ്ണവിവരങ്ങൾക്കു് ഇന്നുതന്നെ ഒരു കാർഡെഴുതുക.

സിൻഡിക്കേററ്കാളേജ്, P. B. NO· 8 തിരുവനന്തപുരം—1.

## അംഗഗ്രന്ഥശാലകൾ
(തുടർച്ച)

1468–കുലശേഖരവിനായകർ ലൈബ്രറി & റീഡിംഗ് റൂം അഗസ്തീശ്വരം.
1469–ഗ്രാമീണ വായനശാല, കുമ്പളം.
1470––ഗ്രാമീണവായനശാല, നെട്ടമങ്ങാട്ട്, ഞാറയ്ക്കൽ.
1471–മുനവ്വിറുൽ ഇസ്ലാം വായനശാല, എറണാകുളം.
1472–ദേശീയ ഗ്രന്ഥശാല,നമ്പാളി കാരാട്ടുമൂർ, കാഞ്ഞാംപുറം.
1473–ഗ്രാമീണ വായനശാല, മാടായിക്കോണം, Via– ഇരിങ്ങാലക്കുട.
1474–ഗ്രാമീണ വായനശാല, പുതുക്കാട്ട്.
1475–ഗ്രാമീണവായനശാല, വരടിയം, അവണൂർ.
1476–ഗ്രാമീണവായനശാല, കേച്ചേരി (തലപ്പിള്ളി)
1477–ജ്ഞാനോദയം വായനശാല, പൂങ്കുന്നം.
1478–ഗ്രാമീണവായനശാല, തൊട്ടിപ്പാൾ.
1479–ടൗൺ ലൈബ്രറി & റീഡിംഗ്റൂം, മാർക്കററ്റോഡ്, ഇരിങ്ങാലക്കുട.

## അംഗത്വം റദ്ദുചെയ്ത ഗ്രന്ഥശാലകൾ

120–സുബോധദായിനി ഗ്രന്ഥശാല, ആയൂർ, അമരവിള.
123–യുവജനസമാജം ഗ്രന്ഥശാല, ഓലത്താന്നി, നെയ്യാററിൻകര.
143–ഗ്രാമാധാരണഗ്രന്ഥശാല, ഉതിയൻകുളങ്ങര.
150–വിജ്ഞാനോദയം ഗ്രന്ഥശാല, നേമം.
321–ജവഹർഗ്രന്ഥശാല, കുട്ടപ്പന.
671–ദേശപോഷിണി ഗ്രന്ഥശാല, ആനവൂർ കാരക്കോണം.
197–N. S. S. ശ്രീ റീഡിംഗ്റൂം, പെരുന്ന, ചങ്ങനാശ്ശേരി.
524–ബാപ്പുജി മെമ്മോറിയൽ ലൈബ്രറി, വാഴൂർ.
621–പബ്ലിക് ലൈബ്രറി, വാഴൂർ.
307–കചയിദ് ഇ. ആസാദ് റീഡിംഗ്റൂം, പടിഞ്ഞാറുംഭാഗം, കോട്ടയം.
95–സുഭാഷ് ചന്ദ്രലൈബ്രറി, മുട്ടമ്പലം, കോട്ടയം.
156–ഹിന്ദുമതഗ്രന്ഥശാല, പാമ്പാടി.
378–കൊല്ലാട്ട് റീഡിംഗ്റൂം, കോട്ടയം.
173–ഭാരതിക്ലബ്ബ് വായനശാല, നട്ടാശ്ശേരി, കോട്ടയം.
71–ശ്രീമൂലരാജവിജയം വായനശാല, രാമപുരം, കീരിക്കാട്ട്,
658–ജനകീയഗ്രന്ഥശാല, പുതുപ്പള്ളി വടക്ക്, കായംകുളം.
667–പ്രോഗ്രസ്സീവ് വായനശാല, പന്മന, ചവറ.

# തിരു-കൊച്ചി ഗ്രന്ഥശാലാസംഘം

**പ്രവൎത്തകസമിതി നടപടിച്ചുരുക്കം.**

പ്രവൎത്തകസമിതിയുടെ ഒരു യോഗം 8-8-53-ൽ വൈകുന്നേരം 5-30 നു സംഘം ആഫീസിൽവച്ച് വൈസ്പ്രസിഡൻറ് ശ്രീ. എ. അച്ചുതൻെറ അദ്ധ്യക്ഷതയിൽക്കൂടി.

**പ്രധാന തീരുമാനങ്ങൾ**

മുൻയോഗനടപടി വായിച്ചംഗീകരിച്ചു. ജൂലൈമാസത്തെ മാസാന്ത്യക്കണക്കു അംഗീകരിച്ചു. സംഘത്തിനു ധനസഹായം നൽകുന്നതിനെ സംബന്ധിച്ച് ഇൻഡ്യാഗവർമ്മെൻറിൽ നിന്നും വന്ന ലററർ വായിച്ചു. ധനസഹായത്തിനുവേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കി വേണ്ട ഭേദഗതികളോടെ അംഗീകരിച്ചു.

കാര്യപരിപാടിയിലെ മററു വിഷയങ്ങൾ അടുത്ത കമ്മിററിയിലേക്കു മാററിവച്ചു.

**ഭരണസമിതിയോഗം നടപടിച്ചുരുക്കം**

ഭരണസമിതിയുടെ ഒരു യോഗം ശ്രീ, പനമ്പിള്ളി ഗോവിന്ദമേനോൻെറ അദ്ധ്യക്ഷതയിൽ ആഗസ്റ്റ് 19-ാം തീയതി സംഘം ആഫീസിൽ വച്ചുകൂടി. 14 അംഗങ്ങൾ ഹാജരുണ്ടായിരുന്നു.

**തീരുമാനങ്ങൾ**

14-5-53-ൽ കൂടിയ ഭരണസമിതിയുടെ നടപടിയെപ്പററി പര്യാലോചന നടത്തി. ആ നടപടിയും തീരുമാനങ്ങളും വായിച്ച് അംഗീകരിച്ചു

1953-54 ലെ ബഡ്ജററ് പുനഃപരിശോധനചെയ്തു. അവശ്യംവേണ്ട ഭേദഗതികളോടുകൂടി അംഗീകരിച്ചു.

ഗ്രന്ഥാലോകം മാസികയുടെ ഭാവിനടത്തിപ്പിനെപ്പററി സബ്ബ്കമ്മിററി തയ്യാറാക്കിയ റിപ്പോർട്ട് പര്യാലോചിച്ചു. വിവാദപരമായ അന്തർദിനരാഷ്ട്രീയകാര്യങ്ങൾ ഉപേക്ഷിക്കുകയും ലിററററിഡൈജസ്റ്റ് മാതിരിയുള്ള ലേഖനങ്ങൾകൂടെ ചേർക്കുകയും വേണമെന്നു തീരുമാനിച്ചു.

ഗ്രന്ഥാലോകം എല്ലാ വായനശാലകളും നിർബ്ബന്ധമായും എടുക്കേണ്ടതാണ്.

സംഘത്തിൻെറ വാർഷികപൊതുയോഗവും വിശേഷാൽപൊതുയോഗവും സെപ്ററംബർ 27-ാം തീയതി നടത്തേണ്ടതാണ്.

ഓർഗനൈസിംഗ് പ്രവൎത്തനം പുനഃസംഘടിപ്പിച്ച് ആവശ്യമായ നിയമനങ്ങൾ നടത്തുന്നതിന്, ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാരുടെ കഴിഞ്ഞ ഒരു കൊല്ലത്തെ പ്രവൎത്തനം പരിശോധിച്ച്‌വേണ്ട ഒരു പദ്ധതി തയ്യാറാക്കി അടുത്ത പ്രവൎത്തകസമിതിയിൽ ഹാജരാക്കാൻ ശ്രീ. വെട്ടൂർ രാമൻനായർ, ഡാ. പി. കെ. നാരായണപിള്ള, ജനറൽ സെക്രട്ടറി എന്നിവരുൾപ്പെട്ട ഒരു സബ്കമ്മിററിയെ ചുമതലപ്പെടുത്തി.

തിരുവനന്തപുരം താലൂക്കുയൂണിയനു 1952-53-ലേക്കു 50 രൂപ ഗ്രാൻറനുവദിച്ചു.

ആഫീസ് ആവശ്യത്തിനു ഒരു സൈക്കിൾ വാങ്ങേണ്ടതാണ്.

ശ്രീ. സി. നാരായണപിള്ള രാജിവച്ച ഒഴിവിൽ ഭരണസമിതി അംഗമായി ശ്രീ. എസ്. ഗുപ്തൻനായരെ കോവാപ്ററു ചെയ്തു.

ഇൻഡ്യാഗവർമ്മെൻറിൽനിന്നും സംഘത്തിനു ധനസഹായം നൽകുന്നതിനെ സംബന്ധിച്ചുവന്ന ലററിനു തയ്യാറാക്കി അയച്ച മറുപടി പരിശോധിച്ചംഗീകരിച്ചു.

ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാർക്കും ആഫീസുസിൽബന്തികൾക്കും ഓണ ആവശ്യം

പ്രമാണിച്ചു് ആഗസ്റ്റുമാസത്തെ പകുതി ശമ്പളം കൊടുക്കേണ്ടതാണു്.

ബുക്‌സെലക്ഷൻ കമ്മിററിയെ പുനഃസംഘടിപ്പിക്കുന്നതിനു എക്സിക്യൂട്ടീവ്കമ്മിററിയെ അധികാരപ്പെടുത്തി.

പ്രവർത്തകസമിതി നടപടിച്ചുരുക്കം

പ്രവർത്തകസമിതിയുടെ ഒരു യോഗം ശ്രീ. കെ. എം. അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ ആഗസ്റ്റ് 20-ാം തീയതി സംഘാഫീസിൽ വച്ചുകൂടി.

മുൻയോഗ നടപടി വായിച്ചംഗീകരിച്ചു.

10 വായനശാലകളെ അംഗീകരിച്ചു.

ഈ സന്ദർഭത്തിൽ പ്രസിഡന്റു ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ യോഗത്തിൽ ഹാജരായി. അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ തുടർന്നു.

മുൻമാർഗ്ഗനൈസറന്മാരായ ശ്രീ. എസ്. കൊച്ചുകൃഷ്ണൻ, പി. അനന്തൻപിള്ള, ജെ. തങ്കം എന്നിവരിൽനിന്നും സംഘത്തിലേക്കു കിട്ടുവാനുള്ള തുക ഈടാക്കുന്നതിനു ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

മീനച്ചിൽതാലൂക്കു യൂണിയനെ സംബന്ധിച്ചു് ഒരു റിപ്പോർട്ടു് ജനറൽ സെക്രട്ടറി കമ്മിററിയിൽ ഹാജരാക്കേണ്ടതാണു്.

ജനറൽ സെക്രട്ടറിയുടെ ജൂലൈമാസത്തെ പ്രവർത്തനറിപ്പോർട്ടു് വായിച്ചു് റിക്കാർഡു ചെയ്തു.

ഗ്രന്ഥാലോകത്തിനു പാലാ സെൻട്രൽ ബാങ്കിൽ പ്രത്യേകം ഒരു അക്കൗണ്ടു് ആരംഭിക്കേണ്ടതാണു്. അക്കൗണ്ടു് ഓപ്പറേറ്റു് ചെയ്യുന്നതിനു ട്രഷററെ ചുമതലപ്പെടുത്തി.

1954 ജനുവരി 26-ാം തീയതി ഗ്രന്ഥാലോകത്തിന്റെ വാർഷികപ്പതിപ്പു് പ്രസിദ്ധപ്പെടുത്തേണ്ടതാണു്. കൂടാതെ 1954 ജനുവരിലക്കം മാസികയും പുറപ്പെടുവിക്കേണ്ടതാണു്. വാർഷികപ്പതിപ്പു് പ്രസിദ്ധീകരിക്കുന്നതിന്റെ എല്ലാ ചുമതലയും മാനേജിംഗ് എഡിററർ വഹിക്കേണ്ടതുമാണു്.

കൊല്ലം സെൻട്രൽ ലൈബ്രറിക്കു അനുവദിച്ച 3000 രൂപയും തിരിയെ ഒടുക്കാതിരിക്കുന്നതിനുള്ള അനുവാദത്തിനുവേണ്ടി ഗവർമ്മെൻറിലേക്കു എഴുതേണ്ടതാണു്.

ബുക്‌സെലക്ഷനെപ്പററി അടുത്ത കമ്മിററിയിൽ ഒരു പദ്ധതി ഹാജരാക്കുന്നതിനു ശ്രീ. വെട്ടൂർ രാമൻനായരെ ചുമതലപ്പെടുത്തി.

താലൂക്കുയൂണിയന്റെ ഘടന, ഭരണം, യൂണിയനുണ്ടായിരിക്കേണ്ട സ്ഥാനം, യൂണിയനും കേന്ദ്രസംഘവുമായുള്ള ബന്ധം എന്നിവയെ സംബന്ധിച്ചു് ഒരു റിപ്പോർട്ടു് തയ്യാറാക്കാൻ ശ്രീ. വെട്ടൂർ രാമൻനായർ, ശ്രീ. എൻ. പി. വറുഗീസു്, ജനറൽസെക്രട്ടറി എന്നിവരടങ്ങിയ ഒരു സബ്‌കമ്മിററിയെ ചുമതലപ്പെടുത്തി

## അറിയിപ്പു്

1952-53-ലെ അനുവദിക്കപ്പെട്ട ഗ്രാൻറു് 13-3-53-നകം വാങ്ങാൻ സാധിക്കാത്ത ലൈബ്രറികൾക്കു, ഇക്കൊല്ലത്തെ ഗ്രാൻറു് തുക യിൽനിന്നും കൊടുക്കുന്നതിനു് ഗവർമ്മെൻറു് അനുവദിച്ചിരിക്കുന്നു. 31-3-53-നകം മാറാൻ സാധിക്കാത്ത ബില്ലുകൾ സംഘം ആഫീസിലേയ്ക്കു അയച്ചുതന്നിട്ടില്ലാത്തവർ ആ ബില്ലുകളും പുതുതായി രണ്ടു പ്രതിബിൽ ഫാറം പൂരിപ്പിച്ചു് (ഒരുപ്രതി അച്ചടിച്ച ഫാറം) അതും ഉടനെ അയച്ചുതരേണ്ടതാണു്. പുതിയ ബില്ലിൽ ചേർക്കേണ്ട ഓർഡർ നമ്പരും തീയതിയും L. Dis 7435/53 EH 2 dated 28—8—53 ആണു്.

ജനറൽ സിക്രട്ടറി

# ഗ്രന്ഥശാലാവാർത്തകൾ

## കേശവവിലാസം ഗ്രന്ഥശാല-തക്കല

53-8-9-ഞായറാഴ്ച കേശവവിലാസം ഗ്രന്ഥശാലയുടെ ഒരു വിശേഷാൽ പൊതുയോഗം ശ്രീ. ഇ. വി. നാരായണൻ തമ്പി അവർകൾ ബി. ഏ. യുടെ അദ്ധ്യക്ഷതയിൽ കൂടി. അടുത്തതായി ശ്രീ. കെ. വി. മണലിക്കര (സ്ഥിരം പ്രസിഡണ്ട്) ശ്രീ. ഇ. വി. നാരായണൻ തമ്പി ബി. ഏ. (വൈസ് പ്രസിഡൻറ്) ശ്രീ. എസ്. നാരായണൻപോററി (സെക്രട്ടറി) ശ്രീമാന്മാർ ആർ. കേശവൻനായർ രാമമംഗലം, ഈ ബാലകൃഷ്ണൻനായർ മാനേജർ കെ. വി. പ്രസ്സ്, എൻ. കൃഷ്ണപിള്ള പത്മവിലാസം, ജീ. കേശവൻനായർ പൂമുത്തുവീട് വി. ഭാസ്കരൻനായർ കൃഷ്ണവിലാസം, കെ. പരമേശ്വരൻനായർ മുട്ടയ്ക്കാട് ഇവരടങ്ങിയ പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. ഇതരചടങ്ങുകളോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു.

## ഗ്രാമീണവായനശാല പനമ്പുകാട്

പ്രസ്തുത ലൈബ്രറിയുടെ ഒരു പൊതുയോഗം ആഗസ്റ്റ് 9-ാംതീയതി ശ്രീ. എ. പി. ചാത്തൻെറ അദ്ധ്യക്ഷതയിൽകൂടി. അടുത്തകൊല്ലത്തേയ്ക്കു ശ്രീമാന്മാർ എൻ. രാമൻകുട്ടി അച്ഛൻ (അദ്ധ്യക്ഷൻ) എം.എസ്സ്. തങ്കപ്പൻ (സിക്രട്ടറി) കെ. കെ. കേശവൻ (ലൈബ്രറിയൻ) എന്നിവരുൾപ്പെടുന്ന കമ്മിററിയെ തിരഞ്ഞെടുത്തു. അടുത്ത വൃശ്ചികമാസത്തോടുകൂടി കെട്ടിടനിർമ്മാണം പൂർത്തിയാകത്തക്കവണ്ണം പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നിശ്ചയിക്കുകയുണ്ടായി. യോഗത്തിൽ ലൈബ്രറി ആർഗനൈസിംഗ് ഇൻസ്പെക്ടർ ശ്രീ. ടി. എ. മൃത്യുഞ്ജയൻ സന്നിഹിതനായിരുന്നു.

## ടാഗോർ കലാസമിതി ലൈബ്രറി, പോത്താനിക്കാട്

പ്രസ്തുത ലൈബ്രറിയുടെ ഔപചാരികമായ ഉൽഘാടനം ലൈബ്രറി ഓർഗനൈസിംഗ് ഇൻസ്പെക്ടർ ശ്രീ. ടി. എ. മൃത്യുഞ്ജയൻ നിർവഹിക്കുകയുണ്ടായി. യോഗത്തിൽ ഡോ. വൈലോപ്പിള്ളി ബാലൻ അദ്ധ്യക്ഷതവഹിച്ചു. യോഗത്തിൽ ശ്രീ. ഏബ്രഹാം മാടാക്കലും പ്രസംഗിക്കുകയുണ്ടായി. പുസ്തകങ്ങളും പണവും ഉപകരണങ്ങളും സംഭാവനകൊടുത്തവരുടെ പേരുവിവരം ശ്രീ. എബ്രഹാം യോഗത്തിൽ വായിച്ചു.

## കാളിയാർ നാഷണൽ റീഡിംഗ് ക്ലബ്ബ്

കാളിയാർ നാഷണൽ റീഡിംഗ് ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ 15-8-53-ൽ ദേശീയദിനം ആഘോഷിക്കപ്പെട്ടു.

## ഇടക്കാട്ടൂർ ഗ്രാമോദ്ധാരണ വായനശാല

ഇടക്കാട്ടൂർ വില്ലേജുഹാളിൽവച്ച് ശ്രീ. ഏ. അബ്രാഹം മകപ്പള്ളിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ ശ്രീ. എം. ജി. ആൻറണി, മൈലാടിയിൽ ശ്രീ. എം. വി. ഉണ്ണിത്താൻ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

## മഹാത്മാഗാന്ധി ഗ്രന്ഥനിലയം കടക്കര

ശ്രീ. കെ. സി. പെരുമാൾപിള്ളയുടെ ആദ്ധ്യക്ഷ്യത്തിൽ 15-8-53-ൽ വാർഷികം കൊണ്ടാടി. ശ്രീ. ചെന്തിപ്പെരുമാൾപിള്ള, കെ. എസ്. നീലകണ്ഠപ്പിള്ള എം. മഹാദേവൻപിള്ള എന്നിവർ പ്രസംഗിച്ചു. സ്വാതന്ത്ര്യദിനം പ്രമാണിച്ചു കുട്ടികൾക്കു മധുരപലഹാരങ്ങൾ നൽകി.

## Y. M. H. A. വായനശാല പൂവത്തൂർ

പി. ആർ. നാരായണൻനായരുടെ അദ്ധ്യക്ഷതയിൽ സ്വാതന്ത്ര്യദിനാഘോഷയോഗം ആരംഭിച്ചു. അതിനുശേഷം ശ്രീ. ആർ. കെ. കരുണാകരൻനായർ, എം. ജി. മാധവൻപിള്ള, സി. എസ്സ്. ഗോപാലപിള്ള എന്നിവർ പ്രസംഗിക്കുകയുംചെയ്തു.

## നാലുനാക്കൽ വിജയാ ലൈബ്രറി

സ്വാതന്ത്ര്യദിനം സാഘോഷം കൊണ്ടാടുകയുണ്ടായി. മി. എം. വി. ചാക്കോ ബി. എസ്.സി അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ മി. പി. സി. ജേക്കബ്ബ് ബി. എ; പി. വി. റി. ശാസ്ത്രി മുതലായവർ ഓരോ പ്രസംഗം ചെയ്തു.

## ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാല തിരുവനന്തപുരം

1953 ഏപ്രിൽ മുതൽ ജൂൺ 30-ാംനുവരെയുള്ള ക്വാർട്ടറിൽ പ്രസ്തുത ഗ്രന്ഥശാലയിൽ മൊത്തം 7649 പുസ്തകങ്ങൾ വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇതിൽ വായനക്കാർ ധാരാളമായി ആവശ്യപ്പെട്ടുകാണുന്നതു് 5890 അഥവാ മൊത്തത്തിന്റെ 77 ശതമാനം വരുന്ന കഥകളാണു്. 6 ശതമാനം നാടകങ്ങളും 5 ശ. മ. ഇംഗ്ലീഷുപുസ്തകങ്ങളും 3 ശതമാനത്തിൽകൂടുതൽ കാവ്യങ്ങളും വിതരണം ചെയ്യപ്പെട്ടു. ഉപന്യാസം, യാത്രാവിവരണം, ചരിത്രം, മതം, ശാസ്ത്രം, നത്രപണം എന്നിങ്ങനെ മററു വകുപ്പുകളിലെല്ലാംകൂടി വിതരണം ചെയ്തിട്ടുള്ള പുസ്തകങ്ങൾ മൊത്തത്തിന്റെ വെറും 8 ശതമാനം മാത്രമായിരുന്നു എന്നും കാണുന്നു.

---

കുറിപ്പ്:— എല്ലാ വായനശാലകളും, ഓരോമാസവും, മേൽപ്രകാരമുള്ള പുസ്തകവായനക്കണക്കുകൾ, പുസ്തകങ്ങളുടെ വർഗ്ഗം തിരിച്ചു് അറിയിച്ചുതന്നാൽ കൊള്ളാം.

പത്രാധിപർ.

---

## കേരളപുരം ഗ്രാമോദ്ധാരണ പബ്ലിക് ലൈബ്രറി

ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ കേരളപുരം എം. പി. സ്കൂളിൽവച്ചു് ആഗസ്റ്റ് 15 വിവിധപരിപാടികളോടെ വൈകുന്നേരം 4 മണി മുതൽ ആഘോഷിക്കുകയുണ്ടായി.

സി. പി. പരമേശ്വരൻ വൈദ്യൻ അവർകൾ പതാകയുയർത്തി.

മി. കെ. വാമദേവൻ അദ്ധ്യക്ഷതവഹിക്കുകയും, "വായനശാലയും, പൊതുജനങ്ങളും, സാഹിത്യവും" എന്നവിഷയം ആധാരമാക്കിക്കൊണ്ടു് സുദീർഘമായ ഒരുപന്യാസം ശ്രീ. കേരളപുരം കെ. ആർ. വി. ധരൻ എഴുതി വായിക്കുകയും കെടാമംഗലത്തിന്റെ "ഞങ്ങൾ ചോദിയ്ക്കും" എന്ന കവിത ശ്രീ.ഏ. ശിവാനന്ദൻ പാരായണം നടത്തുകയും ചെയ്തു.

## മഹാത്മാസ്മാരക ലൈബ്രറി ഇടയാഴം

ആഗസ്റ്റ് പതിനഞ്ചിനു് വായനശാലാഹാളിൽവച്ചു് ശ്രീമാൻ കെ. വേലായുധൻനായർ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു മഹായോഗംകൂടുകയുണ്ടായി. യോഗത്തിൽ മെ. പി. എൻ. നീലകണ്ഠൻനായർ, കെ. പി. ചെല്ലപ്പൻനായർ, കെ. നീലകണ്ഠൻനമ്പൂതിരി എന്നിവരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു.

## ജവഹർ റീഡിംഗ്ക്ലബ്ബ് തെക്കുംഭാഗം

ഈ ഗ്രന്ഥശാലയുടെ മൂന്നാമതു വാർഷികസമ്മേളനം 953 ആഗസ്റ്റ് 2-ാം തീയതി റവ: ഫാ: ജോർജ്ജ് പിട്ടാപ്പിള്ളിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി.

വാർഷികയോഗാനന്തരം അംഗങ്ങളുടെ പൊതുയോഗംകൂടി ശ്രീ. എം. ഡി. ജോസഫ് ബി. എ. ബി.കോം, ഏ. സി. എ. പ്രസിഡണ്ടായും, ശ്രീ. റി. പി. ജോർജ്ജ് വൈസ്പ്രസി

ഡണ്ടായും ശ്രീ. ജോസു ജെ. ചേലാക്കണ്ടം സെക്രട്ടറിയായും മെ. വി. ജെ. ജോർജ്ജ്, ജോസ്, പൂവന്തിക്കുന്നേൽ എന്നിവർ ജോയിൻറ് സെക്രട്ടറിമാരായും ഉള്ള പന്ത്രണ്ടുപേരടങ്ങിയ ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തു.

## ഓണക്കൂർ ദേശീയവായനശാല

സ്ഥലം വായനശാലയുടെ ആഭിമുഖ്യത്തിൽ ഇന്നേദിവസം പഞ്ചായത്തുമെംബർ മി. കെ. കെ. പിലിപ്പോസ് അവർകളുടെ അദ്ധ്യക്ഷതയിൽ സ്വാതന്ത്ര്യദിനം ആഘോഷപൂർവ്വം കൊണ്ടാടി. അദ്ധ്യക്ഷൻെറ വിജ്ഞേയമായ ഉപക്രമപ്രസംഗാനന്തരം ശ്രീമാന്മാർ എ. എസ്സ്. നാരായണൻനായർ, വി. കെ. രാമചന്ദ്രൻനായർ, മി. പി. എബ്രഹാം എന്നിവർ സാരഗർഭവും വിജ്ഞാനപ്രദവുമായ ഓരോ പ്രസംഗങ്ങൾ നടത്തി. അനന്തരം ഇതര ചടങ്ങുകൾക്കുശേഷം യോഗം സമംഗളം പിരിഞ്ഞു.

## തുമ്പമൺ പബ്ളിക്ക ലൈബ്രറി & റീഡിംഗ്റൂം

ഇൻഡ്യൻ സ്വാതന്ത്ര്യദിനം പ്രമാണിച്ച് 15-8-53-ൽ ഒരു പൊതുയോഗംകൂടി. റവ: ററി. പി. കൊച്ചുകോശി ഡീക്കൻ ബി. എ, ബി. ററി. ആദ്ധ്യക്ഷ്യം വഹിച്ച പ്രസ്തുതയോഗം, ലൈബ്രറി സ്ഥിരംപ്രസിഡണ്ട് ഉൽഘാടനം ചെയ്തു. ഭാരതസ്വാതന്ത്ര്യത്തിൻെറ ചരിത്രപരവും, രാഷ്ട്രീയവുമായ നിലപാടുകൾ വിശദീകരിച്ചുകൊണ്ട് ശ്രീ. കെ. ജി. ജോർജ്ജ് ബി. എ. എൽ. എൽ. ബി., ശ്രീ. പി. ഡി. മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. ജയ്ഹിന്ദ് വിളികളോടെ യോഗം പിരിഞ്ഞു.

## ബി. എം. ലൈബ്രററി നാഗഞ്ചേരി

എം. കെ. കൃഷ്ണൻനായർ ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ ഇയ്യാണ്ടത്തെ സ്വാതന്ത്ര്യദിനം പൂർവാധികം ഭംഗിയായികൊണ്ടാടി. ശ്രീ. ജേക്കബ്ബ് ജോർജിൻെറ പ്രസംഗം ശ്രോതാക്കളെ സ്വാതന്ത്ര്യദിനാചരണത്തിൻെറ ആവശ്യകതയെ വെളിപ്പെടുത്തികാണിച്ചു.

## ഫ്രൻഡ്സ്ക്ലബ്–കീക്കൊഴൂർ

"ടി ഫ്രൺഡ്സ്ക്ലബ്ബിൻെറ ഒരു പൊതുയോഗം 23-8-1953 ശനിയാഴ്ച പകൽ 10 മണിക്കു വായനശാലാഹാളിൽ കൂടുകയുണ്ടായി. കഴിഞ്ഞമൂന്നുമാസത്തെ പ്രവത്തനവിവരം സെക്രട്ടറി പ്രസ്താവിച്ചു.

ക്ലബ്ബ്. വക കെട്ടിടത്തിൻെറ ബാക്കി പണി ഉടനെ തുടർന്നുനടത്തുവാനും, ലൈബ്രറിയിലേക്ക് ആവശ്യമുള്ള പുസ്തകങ്ങൾ ഉടനെ വാങ്ങി ശേഖരിക്കുന്നതിനും തീരുമാനിച്ചു.

## പബ്ളിക് ലൈബ്രറി, കണ്ടല

കണ്ടല പബ്ളിക്ലൈബ്രറിയുടെ പുതിയ കെട്ടിടത്തിൻെറ ശിലാസ്ഥാപനം കണ്ടല വലിയ വീട്ടിൽ മി. വേലായുധൻനായർ അവർകൾ നിർവ്വഹിച്ചിരിക്കുന്നു.

## ഗാന്ധിജിസ്മാരക വായനശാല

ഈ വായനശാലയുടെ ഭാരവാഹികളായി ശ്രീമാൻ, ആർ. ശ്രീധരൻനായർ പ്രസിഡൻറായും, വി. കെ. ജനാർദ്ദനൻ, വൈസ്പ്രസിഡൻറായും, ജെ. ചെല്ലയ്യൻ, സെക്രട്ടറിയായും, പി. സിദ്ധാത്ഥൻ ജായിൻറ് സെക്രട്ടറിയായും, എൻ. ശിവാനന്ദൻ ലൈബ്രേറിയനായും, കെ. പൊന്നയ്യൻ, ഖജാൻജിയായും, 19 പേരടങ്ങിയ, ഒരു ഭരണസമിതി രൂപീകരിച്ചു് പ്രവത്തനം നടത്തിവരുന്നു.

## ആനന്ദപ്രദായിനി ഗ്രന്ഥശാല ആലപ്പുഴ

പ്രസ്തുത വായനശാലയുടെ വാർഷികസമ്മേളനം ആഗസ്റ്റ് 16-ാംതീയതി നടത്തി. സ്ഥാപ

നത്തിനു് ഇപ്പോൾ 5000-ത്തിൽപ്പരം പുസ്തകങ്ങളും 361 അംഗങ്ങളും ഉണ്ടു്. റിപ്പോർട്ടുവർഷത്തിൽ 13151 പുസ്തകങ്ങൾ വിതരണം നടത്തുകയുണ്ടായി. വായനശാലയിൽ 12 ദിനപപ്പത്രങ്ങളും 9 ആഴ്ചപ്പതിപ്പുകളും 24 മാസികകളും വരുത്തുന്നു. ജനങ്ങളിൽ പൗരബോധം വളർത്തുന്നതിനു സ്റ്റഡിഗ്രൂപ്പുകൾ നടത്തി വരുന്നുണ്ടു്.

ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ വൈപരീത്യം, യുവകവി എന്നീ രണ്ടു നാടകഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

## സഹൃദയവായനശാല കാഞ്ഞിരപ്പള്ളി

1953-ലെ വാർഷികറിപ്പോർട്ടിലെ പ്രധാന വിവരങ്ങൾ-അരലക്ഷം രൂപാ വിലയുള്ള സ്വന്തം സ്ഥലവും കെട്ടിടവും ആയിരം രൂപാ വിലപിടിപ്പുള്ള ഉപകരണങ്ങളും 5000 ത്തിൽപ്പരം വരുന്ന ഗ്രന്ഥസമുച്ചയവും ഈ സ്ഥാപനത്തിനുണ്ടു്. പ്രതിദിനം 150 പേരോളം വായനശാല സന്ദർശിക്കുകയും 20-ഓളം പുസ്തകം വിതരണം നടത്തുകയും ചെയ്യുന്നു. 371 അംഗങ്ങൾ ഉണ്ടു്. 3933 രൂ. വരവും 3412 രൂ. ചെലവും ഉള്ളതായി കാണുന്നു.

## പഴഞ്ഞിവില്ലേജ് ലൈബ്രറി & റീഡിങ്ങ്റൂം

പ്രസ്തുത വായനശാലയുടെ പതിനാറാമത്തെ വാർഷികസമ്മേളനം 1953 ആഗസ്റ്റ് 16-ാംനു- പഴഞ്ഞി പരസ്പര സഹായസംഘം ഹോളിൽവെച്ചു് ശ്രീമാൻ. എ. കെ. വിശ്വനാഥൻ ബി. എ എൽ. ടി. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ വിവിധകലാപ്രകടനങ്ങളോടുകൂടി ആഘോഷിക്കുകയുണ്ടായി. തദവസരത്തിൽ വിദ്വാൻ കെ. ഗംഗാധരപണിക്കരും, ശ്രീമാൻ. എം. ആർ. കഞ്ഞുണ്ണി ബി. എ. അവർകളും ഓരോ പ്രസംഗങ്ങൾ നടത്തി. അടുത്ത ഒരു കൊല്ലത്തേക്കു ഭരണസമിതി അംഗങ്ങളായി. ശ്രീമാൻ കെ. ഐ. മാത്തപ്പൻ ബി. എ. എൽ. ടി. പ്രസിഡൻറു്, പി. സി. ജോസഫ് സിക്രട്ടറി, സി. പി. കൊച്ചുണ്ണി, ലൈബ്രറിയൻ, പി. ടി. ശമുവേൽ. സി. ഐ. താരു, വി സി. ചാക്കൊ, പി. യു. കൊച്ചുണ്ണി എന്നിവരെ തിരഞ്ഞെടുത്തു.

## ഉടുമ്പന്നൂർ യുവജനസമാജം ഗ്രന്ഥശാല

പ്രസ്തുത ഗ്രന്ഥശാലയുടെ വിശേഷാൽ യോഗം 20-8-53ൽ സ്ഥലം പഞ്ചായത്തു പ്രസിഡൻറു് ശ്രീ ററി. എസ്സ് വക്കി അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. ഗ്രന്ഥശാലയുടെ ജോയിൻറ്സെക്രട്ടറിയായ ശ്രീ സി. സി. ഉലഹന്നാൻെറ രാജി സ്വീകരിക്കയും തൽസ്ഥാനത്തേക്കു് ശ്രീ പി. എസ്. കൃഷ്ണപിള്ളയെ തിരഞ്ഞെടുക്കയും ചെയ്തു. മൂന്നു് അംഗങ്ങളെക്കൂടി കമ്മററിയിൽ കോപ്റ്റചെയ്തു് കമ്മററിഅംഗസംഖ്യ ഒൻപതായി വർദ്ധിപ്പിക്കുന്നതനു് പ്രസിഡൻറിനെ ചുമതലപ്പെടുത്തി.

## ശ്രീജ്ഞാനോദയസംഘം ഗ്രന്ഥശാല പേരേററിൽ

ഈ ഗ്രന്ഥശാലയോടനുബന്ധിച്ചു നടന്നു വരുന്ന സാഹിത്യസമാജത്തിൻെറ രണ്ടാമതു് വാർഷികയോഗം 24-8-53 ശ്രീ. പുരുഷോത്തമശർമ്മ ബി. എ. യുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ ശ്രീ. വി. വിദ്യാധരൻ സ്വാഗതപ്രസംഗം നടത്തുകയും ശ്രീമാന്മാർ വി. കേശവപിള്ള. യൂ. എം. ഇസ്മയിൽ, ജി. ശ്രീധരൻപിള്ള എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

## മഹാത്മാഗാന്ധി ഗ്രന്ഥശാല വിളപൂക്കൽ

വിളപൂക്കൽ മഹാത്മാഗാന്ധി സ്മാരക ഗ്രന്ഥശാല (നമ്പർ 1071) യ്ക്കു് പുതിയകെട്ടിടം പണിയിക്കുന്നതിനുവേണ്ടി 100 രൂപ വിലയുള്ള 3 സെൻറു് സ്ഥലം പുളിയറത്തലവീട്ടിൽ (വിളപൂക്കൽ) ശ്രീ. കെ. വേലായുധൻനായർ സംഭാവനയായി കൊടുത്തിരിക്കുന്നു.

### ഗ്രാമീണവായനശാല, വടവുകോട്ട്.

ഈ വായനശാലയുടെ ഒരു പൊതുയോഗം വായനശാല പ്രസിഡണ്ടു് ശ്രീമാൻ എൻ. കെ. സ്ലീബാ അവർകളുടെ അദ്ധ്യക്ഷതയിൽ പകൽ 4 മണിക്കു് കൂടി.

അടുത്ത ഒരുകൊല്ലത്തേക്കു് ശ്രീ. എം. കെ. മാത്യു B Sc. B. T. യെ പ്രസിഡണ്ടായും ശ്രീ. കെ. പി. ഉലഹന്നാനെ സിക്രട്ടറി & ലൈബ്രേറിയനായും ശ്രീമാന്മാർ എൻ. കെ. സ്ലീബ, കെ. എമത്തായി B Sc കെ. എസ്. നാരായണൻകർത്താ എന്നിവരെ കമ്മററിഅംഗങ്ങളായും തിരഞ്ഞെടുത്തു.

### മംഗളോദയം വായനശാല പടിഞ്ഞാറെ കടുങ്ങല്ലൂർ

സ്ഥലത്തെ ഒരു പൗരപ്രമുഖനായ മംഗലത്തു ആയ്യഞ്ചേരി മഠത്തിൽ ശ്രീ. ആർ. ഗോവിന്ദൻ കർത്താവു് ഈ വായനശാലക്കു് ആവശ്യമുള്ള സ്ഥലവും കെട്ടിടവും സൗജന്യമായി നൽകാമെന്നു് വാഗ്ദാനം ചെയ്തിരിക്കുന്നു.

### വാണികളേബരം റീഡിംഗ്റൂം & ലൈബ്രറി

ഒരു പൊതുയോഗം 953 ആഗസ്റ്റ് 23-ാംനു- ശ്രീ. വി. ശ്രീധരൻ മൂത്തതു് അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. അദ്ധ്യക്ഷൻ സാരഗർഭമായ ഒരു പ്രസംഗം ചെയ്തു. വായനശാലാപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ട ആവശ്യകതയെക്കുറിച്ചു പല അംഗങ്ങളും സംസാരിച്ചു. ഒരു പിരിവു് നടത്തുന്നതിനു്, ബ്രഹ്മശ്രീ. ഇരവിരവി നമ്പൂരിപ്പാട്ടു് (പ്രസിഡൻറ്) ശ്രീമാന്മാർ, പി. രാമകൃഷ്ണൻനായർ (സിക്രട്ടറി) വി. ശ്രീധരൻ മൂത്തതു്. എ.എൻ. ഗോപിനാഥൻനായർ, എസ് നീലകണ്ഠവാര്യർ എന്നിവരടങ്ങിയ ഒരു സബ് കമ്മററിയെ തിരഞ്ഞെടുത്തു.

### ഗ്രാമഃസവാസംഘം—പരവൂർ

ഈ ഗ്രന്ഥശാലയുടെ ഒരു വിശേഷാൽ പൊതുയോഗം 1953 ആഗസ്ററു് 23-ാംതീയതി ഗ്രന്ഥശാലാ ഹാളിൽവച്ചു് സ്ഥലം പഞ്ചായത്തു മെമ്പർ ശ്രീമാൻ ജീ. കുമാരപിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി.

ഈ ഗ്രന്ഥശാലയ്ക്കു് കുത്തക്കോട്ടു തട്ടവിളാകത്തു പുത്തൻവീട്ടിൽ ശ്രീമാൻ എ. നാരായണപിള്ള അവർകൾ സംഭാവന ചെയ്തിട്ടുള്ള സ്ഥലത്തു് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു് 80 രൂപായുടെ വാഗ്ദാനം ലഭിച്ചു. കൂടാതെ ശ്രീമാൻ എം. വേലുക്കുട്ടിപ്പിള്ള പ്രസിഡൻറായും എസ്സ്. നാരായണപിള്ള സെക്രട്ടറിയായും ഒൻപതുപേരടങ്ങിയ ഒരു ഭരണസമിതിയെയും തെരഞ്ഞെടുത്തശേഷം യോഗം കൃത്യം 6-30 നു് പര്യവസാനിച്ചു.

### ശ്രീ മഹാകവി കുമാരവൈജയന്തി ഗ്രന്ഥശാലാ & വായനശാല കളർകോട്

പ്രസ്തുത ഗ്രന്ഥശാലയുടെ 15-ാമതു വാർഷിക ബിസ്സിനസ്സ്യോഗം 24-8-1953 വായനശാലാ ഹാളിൽവച്ചു് സ്ഥിരം പ്രസിഡൻറ് മി. കളർകോട്ടു് നാരായണൻ ബി. എ., ബി. എൽ. ൻെറ അദ്ധ്യക്ഷതയിൽകൂടി.

മി. കളർകോടു് നാരായണൻ ബി. എ. ബി. എൽ. പ്രസിഡൻറായും, വി. എ. ബാവ സിക്രട്ടറിയായും, മീ. ബി. ഭാസ്കരൻ, ആർ. പുരുഷോത്തമൻ എന്നിവർ യഥാക്രമം വൈ: പ്രസിഡൻ്, ജായൻറ് സിക്രട്ടറിമാരായുള്ള പുതിയ ഭരണസമിതിയെ യോഗം തിരഞ്ഞെടുത്തു.

### കോളിയൂർ മഹാത്മാഗാന്ധി സ്മാരക ഗ്രന്ഥശാല (വെങ്ങാനൂർ P. O.)

ഈ വായനശാലയുടെ യോഗം ശ്രീ പി. കുഞ്ഞൻനാടാരുടെ അദ്ധ്യക്ഷതയിലും താലൂക്കു ലൈബ്രറി ഓർഗനൈസിംഗ് ഇൻസ്പെക്ടർ ശ്രീ

പി. ജോൺറോസ് B.Sc.യുടെ സാന്നിദ്ധ്യത്തിലും 25-8-53ൽ നടന്നിരിക്കുന്നു. യോഗത്തിൽവച്ചു് ശ്രീ പി. കുഞ്ഞൻനാടാരെ സെക്രട്ടറിയായി തിരഞ്ഞെടുത്തു. അടുത്തുള്ള കോളിയൂർ യുവജനസമാജം വായനശാലയെക്കൂടി യോജിപ്പിച്ചു പ്രവർത്തനം വിപുലീകരിക്കണമെന്നും കമ്മററി തീരുമാനിച്ചു.

### യൂണിയൻ ക്ലബ്ബ് & റീഡിംഗ്റൂം

### വാകത്താനം രജിസ്റ്റർ നമ്പർ 1350

പ്രസ്തുത വായനശാലയുടെ പൊതുയോഗം സ്ഥിരം പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ കൂടി എം. വി. തോമ്മസ് പ്രസിഡൻറായും, കെ. എം. ചാക്കോ സെക്രട്ടറിയായും, സി. എൽ. മാർക്കോസ് ഖജാൻജിയായും ഒൻപതു പേരടങ്ങിയ ഭരണസമിതിയെ തെരഞ്ഞെടുത്തിരിക്കുന്നു.

### ഗ്രാമീണവായനശാല കൂനംമൂച്ചി

സ്ഥലം ഗ്രാമീണവായനശാലയുടെ പ്രസിഡണ്ടായിരുന്ന ശ്രീ. പി. എ. ലാസർമാസ്റ്ററുടെ അകാലനിര്യാണത്തിൽ അനുശോചിക്കുന്നതിന്നായി റഫ: ഫാ പോറംമഞ്ഞളിയുടെ അദ്ധ്യക്ഷതയിൽ വായനശാലഹാളിൽവെച്ചു ഒരു പൊതുയോഗം കൂടുകയുണ്ടായി.

### കറുകച്ചാൽ പീപ്പിൾസ് ലൈബ്രറി

ടി സ്ഥാപനത്തിന് ഒരു കെട്ടിടം പണിയുന്ന ആവശ്യത്തിലേക്ക്, സ്ഥലത്തെ ഒരു വ്യവസായിയും പൊതുക്കാര്യ പ്രസക്തനുമായ മംഗലത്തുവീട്ടിൽ ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ അവർകൾ കറുകച്ചാൽ കവലയ്ക്കുസമീപം നാലുസെൻറു സ്ഥലം സംഭാവനയായി തരികയും ടി സ്ഥലത്തു് ഉടനെ കെട്ടിടം പണി ആരംഭിക്കണമെന്നു് വായനശാലാപ്രവർത്തകർ നിശ്ചയിക്കുകയും ചെയ്തു.

### സാഹിത്യപോഷിണി വായനശാല ചതുർത്ഥ്യാകരി

പ്രസ്തുത വായനശാലയുടെ '53-54ലെ ഭരണസമിതി അംഗങ്ങളായി മെസ്സേഴ്സ് വി. രാഘവൻപിള്ള, ഡി. പുരുഷോത്തമക്കുറുപ്പു് എൻ. ഭരതൻനായർ, എം. കെ. പുരുഷോത്തമദാസ്, പി. കെ. ഗോവിന്ദപ്പിള്ള, എൻ. ചെല്ലപ്പൻപിള്ള, എൻ. ലക്ഷ്മണക്കുറുപ്പു്, സി. വി. ഗോവിന്ദപ്പിള്ള, എൻ. കരുണാകരൻനായർ എന്നിവരെ തിരഞ്ഞെടുത്തു. മെസ്സേഴ്സ് വി. രാഘവൻപിള്ള, എൻ. ചെല്ലപ്പൻപിള്ള, ഡി. പുരുഷോത്തമക്കുറുപ്പു് ഇവരെ യഥാക്രമം പ്രസിഡൻറ്, വൈസ്പ്രസിഡൻറ്, സെക്രട്ടറി, ഖജാൻജി സ്ഥാനങ്ങളിലേക്കും തിരഞ്ഞെടുത്തു.

---

## ഗ്രന്ഥശാലാ സെക്രട്ടറിമാർ ഉടനടി ശ്രദ്ധിക്കേണ്ടതു്

ചുവടേ ചേർക്കുന്ന വിവരങ്ങൾ ഉടൻ ആഫീസിൽ അറിയേണ്ടിയിരിക്കുന്നു

1. 1953 മാർച്ച് 31-ാംനു- നിങ്ങളുടെ ഗ്രന്ഥശാലയിൽ സ്റ്റാക്കിൽ ഉണ്ടായിരുന്ന മൊത്തം പുസ്തകങ്ങളുടെ എണ്ണം.
2. ടി തീയതി അവസാനിച്ച വർഷത്തിൽ വിതരണംചെയ്ത പുസ്തകങ്ങളുടെ എണ്ണം.
3. വായനശാലയിൽവച്ചു് തന്നാണ്ടിൽ പാരായണം ചെയ്യപ്പെട്ട പുസ്തകങ്ങളുടെ എണ്ണം.
4. 1952-3-31-മുതൽ 1953-3-31-വരെ ചിലവായ തുക.

ഈ വിവരങ്ങൾ ഇൻഡ്യാഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുള്ളതാണ്. 30-9-53-നു മുമ്പു ഡൽഹിയിലെത്തിക്കത്തക്കവിധം ഓരോരുത്തരും സ്റ്റേറ്റ്മെൻറ് തയ്യാറാക്കി അയപ്പാനപേക്ഷ.

ജനറൽസെക്രട്ടറി.

### ഗ്രാമീണവായനശാല, അടാട്ട്.

ആഗസ്റ്റ് 15-ാംതീയതി സ്വാതന്ത്ര്യദിനം പ്രമാണിച്ച് വായനശാലയിൽവച്ച് ശ്രീ പി. ആർ. ബാലൻ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയും ശ്രീ. ടി. ഗോപാലൻനായർ സ്വാതന്ത്ര്യദിനത്തെക്കുറിച്ചും ഭൂദാനയജ്ഞത്തെക്കുറിച്ചും പ്രസംഗിക്കുകയും ചെയ്തു.

### എരുമത്തല, വിദ്യാവിനോദിനി വായനശാല

ഈ വായനലാലയുടെ പുതിയ മന്ദിരം 1953 ആഗസ്റ്റ് 26-ാംതീയതി ഡാക്ടർ ആർ. എം. അളഗപ്പചെട്ടിയാർ ഉൽഘാടനം ചെയ്തു. വായനശാലാമന്ദിരം സ്ഥിതിചെയ്യുന്ന സ്ഥലം അതിന്റെ പ്രസിഡന്റായ മി. പി. കെ. വേലായുധൻ സംഭാവന ചെയ്തിട്ടുള്ളതാണു്.

കിഴ്മാട്ട്വില്ലേജ് പഞ്ചായത്തു പ്രസിഡന്റ് മി. ജെ. തോമസ്സിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഗ്രാമീണരുടെ സാംസ്ക്കാരികോന്നമനത്തിൽ വായനശാലയ്ക്കുള്ള ചുമതലകളെക്കുറിച്ച് ഉൽബോധിപ്പിക്കുകയും മി. ഡബ്ളിയു. ഒ. ജോർജ്ജ്, വിദ്യാവിനോദിനി വായനശാല ചെയ്തിട്ടുള്ള സേവനങ്ങളെ പ്രശംസിച്ചുപ്രസംഗിക്കുകയുമുണ്ടായി. ഡാക്ടർ ചെട്ടിയാരുടെ ഉൽഘാടനപ്രസംഗത്തിൽ എരുമത്തല ഗ്രാമം അളഗപ്പനഗറിന്റെ മാതൃകയിൽ ഉയർത്തുവാൻ പരിശ്രമിക്കുമെന്നു വാഗ്ദത്തം ചെയ്യുകയും ചെയ്തു. അനന്തരം സമ്മേളനം സമംഗളമായി സമാപിച്ചു.


# സ്കൂളിലും കാളേജിലും

## പോകാതെ

അക്ഷരം മുതൽ ആരംഭിച്ചു 1 വർഷത്തിനകം ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ എഴുതാൻ വായിക്കാൻ—സംഭാഷണം ചെയ്യാൻ—പ്രാപ്തി ലഭിക്കും. വിവരത്തിനു ഒരു കാർഡയക്കുക.

We Offer Efficient Postal Tuition—FOR

S. S. L. C. (Travancore-Cochin), Madras Matriculation, Benares Matriculation (Mataematics and Science not compulsory. No age restriction) Ajmer Intermediate, Nagpur Intermediate and B. A. (for ladies only) & Nagpur M. A. For details apply with 8 as stamps stating the class in which you studied last and your age.

"I have passed the B. A. Degree Examination. It is really your coaching which helped me to pass."

**Achamma Punnoose**, Naduvathara Estate, Kanakappalam.

20/ Pet Platoon, A. S. C. Bangalore, 21 6-52

"I have passed the Intermediate Examination. I can undoubtedly say that I had an efficient Course of Postal tuition from you. In other words your exhaustive and well prepared notes toogether with related questions at the end of every lesson enabled me to understand the lessons thoroughly.

**(Sd) P. Brahmanandan.**

*Apply to:—*

കേംബ്രിഡ്ജ് കാളേജ്, കൈതമുക്ക്, തിരുവനന്തപുരം.

# ശ്രീരാമവിലാസംപ്രസ്സ് വക ചില പ്രസിദ്ധീകരണങ്ങൾ

| | | | | |
|---|---|---|---|---|
| **നോവലുകൾ:–** | | | | |
| ബാങ്കർ ചന്ദ്രശേഖരൻ— | കോട്ടവിള വി. പുരുഷോത്തമപ്പണിക്കർ | 1 | 8 | 0 |
| പ്രണയപാശം | കെ. ദാമോദരൻ B. A. | 2 | 0 | 0 |
| ചമ്പകമാല | സി. എസ്സ്. സുബ്രഹ്മണ്യൻപോററി M. A. | 1 | 0 | 0 |
| ദൌരംഗിണി | കെ. എം പണിക്കർ. ബാരിസ്റ്റർ അററലാ | 1 | 4 | 0 |
| അത്ഭുതാപ്രമം | കെ. ഗോപാലപിള്ള B. A. | 1 | 0 | 0 |
| സുവർണ്ണകുമാരി | ബി. ജി. കുറുപ്പ് | 1 | 2 | 0 |
| കമലാഭായി | എം. കെ. ഗോവിന്ദപ്പിള്ള | 1 | 8 | 0 |
| ഇന്ദിര | കെ. ദാമോദരൻ B A. | 2 | 8 | 0 |
| താരാഭായി | എം. കെ. ഗോവിന്ദപ്പിള്ള | 1 | 8 | 0 |
| കാലൻെറ കൊലയറ | റാവുസാഹിബ് ഒ. എം. ചെറിയാൻ | 1 | 8 | 0 |
| പൊയ്പോയ ലോകം | വിവത്തകൻ S നാരായണപിള്ള B.A.B.L. | 2 | 4 | 0 |
| വാസിനി | എൻ. ബാപ്പുറാവു B. A. B. L. | 1 | 8 | 0 |
| ലതിക | കെ. ഭാരതിഅമ്മ | 1 | 8 | 0 |
| വീരകേസരി | കെ. മാധവിഅമ്മ | 1 | 8 | 0 |
| അംഗനാചുംബനം I II & III | കെ. പരമേശ്വരൻപിള്ള | 4 | 8 | 0 |
| വെണ്മാടത്തിലെറാണി | കെ. ഭാരതിഅമ്മ | 1 | 4 | 0 |
| അമീർഹംസ സെററ് | എം. ആർ നാരായണപിള്ള | 3 | 12 | 0 |
| രാഗവല്ലരി | Dr പി. എസ്. നായർ | 1 | 4 | 0 |
| അരമനരഹസ്യം | എം. ആർ. നാരായണപിള്ള | 1 | 8 | 0 |
| മംഗളാംബിക | ഒ. എൻ. കരുണാകരക്കുറുപ്പ് | 2 | 0 | 0 |
| **വേദാന്തഗ്രന്ഥങ്ങൾ:–** | | | | |
| അദ്ധ്യാത്മചിന്താമണി | വിവത്തകൻ വടയാററുകോട്ട കെ. പരമേശ്വരൻപിള്ള | 1 | 8 | 0 |
| രാമതീർത്ഥപ്രതിധ്വനികൾ 1 മുതൽ 7 വരെ തരംഗങ്ങൾ | വിവത്തകൻ ററി. ആർ. നാരായണൻനമ്പ്യാർ B.A.B.L. വില ഓരോ തരംഗത്തിനും | 1 | 8 | 0 |
| ഹംസയോഗചന്ദ്രിക | ശ്രീയുത് ഭൈരവാനന്ദ യോഗീന്ദ്രനാഥ് | 2 | 4 | 0 |
| ഹഠയോഗപ്രദീപിക | മഹോപാദ്ധ്യായ എൻ. രാമൻപിള്ള | 0 | 12 | 0 |
| ഗീതാപ്രവചനം | ആചാര്യ വിനോബാ | 2 | 8 | 0 |
| ന്യൂ ഇംഗ്ലീഷ് മലയാളം ഡിക്ഷ്ണറി | മേനിക്കടലാസ്സ് മുഴുക്കാലിക്കോബയൻറ് | 7 | 8 | 0 |
| ,, | റഫ് ,, ,, | 6 | 8 | 0 |
| ,, | ,, സാധാരണ ,, | 6 | 0 | 0 |
| ആധുനിക ഹിന്ദി മലയാളം സംക്ഷിപ്ത ശബ്ദകോശ് | | 3 | 8 | 0 |
| 60 ഗ്രൂമ്മൾക്കഥകൾ | മേനി, തോൽകാലിക്കോ ,, | 7 | 0 | 0 |
| ,, | റഫ് സാധാരണ ,, | 4 | 0 | 0 |
| ആട്ടക്കഥകൾ Vol I | മേനിക്കടലാസ് | 6 | 0 | 0 |
| | റഫ് ,, | 5 | 8 | 0 |

N. B. കേരളത്തിലെ ഇതര പ്രസിദ്ധീകരണശാലക്കാരുടെ വക എല്ലാ പുസ്തകങ്ങളും ഞങ്ങളുടെ പക്കൽനിന്നും എപ്പോഴും കിട്ടുന്നതാണ്.

ശ്രീരാമവിലാസം ബുക്ക്ഡിപ്പോ, കൊല്ലം.

L. No. 592 20-7-'48, Reg. No. T. 189 M. 5854

THE GRANDHALOKAM
**Monthly Journal of**
**Trav-Cochin Library Association**
*Managing Editor:*
P. SREEDHARAN PILLAI B. A.

## പരസ്യനിരക്കു്

| | രൂ. |
|---|---|
| പുറം കവർ മുഴുവൻപേജ് ഒരുതവണക്കു് | 70 |
| രണ്ടാം കവർ പേജ് | 60 |
| മൂന്നാം കവർ പേജ് | 50 |
| വേറെ ഏതെങ്കിലും പേജ് | 40 |
| പകുതിപേജ് | 25 |
| കാൽപേജ് | 15 |
| കാൽപേജിൽ കുറവായാൽ | 10 |

മൂന്നുമാസമോ കൂടുതലോ കാലത്തേയ്ക്കുള്ള പരസ്യങ്ങൾക്കു കുറഞ്ഞ പ്രത്യേകനിരക്കു്. അതിന്റെ വിവരം എഴുതിച്ചോദിക്കുക.

## ലേഖനങ്ങൾ

കടലാസ്സിന്റെ ഒരു വശത്തുമാത്രം മഷി കൊണ്ടു് എഴുതിയതായിരിക്കണം. അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ രണ്ടു പ്രതിവീതം അയച്ചിരിക്കണം. മാസികയ്ക്കുള്ള അപേക്ഷകൾ, മണിയാർഡറുകൾ, കത്തുകൾ, മാററപ്പത്രങ്ങൾ തുടങ്ങിയവ എല്ലാം ചുവടേ ചേർക്കുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണു്.

മാനേജിംഗ് എഡിററർ
ഗ്രന്ഥാലോകം
തിരുവനന്തപുരം 4.

Vol. 5, No. 8, Pp. 48, August 1953.

Printed and published by P. N. Panicker for the Travancore-Cochin Grandhasala Samgham at the Prakash Printing & Publishing House, Trivandrum.